# കമാലിയ

## പ്രവാസ സ്വപ്നത്തിന്റെ പൂർണത



PALODE PRAVASI KOOTTAYMA

പാലോട്
പ്രവാസി
കൂട്ടായ്മ

പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017

# സമർപ്പണം



വര – അരുൺ ജി.ആർ

സഹ്യമലയുടെ കാവൽക്കാരൻ ഡോ. കമറുദ്ദീൻ

പ്രിയപ്പെട്ട അദ്ധ്യാപകൻ, മനുഷ്യസ്നേഹി, പ്രകൃതിയുടെ പോരാളി

തന്റെ കണ്ണും കാതും പ്രകൃതി ചൂഷകർക്കെതിരെ തുറന്നു വച്ച കാപട്യമില്ലാത്ത പരിസ്ഥിതി സ്നേഹി, പ്രശസ്തി ആഗ്രഹിക്കാത്ത പച്ചയായ മനുഷ്യൻ. എന്നിങ്ങനെ പറഞ്ഞാൽ തീരാത്ത വിശേഷണങ്ങൾ ഉണ്ട് ഡോക്ടർ.കമറുദ്ദീൻ സാറിന്.

കമറുദ്ദീൻ സാർ ജീവിച്ചത് ഓരോ മനുഷ്യരുടെയും മനസ്സിലാണ്. പ്രകൃതിയെ സ്നേഹിക്കുന്നത് വാക്കുകളിലൂടെയല്ല പ്രവർത്തിയിലൂടെയാണെന്ന് ഒരു തലമുറയെ മുഴുവൻ തന്റെ ചുരുങ്ങിയ ജീവിതം കൊണ്ട് പഠിപ്പിച്ച ഈ അദ്ധ്യാപകനു വേണ്ടി, പ്രകൃതിയെ ഒരുപാട് സ്നേഹിച്ച ഈ പച്ചപ്പിനെ നെഞ്ചോട് ചേർത്ത് സ്നേഹിച്ച ഒരു നാടിനും നാട്ടുകാർക്കും വേണ്ടി അധികാരികൾക്ക് മുന്നിൽ മനസ്സ് വിതുമ്പിയ ആ മനുഷ്യ സ്നേഹിക്ക്, ഏറ്റെടുത്ത കാര്യങ്ങൾ മുഴുവൻ പൂർത്തിയാക്കി കാണിച്ചു തന്ന് "പൂർണത" എന്നർഥമുള്ള "കമാലിയ"എന്ന അറബി വാക്ക് അന്വർഥമാക്കിയ പ്രിയപ്പെട്ട ഡോക്ടർ. കമറുദ്ദീൻ സാറിന് മനസ്സ് നിറയെ സ്നേഹത്തോടെ ഞങ്ങൾ ഈ മാഗസിൻ സമർപ്പിക്കുന്നു.

# താളുകളിൽ ...

ലേഖനങ്ങൾ

കഥകളും കവിതകളും

ഓർമ്മകളും യാത്രകളും

ആരോഗ്യം

ചമയവും പാചകവും

ചിത്രരചനയും ചിത്രപ്പകർത്തും

മനുഷ്യജീവിതത്തിന്റെയും ചരിത്രത്തിന്റെയും പ്രശ്നങ്ങളോട് ചിന്താപരമായ സമീപനങ്ങളുടെ നേർകാഴ്ച്ചയും,തനതായ ആവിഷ്ക്കാരവുമാണ് "കമാലിയ" പ്രവാസ സ്വപ്നത്തിന്റെ പൂർണത .കൂട്ടുകുടുംബങ്ങളെ നഷ്ടപെടുത്തി അണു കുടുംബത്തിലേക്ക് ചേക്കേറിയപ്പോൾ സാമൂഹ്യ പ്രതിബന്ധത കൈവിട്ടു പോയ ഈ കാലഘട്ടത്തിലേക്കാണ് പാലോട് പ്രവാസി കൂട്ടായ്മയുടെ ഈ കൊച്ചു കലാ/സാഹിത്യ സൃഷ്ടിയുടെ കടന്നു വരവ്.

'പൂർണത','മൂല്യമുള്ള' തുടങ്ങിയ അർത്ഥമുള്ള കമാലിയ എന്ന അറബിക് നാമത്തെ അന്വർത്ഥമാക്കിയ നമ്മളിൽ നിന്നും വിട്ട് പിരിഞ്ഞ പ്രകൃതിയെയും മനുഷ്യനെയും,അക്ഷരങ്ങളെയും ഒരുപോലെ സ്നേഹിച്ച പശ്ചിമഘട്ട മലനിരയുടെ  കാവൽക്കാരൻ ഡോ: കമറുദ്ദീൻ സാറിന്റെ ഓർമ്മകൾക്ക് മുന്നിൽ സാഷ്ടാംഗം പ്രണമിച്ചു കൊണ്ട് കമാലിയ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.



ആദം നവാസ്

ചെയർമാൻ (മാഗസിൻ എഡിറ്റോറിയൽ ബോർഡ്)

**ADV. ADOOR PRAKASH**
Member of Parliament
(Lok Sabha)
**Attingal, Kerala**

**Member :**
Standing Committee on Health and Family Welfare

804, Narmada Apartments
Dr. B. D. Marg
New Delhi-110 001
Tel.: 011-23310354

No.ATL / MP/332 /2019

DATE : 10/08/2019

## സന്ദേശം

തിരുവനന്തപുരം ജില്ലയിൽ പാലോട് പ്രദേശത്തുള്ള പ്രവാസികളുടെ സംഘടനയായ ' പാലോട് പ്രവാസി കൂട്ടായ്മ ' ജീവ കാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നു എന്നറിയുവാൻ കഴിഞ്ഞതിൽ അതിയായ സന്തോഷം. സംഘടനയിലെ കുടുംബാഗങ്ങളുടെ കലാ സാഹിത്യ അഭിരുചികൾ വർധിപ്പിക്കുന്നതിന് *കമാലിയ* എന്ന പേരിൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം. കൂട്ടായ്മയുടെ എല്ലാ നല്ല തുടർപ്രവർത്തനങ്ങൾക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം,

( Adv. അടൂർ പ്രകാശ് )

ജനറൽ സെക്രട്ടറി,
പാലോട് പ്രവാസി കൂട്ടായ്മ.

**Camp Office:** Sree Vilas, Near Municipal Town Hall, Attingal P.O., Kerala-695 101, Tel: 0470-2621000

പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017

അഡ്വ. ഡി. കെ. മുരളി
(വാമനപുരം)
മെമ്പർ
കേരള നിയമസഭ
'ശ്രീ' വീട്
ആറ്റിങ്ങൽ റോഡ്
വെഞ്ഞാറമൂട്
തിരുവനന്തപുരം-695 607

ഫോൺ :
വസതി : 0472-2872931
ഓഫീസ് : 0471-2512199
: 0472-2875050
മൊബൈൽ : 9447428205
പമ്പ ബ്ലോക്ക്, നമ്പർ 16, 17,
എം. എൽ. എ. ഹോസ്റ്റൽ,
തിരുവനന്തപുരം
ഇ-മെയിൽ : dkmuralivjd@gmail.com

സ്ഥലം........ വെഞ്ഞാറമൂട്

തീയതി........ 05/08/2020

# സന്ദേശം

വാമനപുരം നിയോജകമണ്ഡലത്തിൽ പാലോട് മേഖലയിലെ 'പാലോട് പ്രവാസി കൂട്ടായ്മ' ഈ കാലയളവിൽ കാരുണ്യ പ്രവർത്തനങ്ങളും സർഗ്ഗാത്മക ഇടപെടലുകളും നടത്തി പ്രവർത്തിച്ചു വരുന്നു. അതിന്റെ തുടർച്ചയായി കൂട്ടായ്മയിലെ അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും കലാ-സാഹിത്യ അഭിരുചികളെ പ്രോത്സാഹിപ്പിക്കാൻ ഒരു ഓൺലൈൻ മാഗസിൻ 'കമാലിയ' തുടങ്ങാൻ നിശ്ചയിച്ചതിൽ സന്തോഷവും അഭിനന്ദനവും അറിയിക്കുന്നു. വിജയാശംസകളും നേരുന്നു..

അഡ്വ: ഡി.കെ മുരളി MLA

പ്രവാസം ഒരു നീരുറവ പോലെയാണ്. ഭൂമിക്കുള്ളിൽ നിന്ന് ഉത്ഭവിച്ച് ബാഹ്യപ്രേരണകളില്ലാതെ സ്വയം ബഹിർഗമിക്കുന്ന ജലമാണ് നീരുറവ. നീരുറവകൾ കൂടി ചേർന്ന് ഒരു പുഴയായി പിന്നെ അത് ഒരു മഹാ സമുദ്രമാകുന്നു. പ്രവാസം എവിടെ ആരംഭിച്ചുവെന്നതും എവിടെ അവസാനിക്കുമെന്നതും ഒരു ചോദ്യ ചിഹ്നമാണ്.

നീരുറവപോലെ ഉദ്ഭവിച്ച പ്രവാസി ഇന്ന് ലോകമെമ്പാടും പടർന്ന് ഒരു മഹാസമുദ്രമായി മാറി. പ്രവാസികൾക്കായി ഒട്ടനവധി സംഘടനകൾ,സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവ ആരോഗ്യ പ്രവർത്തകർക്കൊപ്പം ഇവരും പ്രവാസികൾക്കായി കൊറോണ യെന്ന മഹാമാരിയിൽരാത്രിയും,പകലും ഒരുപോലെ പ്രവർത്തിച്ചു. ജീവന് തുല്യം പ്രവാസികൾ സ്നേഹിച്ച നാട്ടുകാരിൽ ചുരുക്കം ചിലരുടെ ആട്ടിപായിക്കൽ അങ്ങനെ പ്രവാസികൾ തിരിച്ചറിയുകയാണ്.

"ഞങ്ങളെ മാനസികമായി തളർത്താം,


പക്ഷേ തകർക്കാൻ കഴിയില്ല.

വീടും നാടും വിട്ട് മരുഭൂമിയിൽ വന്ന് പച്ചപ്പ് നട്ട്

വളർത്തിയവരാണ് പ്രവാസികൾ."

അൻവർഷാൻ പാലോട്

മാഗസിൻ ചീഫ് എഡിറ്റർ



പ്രിയമുള്ള വായനക്കാരെ,

ഇതിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലേഖനങ്ങൾ,കഥകൾ, കവിതകൾ തുടങ്ങിയവ എല്ലാം തന്നെ പാലോട് പ്രവാസി കൂട്ടായ്മയുടെ അംഗങ്ങളും,അവരുടെ കുടുംബാംഗങ്ങളും സ്വന്തമായി എഴുതിയതാണ് എന്നാണ് ഞങ്ങളെ അവർ അറിയിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ ഇതിൽ എന്തെങ്കിലും കോപ്പി റൈറ്റ് നിയമ പ്രശ്നങ്ങൾ ഉണ്ടായാൽ അതാത് എഴുത്തുകാർ മാത്രം ആയിരിക്കും ഉത്തരവാദികൾ. കൂടാതെ ചില മലയാള കൂട്ടക്ഷരങ്ങളുടെ സാങ്കേതിക അഭാവം കാരണം മാഗസിനിൽ ചെറിയ രീതിയിൽ ഉള്ള അക്ഷരപിശകുകൾ ഉണ്ടാകാൻ സാധ്യതയുണ്ട് അതെല്ലാം സദയം ക്ഷമിച്ചു കൊണ്ട് ഞങ്ങളോട് സഹകരിച്ച നിങ്ങൾ ഓരോരുത്തർക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.


മാഗസിൻ

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ :

ആദം നവാസ് (രക്ഷാധികാരി PPK – ഖത്തർ)

മാനേജിങ് ഡയറക്ടർ :

അജിത് കുമാർ (രക്ഷാധികാരി PPK – യു.എ.ഇ)

ചീഫ് എഡിറ്റേഴ്സ് :

അൻവർ ഷാൻ
(ജന: സെക്രട്ടറി PPK യു.എ.ഇ)
മുഹമ്മദ് ഹലീൽ :
(വൈ: പ്രസിഡന്റ് PPK– ബഹറൈൻ)

സബ് എഡിറ്റേഴ്സ് :

അരുൺ രാജ് (പ്രസിഡന്റ് PPK – ഒമാൻ)
സജീർ (ജോ:സെക്രട്ടറി PPK– കെ.എസ്.എ)
സുധീർ ഖാൻ (എക്സ്ക്യൂട്ടീവ് മെമ്പർ PPK, യു.എ.ഇ)

മാഗസീൻ ഡിസൈനേഴ്സ് :

ഷാൻലാൽ : (സെ:എക്സ്ക്യൂട്ടീവ് മെമ്പർ PPK ഖത്തർ)
വിഷ്ണു : (PPK ടെക്നിക്കൽ ടീം മെമ്പർ യു.എ.ഇ)

അഡ്വൈസർ :

ഹക്കീം ഷാ (രക്ഷാധികാരി PPK—ഒമാൻ)

മാർക്കറ്റിങ്ങ് മാനേജർ :

പ്രശാന്ത് S C (രക്ഷാധികാരി, ട്രഷറർ PPK കുവൈത്ത്)

മീഡിയ സപ്പോർട്ട് :

NEWS 10

പാലോട് പ്രവാസി കൂട്ടായ്മ
PALODE PRAVASI KOOTTAIMA
REG. NO: TVM/TC/961/2017

# പ്രവാസം ഒരു കഥയാണ്....

പ്രവാസം ഒരു കഥയാണ് ആരെയും ഒന്നും അറിയിക്കാതെ മറ്റുള്ളവർക്ക് മുന്നിൽ തലയുയർത്തി പിടിക്കാൻ പ്രയാസപ്പെടുന്ന പൊള്ളുന്ന യാഥാർഥ്യങ്ങളുടെ കഥ. ഈ കഥയുടെ തുടക്കങ്ങളിൽ പ്രയാസപ്പെട്ട്, ബുദ്ധിമുട്ടനുഭവിച്ച് അവസാനം വിജയ ശ്രീ ലാളിതരായി തീർന്നവരുണ്ട്.അവരിൽ നിന്ന് വിഭിന്നരായ ആകെയുള്ള കുറച്ച് മണ്ണും, പെങ്ങളുടെയും,അമ്മയുടെയും,ഭാര്യയുടേയുമെല്ലാം കയ്യിലുള്ള പൊന്ന് വിറ്റും,പണയം വെച്ചും നല്ലൊരു ജീവിതം കെട്ടിപ്പടുക്കാനെത്തി ഒടുവിൽ ഒന്നും നേടാനാവാതെ പ്രവാസ മണ്ണിൽ തന്നെ അലിഞ്ഞു ചേർന്നവരും ഉണ്ട്.നാട്ടും വീടും വിട്ട് മണലാരണ്യത്തിലെ കടുത്ത ചൂടും, തണുപ്പും സഹിച്ച് അവൻറെ മോഹങ്ങളേ മാറ്റി നിർത്തി മറ്റുള്ളവരുടെ സന്തോഷത്തിനായ് എപ്പോഴും സുസ്മേരവദനനായി കാണുന്ന അവന്റെ ഉള്ളിൽ എന്നും തീയായിരിക്കും.വീട്ടുകാർ നാലു കൂട്ടം കറിയും കൂട്ടി ഭക്ഷണം കഴിക്കുമ്പോൾ രണ്ടു കുബ്ബൂസും അല്പം തൈരും കൊണ്ട് വിശപ്പടക്കുന്ന അവന് വേവലാതി അടുത്ത മാസം അയക്കുന്ന കാശിൽ അല്പം കുറവ് വന്നാൽ വീട്ടുകാർ ബുദ്ധിമുട്ടുമല്ലോ എന്നതാണ്.സ്വന്തം പെണ്ണിനേയും അവന്റെ പ്രണയത്തെയും മനസ്സിൽ ഒതുക്കി നിർത്തി അവൻ എന്നും കാത്തിരിക്കും.ഇനിയൊരു അവധി കിട്ടാനായ് ദിവസങ്ങളെണ്ണി കഴിയുന്ന അവന് ഒരു വർഷത്തിലോ രണ്ടു വർഷത്തിലോ കിട്ടുന്ന കുറച്ചു അവധി ദിനങ്ങളിൽ ആണ് യഥാർഥ സന്തോഷം.നാട്ടിലെ പള്ളിപെരുന്നാളും,ഉത്സവങ്ങളും മറ്റെല്ലാ സന്തോഷങ്ങളും ഓർമ്മകളാക്കി വെച്ച് ആഘോഷിക്കുന്നവനാണ് പ്രവാസി.സ്വന്തം കുഞ്ഞുങ്ങളുടെ വളർച്ച മൊബൈലിലൂടെ കണ്ടു കണ്ണ് നിറഞ്ഞു ചിരിക്കുന്നവൻ,വീട്ടിലേക്ക് വിളിച്ചിട്ട് തന്റെ ദുഃഖങ്ങൾ ഒന്നും വീട്ടുകാരെ അറിയിക്കാതെ കുടുംബത്തിന് വേണ്ടി സന്തോഷിക്കുന്നവൻ അവനാണ് പ്രവാസി.നാട്ടിൽ കൂട്ടുകാർക്കൊപ്പമുള്ള വൈകുന്നേരങ്ങളിലെ സൊറ പറച്ചിലും,ചെറിയ കുസൃതികളുമെല്ലാമടങ്ങിയ ഓർമ്മകൾ അവന് ഓരോ പ്രവാസ ദിനങ്ങൾ തള്ളി നീക്കുന്നതിനുള്ള ആവേശമാണ്.നാട്ടിൽ സുഹൃത്തിന്റെ/പെങ്ങളുടെ/ആങ്ങളയുടെ വിവാഹം പോലുള്ള ചടങ്ങുകൾ നടക്കുമ്പോൾ കണ്ണ് നിറഞ്ഞു കൊണ്ട് ദൈനംദിന പ്രവാസ ജീവിതത്തിലേക്ക് അവൻ ലയിച്ചു ചേരും.60 വയസ്സ് കഴിഞ്ഞവരും,22 കഴിഞ്ഞവരുമെല്ലാം പ്രവാസ ജീവിതത്തിൽ അവനു സ്വന്തം കളിക്കൂട്ടുകാരായി ലഭിക്കുമെന്നതാണ് അവന്റെ ഏറ്റവും വലിയ ഭാഗ്യം.കൂടെ ജോലി ചെയ്യുന്നവരെ അല്ലെങ്കിൽ താമസിക്കുന്നവരെ ഭാഷയോ,ദേശമോ, ജാതി–മത വേർതിരിവോ ഇല്ലാതെ സ്വന്തം കൂടെപ്പിറപ്പിനെ പോലെ സ്നേഹിക്കാൻ കഴിയുന്നവൻ.അത്തറിന്റെ മനം മയക്കുന്ന സുഗന്ധം അവന് നാട്ടിലെത്തുമ്പോഴുള്ള ആഡംബരങ്ങളിലൊന്ന് മാത്രം.പ്രവാസത്തിലെന്നും മനം മടുക്കുന്ന വിയർപ്പിന്റെ ഗന്ധവും പേറിയാവും അവന്റെ ജീവിതം.നാട്ടിൽ ചെറിയൊരു അസുഖം വരുമ്പോൾ കയറിയിറങ്ങുന്ന ആശുപത്രി സമുച്ചയങ്ങൾ പ്രവാസിക്ക് വെറുമൊരു പാരസെറ്റമോൾ ഗുളികയിൽ ഒതുങ്ങും.നാട്ടിലെത്തുമ്പോൾ കൊണ്ട് വരുന്ന പെട്ടിയിലെ ചോക്ലേറ്റ്,വസ്ത്രങ്ങൾ തുടങ്ങിയവ മക്കൾക്കും,ബന്ധുക്കൾക്കും പങ്കു വെക്കുമ്പോൾ കിട്ടുന്ന സന്തോഷവും പ്രിയതമക്ക് മാത്രമായി കൊണ്ട് പോകുന്ന സമ്മാനങ്ങൾ അവൾക്ക് സമ്മാനിക്കുമ്പോഴുള്ള ആനന്ദവുമെല്ലാം പ്രവാസിക്ക് സ്വന്തം.ഓരോ അവധിയും അവന് മധുവിധുക്കാലം കൂടിയാണ് .കുടവയറും,നരച്ച മുടിയും, കഷണ്ടി തലയും അവന് പ്രവാസത്തിന്റെ ആഡംബരത്തിന്റെ ബാക്കി പത്രം മാത്രം.നാട്ടിലുള്ള ഓരോ കാരുണ്യപ്രവർത്തനങ്ങളിലും അവൻ കഷ്ടപ്പെടുന്നതിൽ നിന്ന് മറ്റൊന്നും ആഗ്രഹിക്കാതെ സന്തോഷത്തോടെ ദാനം ചെയ്യാൻ തയാറാകുന്നവൻ.ഒടുവിൽ ആരും തുറക്കാൻ ആഗ്രഹിക്കാത്ത പെട്ടിയിൽ ആറടി മണ്ണിൽ ഇഴുകി ചേരുമ്പോഴും അവന്റെ ഹൃദയം പ്രിയപ്പെട്ടവരുടെ സന്തോഷത്തിനായി ദാഹിക്കുന്നുണ്ടാവും.

*അതെ പ്രവാസം ഒരു കഥയാണ് ആരെയും ഒന്നും അറിയിക്കാതെ നീറി നീറി ഒടുങ്ങുന്ന പച്ചയായ ജീവിത കഥ*



**മുഹമ്മദ് ഹലീൽ**
മാഗസിൻ ചീഫ് എഡിറ്റർ

പ്രിയരേ.,

പാലോട് മേഖലയിലെ ഒരു കൂട്ടം പ്രവാസികൾ ചേർന്ന് രൂപം നൽകിയ കൂട്ടായ്മയാണ് പാലോട് പ്രവാസി കൂട്ടായ്മ. തുടക്കത്തിലെ ഒരു സൗഹൃദക്കൂട്ടായ്മ എന്നതിൽനിന്ന് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ചാരിറ്റി സംഘടന എന്നതിലേക്കുള്ള വളർച്ച കൂട്ടായ്മയിലെ ഓരോ അംഗത്തിന്റെയും നിസ്വാർത്ഥ പരിശ്രമത്തിന്റെ ഫലമായിട്ടാണ് എന്നുള്ളത് അഭിമാനത്തോടെ പറയേണ്ടതാണ്. ജാതി മത രാഷ്ട്രീയ ചിന്തകൾക്കതീതമായി സ്നേഹത്തിലും പരസ്പരവിശ്വാസത്തിലും കെട്ടിപ്പെടുത്തിയ കൂട്ടായ്മ. ഒരു കുടുംബമായി, പ്രായഭേദമന്യേ , പല മേഖലകളിൽ പ്രാവീണ്യം നേടിയ അംഗങ്ങൾ ,ഒരമ്മപെറ്റ മക്കളെപ്പോലെ സ്വാർത്ഥലാഭങ്ങൾക്ക് ഇടനൽകാതെ ഒരേ ലക്ഷ്യത്തിനായി ഒന്നായി നിൽക്കുന്നു .. ഇതാണ് കൂട്ടായ്മയുടെ വിജയ മന്ത്രം.

നന്മകളുടെ നീരൊഴുക്കുകൾ സൃഷ്ടിച്ചു കൊണ്ട് കാരുണ്യത്തിന്റെ കുളിരേകി സാമൂഹിക പരിവർത്തനത്തിന്റെ സൂക്ഷ്മമായ സംവേദനങ്ങളിൽ പ്രതീക്ഷയുടെ വിളക്കുകൾ അണയാതെ നോക്കാൻ സാദാ ജാഗരൂകരായി എന്നും പാലോട് പ്രവാസി കൂട്ടായ്മ നില കൊള്ളുന്നു .

മാനുഷിക പരിഗണകൾക്ക് അതിന്റെ തൂക്കം നോക്കി വില കൽപ്പിക്കുന്ന മത–രാഷ്ട്രീയ കോമരങ്ങളെ അവഗണിച്ചുകൊണ്ട്, നിങ്ങൾക്ക് ഞങ്ങളുണ്ട് എന്ന് പാലോട് പ്രവാസി കൂട്ടായ്മ വീണ്ടും വീണ്ടും സമൂഹത്തിന് മുന്നിൽ വിളിച്ചു പറയുന്നു . വാക്കുകളല്ല പ്രവർത്തിയാണ് വേണ്ടത് എന്ന് ബോധം മുൻനിർത്തിയാണ് കൂട്ടായ്മയുടെ എല്ലാ പ്രവർത്തനങ്ങളും .

സ്വാഭാവികമായും കുടുംബം ജോലി എന്നിവക്കു ശേഷം മാത്രമേ കൂട്ടായ്മാ പ്രവർത്തനങ്ങൾക്കു സമയം കണ്ടെത്താൻ കഴിയുകയുള്ളൂ എങ്കിൽക്കൂടി കഴിഞ്ഞകാലങ്ങളിൽ വളരെ കൃത്യതയോടെ വ്യക്തിപരമായ പല കാര്യങ്ങളും മാറ്റിവച്ചുകൊണ്ട് കൂട്ടായ്മക്ക് വേണ്ടി പ്രവർത്തിക്കാൻ അംഗങ്ങൾക്ക് കഴിഞ്ഞു എന്നത് എടുത്ത് പറയേണ്ടതാണ് .

സാമൂഹിക പ്രതിബദ്ധത എന്ന ചിന്തയിലേക്ക് കൂട്ടായ്മ ഏകീകരിക്കപ്പെട്ട അവസരത്തിൽ അത് നമ്മുടെ സ്വന്തം നാട്ടുകാരുടെ കണ്ണീരൊപ്പാൻ, സാന്ത്വനമേകാൻ എന്തെങ്കിലും ചെയ്യണം എന്ന തലത്തിലേക്ക് അത് വളരുകയും അതിന്റെ ഫലമായി കുറെയേറെ കുടുംബങ്ങൾക്കു ഭക്ഷണ സാധനങ്ങളും ചികിത്സാസഹായങ്ങളും എത്തിക്കാൻ കൂട്ടായ്മക്ക് കഴിഞ്ഞു.പ്രളയം നാട്ടിൽ ദുരന്തം വിതച്ചപ്പോൾ ദുരിതക്കയത്തിൽ മുങ്ങിയ നാട്ടുകാർക്ക് സഹായങ്ങളെത്തിക്കാനും വിഭവങ്ങൾ സമാഹരിക്കാനും കൂട്ടായ്മ മുന്നിൽ ഉണ്ടായിരുന്നു.അതിനോടൊപ്പം നാടിനെ കാർന്നു തിന്നാൻ സാധ്യത ഉണ്ടായിരുന്ന മാലിന്യ പ്ലാന്റ് എന്ന വിപത്തിനെതിരെ പോരാടാൻ പ്രവാസി കൂട്ടായ്മ

മുൻനിരയിൽ ഉണ്ടായിരുന്നു.
ഒരു വർഷക്കാലമായി കൈത്താങ്ങ് എന്ന പദ്ധതിയിലൂടെ പത്തോളം കുടുംബങ്ങൾക്ക് ആഹാരസാധനങ്ങൾ ഓരോമാസത്തേക്ക് എന്നുള്ളത് കണക്കാക്കി മുടങ്ങാതെ എത്തിക്കുന്നത് കൂട്ടായ്മ ഇന്നും തുടരുന്നു .

കൊറോണ എന്ന മഹാമാരി നാശം വിതക്കുന്ന ഈ കാലഘട്ടത്തിലും പ്രതിരോധപ്രവർത്തനത്തിൽ പല രീതിയിലും ഭാഗമാകാൻ കൂട്ടായ്മക്ക് കഴിഞ്ഞു . ഓട്ടോ തൊഴിലാളികൾക്ക് സഹായങ്ങൾ നൽകാനും , ജോലിയും വരുമാനവും നഷ്ടപ്പെട്ട കൂട്ടായ്മയിലെ അംഗങ്ങൾക്ക് പ്രഥമ പരിഗണന നൽകി അവരുടെ കുടുംബങ്ങൾക്ക് അവശ്യ സാധനങ്ങൾ എത്തിച്ചു നൽകുകയും, അവർക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകുന്നതിലും കൂട്ടായ്മ പ്രത്യേകമായ ശ്രദ്ധ നൽകുകയുണ്ടായി.

അതോടൊപ്പം ഓൺലൈൻ പഠനം നടക്കാത്തതിനാൽ വിദ്യാർത്ഥി ആത്മഹത്യകൾ വാർത്തകളിൽ നിറഞ്ഞു നിന്നപ്പോൾ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ കഴിയാതിരുന്ന രണ്ടു വിദ്യാർത്ഥികൾക്ക് ടീവിയും ഒരുവർഷത്തേക്ക് കേബിൾ കണക്ഷനും നൽകാൻ കൂട്ടായ്മക്ക് കഴിഞ്ഞു എന്നുള്ളത് സുപ്രധാനമായ ഒരു നേട്ടമാണ്.

പുറമെനിന്നുള്ള യാതൊരുവിധ സാമ്പത്തിക സംഭാവനകളും സ്വീകരിക്കാതെ കൂട്ടായ്മ അംഗങ്ങളിൽ നിന്ന് മാത്രം ലഭിക്കുന്ന നിർബന്ധിതമല്ലാത്ത സംഭാവനകൾ മാത്രമാണ് സാമ്പത്തിക സ്രോതസായിട്ടുള്ളത് .സുതാര്യത ഉറപ്പുവരുത്തി കണക്കുകൾ വർഷാവർഷം അംഗങ്ങൾക്കുമുന്നിൽ അവതരിപ്പിക്കുന്നു.
പാലോട് പ്രവാസി കൂട്ടായ്മയുടെ സ്വന്തം വെബ്സൈറ്റ് (www.palodepravasikoottaima.com) എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു എന്നത് എടുത്ത് പറയേണ്ട ഒരുകാര്യമാണ് . ജോലിത്തിരക്കിനിടയിലും കുറെ കൂട്ടായ്മാകുടുംബാംഗങ്ങൾ വെബ്സൈറ്റ് പൂർത്തിയാക്കുന്നതിനു സമയം കണ്ടെത്തി അവരെ ഈ അവസരത്തിൽ അവരെ പ്രത്യേകം ഓർക്കുന്നു .

ഒരു മാഗസിൻ എന്ന കൂട്ടായ്മയുടെ മോഹം ഇപ്പോൾ 'കമാലിയ ' എന്ന ഓൺലൈൻ മാഗസീനിലൂടെ പൂവണിയുകയാണ് . കൂട്ടായ്മയിലെ അഗങ്ങളുടെയും അവരുടെ കുടുംബങ്ങളുടെയും കലാ-സാഹിത്യ അഭിരുചികൾ പരിപോഷിപ്പിക്കുക എന്നതാണ് പ്രധാനമായും ഇതിന്റെ ലക്ഷ്യം . ഇത് ഒരു പക്ഷെ ചരിത്രത്തിന്റെ അനിവാര്യതയായിരിക്കാം ഒരോ കാലത്തെ മഹത് വ്യക്തികളെ അടയാളപ്പെടുത്തുക എന്നുള്ളത് , പൂർണത, മൂല്യമുള്ളത് എന്നൊക്കെ അർത്ഥമുള്ള 'കമാലിയ' എന്ന പേരിനെ അന്വർത്ഥമാക്കിയ വ്യക്തിത്വമായ ,പശ്ചിമഘട്ടത്തിലെ പച്ചപ്പിന്റെ കാവൽക്കാരൻ ആയിരുന്ന Dr. കമറുദ്ദിൻ സാറിന്റെ പാവനസ്മരണക്കു മുന്നിൽ നമ്മുടെ ഈ മാഗസിൻ സമർപ്പിക്കുന്നു.

അരുൺ രാജ്

പ്രസിഡന്റ് - പാലോട് പ്രവാസി കൂട്ടായ്മ



നാടും വീടും സ്വന്തവും ബന്ധവും കുഞ്ഞുമക്കളെയും വിട്ട് കടൽ കടക്കുന്ന ഓരോ വ്യക്തി ജീവിതങ്ങളും

മുന്നിൽ കാണുന്ന സന്തോഷഭരിതമായ ഒരു ജീവിത മുഹൂർത്തം ഉണ്ട്, തനിക്കു വിലപ്പെട്ടത് എല്ലാം സ്വയം നഷ്ടപ്പെടുത്തി, തന്റെ ഒരു ചാൺ വയറിനെ പോലും ഒരു ഉണക്ക കുബ്ബൂസിൽ ഒതുക്കി ഒറ്റപ്പെട്ട മുറികളിൽ ചുരുണ്ടു കൂടി കിടന്നു രാത്രികൾ തള്ളി നീക്കുമ്പോൾ ഒരേയൊരു ഓർമ്മ മാത്രമാണ് ഇവരുടെ സന്തോഷം, തന്റെ കുടുംബം സന്തോഷമായി കഴിഞ്ഞു പോകുന്നല്ലോ എന്നത്,

കുടുംബത്തിന്റെ സുഖം സമ്മിശ്ര ജീവിതം മാത്രമാണ് പൊരി വെയിലിലും വേദനയും ദുഃഖവും മറന്നു കഷ്ടപ്പെടാൻ ഇവർക്ക് ശക്തി പകരുന്നത്

എന്നാൽ ഇന്ന് ഓരോ പ്രവാസിയും വേദനയോടെ ചിന്തിക്കുകയാണ് ..

ആഴമേറിയ കയങ്ങളിൽ ജീവിക്കുവാനുള്ള നിലയും നിലനിൽപ്പും ഇല്ലാതെ എത്രനാൾ......സങ്കടങ്ങൾ കൊണ്ട് തുടച്ചു മായ്ച്ചാലും തീരാത്തത്രയും ഓർമ്മകൾ ആണ് ഓരോ പ്രവാസിയുടെയും മനസ്സ് നിറയെ.....

സർവശക്തൻ അയച്ച മഹാ രോഗത്തെ മനുഷ്യനാൽ തടുക്കുവാനാകുമോ?

എവിടെ മനുഷ്യന്റെ ശാസ്ത്രം?



# പ്രവാസി

എവിടെ മനുഷ്യന്റെ ബുദ്ധി ? കഴിവ്? സാമർഥ്യം ?

എല്ലാം ശൂന്യതയിൽ നിന്ന് നോക്കി കാണുകയാണ് ഇന്ന് മനുഷ്യൻ.

കൊറോണ എന്നാ മഹാരോഗത്തിന്റ മുൻപിലും ഓരോ ദിവസവും അടിയറവ് പറയേണ്ടി വരുന്ന മനുഷ്യ ജന്മങ്ങൾ...... ജഡങ്ങൾ കുമ്പാരമായി ഒരു വശത്തു, മറുവശത്തു ജോലി നഷ്ടമായവർ, ഒരു നേരത്തെ ഭക്ഷണത്തിനായി കാത്തിരിക്കുന്നവർ, അതിലേറെ മരണത്തിനായുള്ള അവസാനശ്വാസത്തിനായി കാത്തു കിടക്കുന്നവർ അങ്ങനെ പോകുന്നു ഭൂമിയിൽ.......

ഈശ്വര !സൃഷ്ടി എന്തിനായിരുന്നു?? ചോദിച്ചു പോകുകയാണ്,

അത്രയും ദയനീയ അവസ്ഥ കണ്ടു ഭയം തോന്നിയിട്ടാവണം പ്രവാസിയായ അയാൾ അങ്ങനെ പുലമ്പിയത്,,,

കണ്ണിൽ നിന്ന് അടർന്നു വീണ തുള്ളികൾ തുടച്ചു കൊണ്ട് കടലിന്റെ അക്കരയിൽ തന്റെ കുടുംബത്തെ ഒരു നോക്ക് കാണുവാൻ വെമ്പുന്ന പ്രവാസിയും അവശേഷിക്കുന്നു,..

ഈ കാത്തിരിപ്പ് എത്ര നാൾ??

ദൈവമേ കൈ വിടരുതേ എന്ന ഒരു വാക്കു മാത്രം അടി വരയിട്ട് ഓരോ നിമിഷങ്ങൾ കടന്നു പോകുമ്പോഴും,.....

അതേ !.... , സത്യം !.......

ജീവിത യാത്രയിൽ ഇന്ന് നമ്മുടേത് അല്ലെങ്കിലും

നാളെ നമ്മുടേത് ആയിരിക്കും

തീർച്ച !!!!........

പ്രതീക്ഷ ആണ് എല്ലാം.........

വിശ്വാസമാണ് ദൈവം...



കുഞ്ഞുമോൻ

രാവിലെ എഴുന്നേറ്റ് ഇന്നത്തെ ദിവസത്തിലെ ജോലിയെക്കുറിച്ച് ചിന്തിച്ചു.എവിടെയും എത്താത്ത ജോലി ഇനിയെന്ത് ചെയ്യും പതിയെ പുതപ്പെടുത്ത് ഉറക്കത്തിന്റെ ഘട്ടത്തിലേക്ക് കടക്കാൻ ശ്രമിച്ചു.അപ്പോഴാണ് അടുക്കള വശത്ത് നിന്നും നീട്ടിയ ഒരു വിളി "മോനെ ഡാ എണീറ്റ് പല്ല് തേച്ച് ചായ കുടിക്ക്" .ആ സ്നേഹത്തോടെയുള്ള വിളി എന്നെ ഉറക്കത്തിന്റെ ആലസ്യത്തിൽ നിന്നും മോചിപ്പിച്ചു.മെല്ലെ അടുക്കളയിലേക്ക് ചെന്നപ്പോൾ 'അമ്മ റോബോട്ടുകളെ തോൽപ്പിക്കുമാറ് വേഗത്തിൽ പണി എടുക്കുന്നു.ചുരുങ്ങിയ സമയത്തിനുള്ളിൽ എല്ലാ പണികളും തീർക്കുന്നു.അപ്പോഴും എന്റെ ദൈനംദിന കർത്തവ്യങ്ങൾ എങ്ങും എത്തിയില്ല.

നാട് വിട്ട് അന്യദേശത്തേക്ക് പോയപ്പോൾ ജീവിതത്തിന്റെ പെരുംപാത മുറിച്ചു കടക്കാനുള്ള സീബ്രാ ക്രോസിംഗ് ആയി അനുഭവങ്ങൾ.ചീറിപ്പായുന്ന വേഗങ്ങൾക്ക് അടിപ്പെടാതെ അപ്പുറം കടക്കാൻ അത് സഹായിക്കും.നടുക്കടലിൽ അകപ്പെട്ടത് പോലെ നിൽക്കുമ്പോൾ നമ്മൾ അമ്മയെ മനസ്സിലേക്ക് കൊണ്ട് വരിക.എവിടെയും പതറാതെ ഒരാളുടെയും സഹായമില്ലാതെ പുതിയ കാര്യങ്ങൾ ചെയ്ത് ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ അത് നമ്മളെ സഹായിക്കും.

കടപ്പാടുകളില്ലാതെ ആർക്കും ജീവിക്കാൻ സാധ്യമല്ല എല്ലാവരും ആരുടെയെങ്കിലും ആശ്രിതരും അന്നദാതാക്കളുമാണ്.വരവ് –ചെലവ് കണക്കുകൾ ചിലർക്ക് മനസ്സിൽ മുറിപ്പാടുകൾ ഉണ്ടാക്കും.ചില കടങ്ങൾ വീട്ടാൻ പറ്റാത്തതാണ്.കുട്ടിക്കാലത്ത് എന്തെങ്കിലും ജോലി ചെയ്തിട്ട് കൂലിയായി 'അമ്മ സ്നേഹത്തോടെ തരുന്ന ചെറിയ തുട്ടുകൾ അതിന് വിയർപ്പിന്റെയും സ്നേഹത്തിന്റെയും ഗന്ധമുണ്ടാകും.കണക്കുകൾ നോക്കാതെ മനസ്സും ശരീരവും ഒന്നാക്കി ജോലി ചെയ്താൽ കിട്ടുന്ന ആത്മസംതൃപ്തി പറഞ്ഞറിയിക്കാൻ സാധ്യമല്ല.ആരൊക്കെയോ അങ്ങനെ ചെയ്തിട്ടുള്ള പരിണിത ഫലമാണ് ഓരോ ജീവിതവും.

എന്നെങ്കിലും അമ്മചെയ്ത ജോലിക്ക് വേണ്ടി നമുക്ക് മുന്നിൽ ഒരു കൂലി നിശ്ചയിച്ചാൽ 10 മാസം ചുമന്നതിന്റെ ,മുലയൂട്ടിയതിന്റെ,അടുക്കളയിൽ മല്ലടിച്ചതിന്റെ,അസുഖം വന്നപ്പോൾ ഡോക്ടറെ പോലെ നമ്മളെ ശുശ്രൂഷിച്ചതിന്റെ അദ്ധ്യാപകനെ പോലെ അറിവ് പകർന്നതിന്റെ ഒക്കെ അന്ന് തീരും കുറിച്ച് വെച്ച് വരവ് ചെലവുകൾ നിരത്തുന്ന നമ്മുടെ അഹങ്കാരം.ചില കടങ്ങൾ തീർക്കേണ്ടതല്ല തീർക്കാൻ പറ്റില്ല എന്ന് അറിയുമ്പോൾ ഹൃദയം കുറേക്കൂടി എളിമപ്പെടാനും നിർമ്മലമാക്കാനും സഹായിക്കും.

അമ്മക്ക് പകരം 'അമ്മ മാത്രം സ്നേഹവും സംരക്ഷണവും നന്മയും നിറഞ്ഞ വാടാത്ത മരം,തണലേകാൻ കാത്തിരിക്കുന്ന മരം കൂടണയാൻ വെമ്പുന്ന കിളികൾക്ക് ഊറ്റില്ലമാകുന്നു.പാദത്തിൽ സ്വർഗം കൈകളിൽ ആശിർവാദം,കണ്ണുകളിൽലാളനയും,പരിരക്ഷയും.അമ്മയുടെ പാദങ്ങളിൽ ജീവിതം സമർപ്പിക്കുക


# തീരാത്ത കടം





ആദം നവാസ്

# പ്രവാസിയും, കൊറോണയും, പിന്നെ ഓണാഘോഷവും...



അൻവർഷാൻ പാലോട്

ലോകത്തെ കീഴടക്കിയ കൊറോണയെന്ന മഹാമാരിയിലേക്ക് മലയാളികളുടെ ഓണം വിടപറഞ്ഞു. .ഓണകാലമായാൽ പ്രവാസലോകത്ത് ആഘോഷങ്ങളുടെ പൂരമാണ്.പല പ്രവാസി സംഘടനകളുടെയും ഓണാഘോഷങ്ങൾ മാസങ്ങൾ നീണ്ട് നിൽക്കും.മലയാളക്കരയുടെ ആഘോഷങ്ങളെക്കാൾ പതിമടങ്ങാണ് മലയാള നാടിന് താൽകാലിക വിടപറഞ്ഞ് പ്രവാസത്തിലേക്കെത്തിവരുടെ ആഘോഷം.കൊറോണ വന്നതോടെ ആഘോഷങ്ങൾ ഓർമ്മയായി.കഴിഞ്ഞ് പോയ ഈദും, ബക്രീദും വന്ന് പോയതറിഞ്ഞേയില്ല. ഇന്ന് പ്രവാസി സംഘടനകൾ സർക്കാരിനൊപ്പം സന്നദ്ധ പ്രവർത്തനങ്ങളിലാണ്.

ചാർട്ടേഡ് ഫ്ലൈറ്റുകൾ ബുക്ക് ചെയ്ത് പ്രമുഖർ പ്രവാസ ലേകത്തേക്ക് വരുന്നതും പ്രവാസികളെ വാനോളം പുകഴ്ത്തുന്നതും വർഷാ വർഷമുള്ള ആഘോഷങ്ങളുടെ ഭാഗമായിരുന്നു.പണക്കാർ മാത്രം സഞ്ചരിച്ചിരുന്ന ചാർട്ടേഡ് ഫ്ലൈറ്റെന്ന സംവിധാനം ഇന്ന് തൊഴിൽ നഷ്ട്ടപെട്ട് കഷ്ടതകളനുഭവിക്കുന്ന സാധാരണക്കാരിൽ സാധാരണക്കാരായ പ്രവാസികൾ ജന്മനാട്ടിലേക്ക് മടങ്ങാൻ ആശ്രയിക്കുന്ന കാഴ്ച്ചയായി.പ്രവാസികളുടെ വസന്തകാലത്ത് തോളിൽ കൈെട്ട് നടക്കുകയും ഇന്ന് മൗനപാലിക്കുന്നവരോടുമായി പ്രവാസികൾ പറയുന്ന വാക്കാണ് "ഈ സമയവും കടന്ന് പോകും",ഇതിന് പിന്നിൽ ഒരു കഥയുണ്ട് .....

"മുഗൾ ചക്രവർത്തിമാരിൽ ഏറ്റവും ശക്തനായിരുന്ന അക്ബർ ചക്രവർത്തി തന്റെ മന്ത്രിയായ ബീർബലിനോട് പറഞ്ഞു. ഒരു വാചകം എന്റെ മോതിരത്തിൽ എഴുതണം.പക്ഷെ ഒരു നിബന്ധനയുണ്ട്.സന്തോഷമുള്ളപ്പോൾ നോക്കിയാൽ ദുഃഖവും, ദുഃഖമുള്ളപ്പോൾ നോക്കിയാൽ സന്തോഷവും നൽകുന്നതായിരിക്കണം.ജീവിതത്തിൽ അമിതമായി ദുഃഖിക്കാതിരിയ്ക്കാനും മതിമറന്നു ആഹ്ലാദിക്കാതിരിക്കാനും എപ്പോഴും തന്നെ ഓർമ്മപ്പെടുത്തുന്ന ഒരു വാചകം. ജ്ഞാനിയും വിവേകിയുമായ ബീർബൽ ഇങ്ങനെ എഴുതി.

"ഈ സമയവും കടന്നു പോകും"

കൊറോണ പ്രവാസലോകത്ത് താണ്ഡവമാടിയപ്പോൾ പ്രവാസി മലയാളികൾ കുറച്ച് പേർക്ക് വെറുക്കപെട്ടവരായ്.ജോലി നഷ്ടപെട്ട് നാട്ടിലേക്ക് മടങ്ങിയവരെ സ്വന്തം നാട്ടിൽ നിന്നും വീട്ടിൽ നിന്നും ആട്ടി പായ്ക്കുന്ന കാഴ്ച്ച ഒരു തേങ്ങലോടെ കണ്ട് നിൽക്കുവാനെ പ്രവാസികൾക്കായുള്ളു .

ഇന്ന് പ്രവാസ ലോകത്ത് ആഘോഷങ്ങളില്ല ജീവിതം തിരികെ പിടിക്കാനൊള്ള നെട്ടോട്ടത്തിലാണ്.ഗൾഫ് രാജ്യങ്ങളിൽ കൊറോണ ഭീതി മെല്ലെ മെല്ലെ മാറിതുടങ്ങി.മിക്ക പ്രദേശങ്ങളും പഴയത് പോലെ ജീവമാകുന്നു.പ്രവാസികൾക്ക് വീണ്ടും പ്രതീക്ഷകളുടെ പുലരികൾ സമ്മാനിക്കുന്നു. എന്നാൽ ഇന്നലകൾ സമ്മാനിച്ചത് സുഖകരമല്ലാത്ത ഓർമ്മകൾ ആണെന്ന തിരിച്ചറിവും ഒപ്പമുണ്ട്.






*Best Compliment's from ...*



പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017

ഈ ഭൂമിയിൽ ജനിച്ചതിൽ നമ്മളോരോരുത്തരും എത്ര വലിയ ഭാഗ്യം ചെയ്തവരാണല്ലേ?

അതിലും വലിയ ഭാഗ്യത്തിലേക്കും നേട്ടത്തിലേക്കുമൊന്നു തിരിഞ്ഞു നോക്കിയാൽ അച്ഛനും അമ്മയുമെന്ന രണ്ട് വ്യക്തികളാണ് നമുക്ക് കിട്ടിയ ഏറ്റവും വലിയ നിധിയും ഭാഗ്യവുമെന്നു ഞാൻ പറയുന്നതിൽ ആർക്കും സംശയമുണ്ടാകില്ല. പക്ഷേ ഇന്നാ ഭാഗ്യങ്ങളിൽ ഏറിയ പങ്കും വൃദ്ധാസദനങ്ങളിലാണെന്നതാണ് സത്യം. നമ്മൾ ഓരോരുത്തരും ഭാഗ്യത്തിന്റെയും നിധിയുടെയും പണത്തിന്റെയുമൊക്കെ പിന്നാലെ ഒന്നല്ലെങ്കിൽ മറ്റൊരു രീതിയിൽ പോകുന്നവരാണ് അലയുന്നവരാണ്... ഭാഗ്യവും നിധിയും സമ്പത്തുമൊക്കെ ഉണ്ടാകാൻ പ്രാർത്ഥന ചെയ്യാത്തവരായി നമ്മളിൽ ഒരാളുപോലുമുണ്ടാകില്ലെ ന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷേ ഇന്നത്തെ കാലഘട്ടം വളരെ വലിയ മാറ്റങ്ങൾക്ക് വഴിത്തിരിവായിട്ടുണ്ട്.

ഇന്നലകളിലും ഇന്നും നാളായുമൊക്കെ വൃദ്ധാസദനങ്ങളിൽ വലിച്ചെറിയപ്പെടുന്ന അച്ഛനമ്മമാരുടെ മക്കളിൽ സിംഹഭാഹവും നിങ്ങളുടെ വിയർപ്പിൽ നിങ്ങൾ നൽകിയ വിദ്യാഭ്യസത്തിന്റെ ഡിഗ്രികൾ അടുക്കിവെച്ചവരാണ്... ബിരുദത്തിലും ബിരുദം നേടിയവരാണ് ഗവൺമെന്റ് ജോലിയുള്ളവരാണ് ഉന്നതങ്ങളിലും ഉന്നതമായ ജോലിചെയ്യുന്നവരാണ് ആയിരങ്ങളും ലക്ഷങ്ങളും മാസാവരുമാനമുള്ളവരാണ് മണിമാളികകൾ പടുത്തുയർത്തിയവരാണ് ആഡംബര വാഹനങ്ങളിൽ നിലം തൊടാതെ സഞ്ചരിക്കുന്നവരാണ് അവർക്കെപ്പോഴും തിരക്കുകളാണ് അച്ഛനും അമ്മക്കും വേണ്ടി ഒരുനിമിഷം മാറ്റിവെക്കാൻ കഴിയാത്തത്ര തിരക്കുകൾ. അച്ഛനോടും അമ്മയോടുമൊന്നു മനസ്സുതുറന്ന് സംസാരിക്കാൻ അവരുടെ ചുക്കി ചുളിഞ്ഞ മുഖത്തെക്കൊന്നുനോക്കു വാൻ സുഖമില്ലാതായാൽ ആശുപത്രിയിൽ എത്തിക്കാൻ കഴിയാത്തത്ര തിരക്കുകൾ ഈ തിരക്കുകൾക്കുവേണ്ടിയാണോ നിങ്ങൾ അവരെ പഠിപ്പിച്ചത്? ആ തിരക്കിനിടയിൽ അച്ഛനും അമ്മയും മക്കൾക്ക് ബുദ്ധിമുട്ടാകുന്നു. ശല്യമാകുന്നു.തിരക്കുകളുടെ ഉയരത്തിലിരുന്ന് അമ്മയെ ഓർക്കുവാൻ കലണ്ടറിൽ ഒരുദിവസ്സം മാറ്റിവെച്ചിരിക്കുന്നു ഇതിലും വലിയ ഭാഗ്യം അമ്മക്ക് വേറെയുണ്ടോഎന്നറിയില്ല ?. മക്കൾ പടുത്തുയർത്തിയ സ്വപ്ന സൗധങ്ങളിൽവരുന്ന തന്റെ പ്രിയപ്പെട്ട അതിഥികൾക്ക് മുന്നിൽ അമ്മ പ്രത്യക്ഷപെടാൻ പാടില്ലെന്ന് വിലക്കുന്ന മക്കളുടെ നാടാണ് നമ്മുടേതെന്നോർക്കുമ്പോൾ ലജ്ജ തോന്നുന്നു.

# അമ്മ എന്ന നന്മ

കാരണം അമ്മക്ക് ഭംഗികുറഞ്ഞുപോയി .വെളുപ്പിന് കോഴികൂവുന്ന സമയം മുതൽ അടുത്തുള്ള അമ്പലത്തിലെ പാട്ടുകേൾക്കുമ്പോൾമുതൽ... പള്ളിയിലെ പരിശുദ്ധ ബാങ്ക് വിളി കേൾക്കുമ്പോൾമുതൽ എഴുന്നേറ്റ് അടുക്കളയിലെ കണ്ണ് ചുവപ്പിക്കുന്ന പുകയോടും അടുപ്പിനോടും പത്രങ്ങളോടും പിറുപിറുത്തുകൊണ്ട് വീട്ടിലെ ഓരോരുത്തർക്കും ഇഷ്ട്ടമുള്ള പലതരം പലഹാരങ്ങൾ ഉണ്ടാക്കി വിളമ്പി കൊടുക്കുമ്പോൾ... അതിലൊരു മുടികിടന്നാൽ ആഹാരം വലിച്ചെറിയുന്ന മക്കൾ മനസ്സിലാക്കാതെപോകുന്ന യാഥാർഥ്യങ്ങളുണ്ട് അമ്മക്ക്... അമ്മയുടെ കൈയുംപിടിച്ച് വാർദ്ധക്യം മുന്നോട്ട് നടക്കുകയാണ് മുടി നരക്കും കൊഴിയും സ്വാഭാവികം കൊഴിഞ്ഞ മുടി എടുത്തുകളയാൻ പാവം അമ്മയുടെ പാടകെട്ടിയ കണ്ണുകൾ സഹായിച്ചെന്നുണ്ടാവില്ല ...അതി രാവിലെ കിടുങ്ങുന്ന തണുപ്പിൽ വടക്കേപ്പുറത്തെ ഉയരമുള്ള വാഴയിലെ മഞ്ഞു തുള്ളികൾ വിയർപ്പുവീശിയ ഇല വെട്ടാൻ തോട്ടകെട്ടി വലിക്കുമ്പോൾ അമ്മയുടെ മുഖത്തേക്ക് വീഴുന്ന തണുത്ത തുള്ളികൾക്ക് പോലും ഭാഗ്യമുണ്ടായിരിക്കണം!.



പൊതിച്ചോറിലെ കറികൾക്ക് എണ്ണവും രുചിയുമൊരല്പം കുറയുമ്പോൾ ഉപ്പ് കുറചൊന്നു കൂടിയാൽ മുട്ടപൊരിച്ചതിൽ ഉള്ളി കുറഞ്ഞാലുമൊക്കെ വഴക്കിടുന്ന മക്കൾ ഒന്നുചിന്തിക്കേണ്ടത് നിങ്ങളുറങ്ങാൻ കിടക്കുമ്പോഴും നിങ്ങളുറങ്ങുന്ന സമയത്തും നിങ്ങൾക്കിഷ്ടമായതെല്ലാം ഉണ്ടാകിതരാനുള്ള തത്രപ്പാടിലായിരിക്കും അമ്മയെന്ന രണ്ടക്ഷരം.. നിങ്ങൾ ഒരുദിവസം വീട്ടിലിരിക്കുമ്പോൾതന്നെ മാനസിക പിരിമുറുക്കമുണ്ടാകുന്നെങ്കിൽ ഒരുദിവസംപോലും പുറത്തുപോകാത്ത അമ്മയുടെ മനസിനെ കിടപിടിക്കക്കാനോ തളർത്താനോ മദംപൊട്ടിവരുന്ന കൊമ്പന് പോലും കഴിയില്ലെന്നുള്ളതാണ് സത്യം.നല്ല ജീവിതത്തിന്റെ ഏറിയപങ്കും വെച്ച് വിളമ്പിയും പണിയെടുത്തും വീടിന്റ ചുറ്റുപാടുകളിൽ ഒതുങ്ങിപോകേണ്ടിവരുന്ന അമ്മയുടെ ഭംഗിയും മുഖകാന്തിയും ഏറെക്കുറേ കുറഞ്ഞെന്നുവരാം മനസ്സും ശരീരവും കരിപിടിച്ച കറുത്ത് ചുളിഞ്ഞെന്നുവരാം ഇതെല്ലാം നിങ്ങൾക്കുവേണ്ടി ഉറക്കമുളഞ്ഞതിന്റെ ഫലമായിരുന്നു മക്കളേ... പിറന്നു വീണ സമയം മുതൽ അമ്മയുടെ ആരോഗ്യം മുഴുവനും മാറിലൂടെ കുടിച്ചു വറ്റിച്ചവരാണ് മക്കൾ അപ്പോഴും അമ്മക്ക് പരാതിയോ പരിഭവമോ ഇല്ലായിരുന്നു. എന്നിട്ടും മക്കളേ നിങ്ങളുടെ വാക്കുകളിൽ ആ അമ്മയുടെ കണ്ണ് നിറയുമ്പോൾ ഒരിക്കലെങ്കിലും നിങ്ങൾ പറഞ്ഞിട്ടുണ്ടാകും അമ്മയുടെ കരച്ചിൽ അഭിനയമാണെന്ന്... ത്യാഗങ്ങളുടെ ചില്ലുകുപ്പിക്കുള്ളിൽ അമ്മയെന്ന നിഴൽ ഒതുങ്ങിപോയതുകൊണ്ടാവാം മക്കൾക്ക് തന്റെ കൂട്ടുകാരോടും അതിഥികളോടും ഇതാണെന്റെ അമ്മയെന്ന് പറയാൻ

കഴിയാതെ പോയത്!. ഉന്നതമായ ഉയരങ്ങളിലേക്കും സമ്പന്നതയുടെ അഹങ്കാരത്തിലേക്കും നിങ്ങൾ പറന്നുയരുമ്പോൾ സമ്പാദിച് കൂട്ടണമെന്നതിനപ്പുറത്തേക്ക് ഒരിക്കൽപോലും നല്ലൊരു മനുഷ്യനാകാൻ പഠിച്ചില്ല... സ്നേഹമെന്തെന്ന് പഠിച്ചില്ല... സഹായമെന്തെന്ന് പഠിച്ചില്ല... ഇല്ലായ്മ എന്തെന്നറിഞ്ഞില്ല... പിന്നെങ്ങനെ അമ്മയെ സ്നേഹിക്കാനാകും? മാതൃത്വത്തിന്റെ നിസ്സഹായതയെ അവഗണിച്ചുകൊണ്ട് നീ മത്സരിചോടുമ്പോൾ ഒന്നോർക്കുക പിറകോട്ടു മടങ്ങുന്ന കാലുകൾ കൊണ്ടാണധിവേഗം മുന്നോട്ടോടുന്നത് എപ്പോൾ വേണമെങ്കിലും നിലച്ചുപോകാമെന്ന യന്ത്രം മാത്രമാണ് നീ...അരങ്ങിൽ ആടിത്തിമിർത്ത വേഷങ്ങളഴിച്ചുവെച് സ്വസ്ഥമാം നിദ്രയിലേക്കാടുക്കുമ്പോൾ അമ്മയുടെ കണ്ണുകളായിരിക്കും ആദ്യം കരയുന്നത്.

ഈ ജീവിതം ഒരുപാട് സുന്ദരമാണെങ്കിലും അതിലുപരി വളരെ വളരെ ചെറുതുമാണ്. ഭൂമിയിൽ ഒരുപാട് ജീവജാലങ്ങളുണ്ട് അതിലൊന്ന്മാത്രമാണ് മനുഷ്യനെന്ന ബോധം മനുഷ്യനില്ല. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുൻപ് ദിനോസറുകൾ ഭൂമിയിലുണ്ടായിരുന്നു.പക്ഷേ ഇന്ന് അവയുടെ ഫോസിലുകൾ മാത്രമാണുള്ളത്. .... പുതിയ ജീവനും ജീവികളും ഉണ്ടാകും മനുഷ്യനെന്ന മൃഗവും, ജീവിയും, ജന്തുവും ഭൂമിയിൽ ജീവിച്ചിരുന്നതായി അവർ പഠിക്കും.ഇന്ന് ദിനോസറുകളുടെ ഫോസിൽ മനുഷ്യർ പഠിക്കുന്നതുപോലെ. ഇത്രയൊക്കെ തെളിവുകൾ ഭൂമി നമുക്ക് തന്നിട്ടും അത്യാഗ്രഹ ത്തിന്റെയും അഹങ്കാരത്തിന്റെ കിരീടവും ചൂടി മനുഷ്യനെങ്ങോട്ടാണ് പോകുന്നത് ? അറിയില്ല ഉത്തരമില്ലാത്ത ചോദ്യം?.തന്റെ മുഖത്തേക്ക് വിരൽ ചൂണ്ടി ബുദ്ധൻ സ്വയം ചോദിച്ചതും ഇതുതന്നെയാണ് 'ആരാണ് ഞാൻ'? ഉത്തരമില്ലാതെ അലഞ്ഞു ഒരുപാട്... ഇന്നും പൂർണതയില്ലാതെ ആ ചോദ്യം ബാക്കിനിൽക്കുന്നെങ്കിൽ കൗതുകമാം കാലത്തിന്റെ കൗശലപെട്ടിയിൽ സ്നേഹം ഒളിപ്പിച്ചവരൊക്കെ ദുഖിക്കേണ്ടി വന്നിട്ടുണ്ട്. പ്രണയം പ്രകടിപ്പിച്ചവരൊക്കെ കരഞ്ഞിട്ടുമുണ്ട്. കപട സ്നേഹത്താലും അന്വർത്ഥമായ വാക്കുകളാലും ഇന്ന് സ്നേഹവും പരമാർത്ഥ പ്രണയവും അഴുക്ക് ചാലുകളിൽ ഒഴുക്കികളയുമ്പോൾ സ്വാർത്ഥതയും സ്വാർത്ഥ ലാഭങ്ങൾളും പ്രണയത്തെയും, പ്രണയിച്ചവരെയും നിഷ്പ്രഭമമാക്കി അകറ്റിനിർത്തുന്നു.



അങ്ങനെ ഇടനേഞ്ചോട് ചേർത്ത് ജീവനുതുല്യം പ്രണയിച്ചൊരു വസന്തം എന്നിലൂടെയും കടന്നുപോയിട്ടുണ്ട്. ഒരുനിമിഷംപോലും എന്നെ കാണാതിരിക്കാൻ പറ്റാതിരുന്നവൾക്ക് കണ്ടില്ലെങ്കിലും കുഴപ്പമില്ലാതായി.പലതവണ ഫോൺ റിങ് ചെയ്ത് നിന്നെങ്കിലും അവൾ ഫോണെടുത്തപ്പോൾ പിണക്കം മാറിയെന്നു ഞാൻ കരുതി പക്ഷേ ആദ്യം തന്നെ അവൾ പറഞ്ഞത് നമുക്കിത് ഇവിടെവെച്ച് മതിയാക്കാം.നമ്മുടെ ബന്ധം വീട്ടിൽ ആരും സമ്മതിക്കില്ല അമ്മ ചാകുമെന്ന് പറഞ്ഞു... പലരുടേയും പ്രണയം സ്റ്റോപ്പില്ലാത്തിടത് നിർത്തുമ്പോൾ പറയുന്നതാണ് അമ്മച്ചാകുമെന്ന പ്രയോഗം ആ പ്രയോഗം അവൾ എന്നിലൂടെ പരീക്ഷണങ്ങളില്ലാതെ വിജയം കണ്ടെത്തി. കൈ വിടരുതെന്ന് കരഞ്ഞു പറഞ്ഞു ജീവന്റെ തുടിപ്പോളമായിരുന്ന അവളെനിക്ക് പക്ഷേ അമ്മക്ക് വേണ്ടിയാണെന്നവൾ ആവർത്തിച്ചു പറഞ്ഞപ്പോൾ ആ വലിയ ഭ്രാന്താലയത്തിൽ ആ അമ്മ അത് ചെയ്യേണ്ടുവരാം .വിട്ടുകൊടുക്കാൻ മനസ്സില്ലാതെ ഞാനവളെ അമ്മക്ക് തിരികെ നൽകി എന്റെ ഓർമകൾ എപ്പോഴും നിന്നിലുണ്ടാകുമെന്നതിൽ എനിക്ക് സംശയമില്ല. പക്ഷേ എന്നെ ഒഴിവാക്കികൊണ്ട് മറ്റൊരാളെ പ്രീതിഷ്ഠിക്കുന്നതാണെങ്കിൽ നിന്റെ ജീവിതം പാഴാകുമെന്നെനിക്ക് പറയേണ്ടി വന്നു. അപ്പോഴും അവൾക്കൊരു മാറ്റവുമില്ലായിരുന്നു എന്റെ കരഞ്ഞുകലങ്ങിയ കണ്ണുകൾ കണ്ടത് കാടും തോടും മരങ്ങളുമായിരുന്നു അവരാണെന്റെ സാക്ഷികൾ എല്ലാം അവസാനിപ്പിച്ച പോകുന്നതിനു മുൻപ് അവൾ അറിയാതെ പറഞ്ഞുപോയൊരു കാര്യം ഞാനോർക്കുന്നു അച്ഛന്റെ ഉപദേശം !. എന്തുകണ്ടിട്ടാണ് നീ അവനെ സ്നേഹിച്ചത്? അവന് പൊക്കമുണ്ടോ? കാണാൻ കൊള്ളാമോ ? ഇതുപോലൊരു വീടുണ്ടോ സാമ്പത്തികമുണ്ടോ ? പിന്നെന്തുകണ്ടിട്ടാണ് നീ അവനെ സ്നേഹിച്ചത്? അവന്റെ അമ്മയൊക്കെ വയലിൽ ജോലിക്കുപോകുന്നവരാണ് നീ അവനെ അല്ലാതെ വേറാരെ സ്നേഹിച്ചാലും കുഴപ്പമില്ലെന്നുള്ളതായിരുന്നു പ്രിയപ്പെട്ട അച്ഛന്റെ ഉപദേശം!.ഒരുനിമിഷംകൊണ്ടെല്ലാം അവസാനിച്ചതിൽ പിന്നെ ഞാനവളെയൊന്ന് പിന്തുടർന്നു എന്റെ സംശയം സത്യമായിരുന്നു അമ്മക്ക് വേണ്ടിയല്ലവൾ പോയത് പകരം അച്ഛന്റെ വാക്ക് കേട്ടപ്പോൾ മറ്റൊരാളെ കണ്ടെത്തുകയായിരുന്നു.നാലുപേരടങ്ങുന്ന വലിയ വീട്ടിൽ ഒരിക്കൽപോലും സ്നേഹമെന്തെന്നോ മനസമാധാനമെന്തെന്നോ അറിയാത്തവർ പരസ്പരം സംസാരിക്കാനോ ഒരുമേശക്ക് ചുറ്റുമിരുന്നു കഴിക്കാനോ കഴിയാത്ത സാഹചര്യമുള്ള വീട്ടിലെ പ്രണയിനിയിൽ നിന്നും കൂടുതലൊന്നും പ്രതീക്ഷിക്കരുതായിരുന്നു.എല്ലാം നല്ലതിന് ഇന്നും അവളെന്നെ മായാത്ത സ്വപ്നം ചില ചോദ്യങ്ങളായി എന്നിലുണ്ട് ... ശെരിക്കും അവളെന്നെ സ്നേഹിച്ചിരുന്നോ ? അറിയില്ലെനിക്ക് പക്ഷേ അയാൾ പറഞ്ഞത് ശരിയാണ് എനിക്ക്,ഭംഗിയില്ല,പൊക്കമില്ല, സാമ്പത്തികമില്ല, വലിയ വീടില്ല, പക്ഷേ അയാളുടെ സമ്പാദ്യം മുഴുവൻ തന്നാലും വിലമതിക്കാനാകാത്ത മനസമാധാനവും സ്നേഹവും എന്റെ ചെറിയ വീട്ടിൽ ഉണ്ടായിരുന്നു.

പാടത്തും പറമ്പിലും പണിയെടുത്തു തന്നെയാണ് എന്റെ അമ്മ എന്നെ വളർത്തിയത് അതിൽ ഞാനൊരുപാട് അഭിമാനിക്കുന്നു.എന്റെ അമ്മയെപ്പോലെ നൂറുകണക്കിനമ്മമാർ കൊയ്ത് മെതിച്ച നെല്ലരി തന്നെയാണ് മൂന്നു നേരവും അയാൾ കഴിക്കുന്നതും എന്നിട്ടും കഴുതയെപോലെ ജീവിക്കുന്ന മനുഷ്യൻ.

സന്ധ്യ കഴിയുമ്പോൾ വീടിന്റെ വരാന്തയിൽ ജോലികഴിഞ്ഞ് വരുന്ന അച്ഛനെയും കാത്തിരിക്കുന്ന എന്റെ ദൂരകാഴ്ചയിൽ ഇരുട്ടുനിറഞ്ഞ വരമ്പിലൂടെ അച്ഛൻ വരുന്നത് കാണുമ്പോഴുള്ള സന്തോഷം പറഞ്ഞറിയിക്കാനാകാത്തതായിരുന്നു.അനുഭവിച്ചവർക്കേ അറിയൂ...കയ്യിൽ വലിയൊരു കവർ നിറയെ മക്കൾക്ക്



തുടരും പേജ്. 20

# കൊറോണയും പ്രബുദ്ധരും

പ്രബുദ്ധരെന്ന് സ്വയം അവകാശപെടുന്നവരാണ് ഞാനടങ്ങുന്ന മലയാളികൾ.കൊറോണയുടെ തുടക്കത്തിൽ മലയാളികൾക്ക് രോഗത്തോടുള്ള സമീപനം നമ്മൾ കണ്ടതാണ്. ദേശീയ തലത്തിൽ തന്നെ ചർച്ചയായി."ഇന്ന് കേരളം ചിന്തിക്കുന്നു നാളെ ഇന്ത്യ നടപ്പിലാക്കുന്നു"വെന്ന തരത്തിൽ വരെ സോഷ്യൾ മീഡിയകളിൽ ഹാഷ് ടാഗുകൾ നിറഞ്ഞു. ഇന്ന് ആ പ്രബുദ്ധരുടെ അധിക ആത്മവിശ്വാസം "ജീവന് വിലയുള്ള ജാഗ്രത"യായി മാറി. തുടക്കത്തിലെ കരുതൽ പിന്നെ കാണാനില്ലാതായി.കൊറോണയോട് യുദ്ധം ചെയ്യേണ്ടത് സർക്കാരിന്റെയും ആരോഗ്യ വകുപ്പിന്റെയും പോലീസിന്റെയും മാത്രം ഉത്തരവാദിത്വമാണ് ഞങ്ങൾ പ്രബുദ്ധർക്ക് ഇത് ബാധകമല്ലായെന്ന കാഴ്ച്ചയാണ് നാം പിന്നെ കണ്ടത്.പലരും മാസ്ക് വെക്കുന്നത് കൊറോണയെ ഭയന്നല്ല പോലീസിനെ ഭയന്നാണ്. താടിക്ക് മാസ്ക്,




ചെവിക്ക് മാസ്ക് എന്നാൽ വായക്കും മൂക്കിനും മാസ്ക് വെക്കാൻ നമ്മുടെ പ്രബുദ്ധർക്ക് കുറച്ചിലെന്ന മട്ടാണ്.കേരളം പിടിച്ച് കെട്ടി കൊണ്ടിരുന്ന കോറോണയെ ലോക് ഡൗൺ അവസാനിച്ചപ്പോൾ കൊറോണ കേരളത്തെ പിടിച്ച്കെട്ടുന്ന കാഴ്ചയായി മാറുന്നു. അധികാരികൾ ആവർത്തിച്ച് പറഞ്ഞു ലോക് സൗൺ നിയന്ത്രണം നീക്കിയത് സർക്കാരാണ് അല്ലാതെ കൊറോണയല്ലായെന്ന്.എല്ലാത്തിനും നമ്പർ വൺ ആയ മലയാളികൾ അതിന് ചെവികൊടുത്തില്ലായെന്ന് മാത്രമല്ല കൊറോണ വരുന്നത് പ്രവാസികൾക്കല്ലെ നമ്മൾ എന്തിന് വീട്ടലിരിക്കണമെന്നായി. നഗരങ്ങൾക്ക് പുറമെ ഗ്രമങ്ങളിലും ജനം യഥേഷ്ടം സഞ്ചരിച്ച് തുടങ്ങി .പിന്നാലെ കൊറോണ പോസിറ്റിവ് കേസുകൾ ഈ പ്രബുദ്ധരുടെ നാട്ടിലും വർദ്ധിക്കുന്ന കാഴ്ചനഗരങ്ങളും ഗ്രാമങ്ങളും ഇന്ന് കോറോണ ഭീതിയിലാണ് നമ്മുക്ക് വേണ്ടി രാത്രിയെ പകലാക്കി കഷ്ടപെടുന്ന ആരോഗ്യ പ്രവർത്തകരും നിയമപലകരും കോവിഡ് രോഗികളായി മാറുന്നു നമ്മുടെ പ്രവർത്തനങ്ങളാണ് അവരെയും രോഗികളാക്കി മാറ്റിയത്.പ്രബുദ്ധരെന്ന് അവകാശപെടുമ്പോഴും പ്രബുദ്ധരായി ജീവിക്കാൻ നാം മറക്കുന്നു അതിന് ഉദാഹരണമാണല്ലോ ഇതൊക്കെ.സുരക്ഷ ഉറപ്പ് വരുത്തേണ്ടതും ഉറപ്പാക്കേണ്ടതും നാം ഒരോരുത്തരുമാണ്. കൊറോണയിൽ നാം അതിജീവിക്കും അതിന് ജീവന് വിലയുള്ള ജാഗ്രത കൂടിയെ തീരൂ. നമുക്ക് അനുസരിക്കാം അരോഗ്യ വകുപ്പിനെ നിയമപാലകരെ, ഒരുമിച്ച് പൊരുതാം ഈ മഹാമാരിക്കെതിരെ...



**നൗഫിയ അൻവർ**

പണ്ട പൊതികളുമായി  ചുണ്ടിൽ പുകഞ്ഞു കത്തുന്ന പനാമ സിഗരറ്റും ടോർച്ച്ന്റെ മഞ്ഞ വെളിച്ചവുമായി ദൂരെ  വരമ്പിലൂടെ നടക്കുമ്പോൾ  തന്നെ ആ വരവിന്റെ വേഗതയറിയാം... വീടിന്റെ മുന്നിലൂടെയൊഴുകുന്ന തോട്ടിലിറങ്ങി കാലുകൾ വൃത്തിയായികഴുകി അരുകിൽ പൂത്തു നിൽക്കുന്ന കല്യാണസൗഗന്ധികവും പറിച്ചുകൊണ്ട് കരയിലേക്ക് കയറുമ്പോൾ ചുണ്ടിൽ പുകയുന്ന പനാമയെ മൂന്ന് വട്ടം ഇളുത്തു വലിച്ചത്തിന് ശേഷം തോട്ടിലേക്കൊഴുക്കുമായിരുന്നു. അച്ഛൻ അരികിലേക്കെത്തി കെട്ടിപിടിച്ച് മുഖത്താകെ   ഉമ്മകൾ തരുമ്പോൾ കോതി മടക്കിയ കൊമ്പൻ മീശകൾ നേർത്ത സൂചിപോലെ മുഖത്ത്  കൊള്ളുമായിരുന്നു ഒപ്പം പനാമയുടെ നേർത്ത  ഗന്ധവും അതായിരുന്നു അച്ഛന്റ മണം.. ആഹാ ഇപ്പഴും അച്ഛൻ  അടുത്തുള്ളതുപോലെരു തോന്നൽ.സ്നേഹവും സന്തോഷവും ആവോളമുള്ളോരു   കൊച്ചുകുടുംബം.

രാത്രി ചോറുകഴിക്കുമ്പോളെന്നും വിളമ്പി  തരാനായിരുന്നു അമ്മക്കേറെയിഷ്ടം.അച്ഛൻ കഴിച്ചതിന്റെ ബാക്കി എന്തിനാണമ്മ കഴിക്കുന്നത് വേറെ പത്രത്തിൽ കഴിച്ചൂടെ?...ഞാനൊരുപാട്  ചിന്തിക്കുകയും ഒരുപാട് ചോദിക്കുകയും ചെയ്തു പക്ഷേ ഉത്തരമില്ലാത്ത ചോദ്യത്തിനൊടുവിൽ അച്ഛൻ ബാക്കിവെച്ച ചോറുപാത്രം എന്റെ കൈതട്ടി തറയിൽ വീണപ്പോൾ അമ്മക്ക് ചോറുകോരൻ ഞാൻ അടുക്കളയിലെത്തിയപ്പോളാണ്  അച്ഛൻ ബാക്കിവെച്ച ചോറെന്തിനാണമ്മ കഴിക്കുന്നതെന്ന ചോദ്യത്തിന് ഉത്തരം കിട്ടിയത്!. അച്ഛൻ ബാക്കിവെക്കുമെന്ന അമ്മയുടെ പ്രതീക്ഷയും... അമ്മക്ക് കഴിക്കാൻ കലത്തിലൊരു വറ്റുപോലുമില്ലെന്ന അച്ഛന്റെ കരുതലുമാണ് യഥാർത്ഥ പ്രണയവും സ്നേഹവുമെന്ന് ഞാൻ മനസിലാക്കി.സാഹചര്യങ്ങൾ മാറി മറിഞ്ഞു അസുഖങ്ങൾ അച്ഛനെ തളർത്തി ഒടുവിൽ വിധിയിലെത്തിപെട്ടു. പിന്നെയും ഏറെ ദൂരം സഞ്ചരിക്കാനുള്ളതുകൊണ്ട് തന്നെ  ഇല്ലായ്മകളും വല്ലായ്മകളും കണ്ടും കേട്ടും വളർന്ന ഞാനും അമ്മക്കൊരു കൈ താങ്ങായി സഞ്ചരിച്ചുതുടങ്ങി  അറിവുവെച്ച കാലംമുതൽ പാടത്തും പറമ്പിലും തുടങ്ങി ഒരുപാട് ജോലികളിൽ ഞാനും എന്റെ കരങ്ങൾ പതിപ്പിച്ചു എന്നിട്ടും ഒന്നും നേടാനായില്ല.എന്റ കൂട്ടുകാർ  സൈക്കിളുമായി വരമ്പിലൂടെ പാഞ്ഞുപോകുമ്പോൾ കൊതിയോടെ നോക്കിനിൽക്കാനേ എനിക്ക് കഴിഞ്ഞിട്ടുള്ളൂ.ആവേശത്തോടെ  ചോദിച്ചിട്ടും അവർ  തരാതെ പോകുമ്പോൾ ഒരിക്കൽപോലും ഒരു സൈക്കിൾ വാങ്ങിത്തരാൻ ഞാൻ അമ്മയോട് പറഞ്ഞിട്ടില്ല. സൈക്കിൾ മേടിക്കണമെന്നു ഒരുപാട് ആഗ്രഹിക്കുമ്പോളൊക്കെയും മനസ്സിൽ ഓടിവരുന്നത് നാല് കാത് കുട്ടയിൽ മുഖത്തൂടെ ഒലിച്ചിറങ്ങുന്ന ചാണകവളം ചുമക്കുന്ന അമ്മയുടെ മുഖമായിരുന്നു  പിന്നെ സൈക്കിളെന്ന മോഹം അതോടെ തുരുമ്പെടുത്തുനശിച്ചു..

അമ്മയെ സ്നേഹിക്കുന്നൊരു മകൻ വീട്ടിലുണ്ടെങ്കിൽ ഒരുതവണയെങ്കിലും റേഷൻകടയിൽ പോയിട്ടുണ്ടാവുമെന്നതാണ് സത്യം. പക്ഷേ അമ്മയെന്ന സത്യത്തെ മനസ്സിലാക്കാൻ അതുമാത്രം പോരാതെവരും.. ജനിച്ചനാൾ മുതൽ  കഷ്ടപ്പാടിന്റെ കരിയില ചുമ്മാട് തലയിൽ വെച്ചുകെട്ടിയ എന്റെ അമ്മക്ക് ഒരിക്കൽപോലും അത് അഴിച്ചുമാറ്റാൻ  കഴിഞ്ഞിട്ടില്ല...ഒരുപാട് ആഗ്രഹങ്ങൾ അമ്മക്കുമുണ്ടായിരിക്കണം പക്ഷേ ഒന്നുപോലും സാധിച്ചിട്ടുണ്ടാകില്ല ആ പാവം.

മക്കളുടെ ആഗ്രഹങ്ങൾ സാധ്യമാക്കുന്ന അമ്മമാർക്കിടയിൽ എന്റെ അമ്മക്ക് സ്ഥാനമില്ലെന്ന തിരിച്ചറിവുള്ളതുകൊണ്ടാകാം എന്റെ ചിന്തകളിൽ അത്തരം ആഗ്രഹങ്ങളൊന്നുമില്ലെന്നുവേണം പറയാൻ.ഒപ്പം നടന്നവരും പിറകേ നടന്നവരും ഏറെ ദൂരം മുന്നിലെത്തി അവരെയൊക്കെ  കാണുമ്പോഴാണ് ഇക്കാലമത്രയും എന്നെ  എവിടെയോ കെട്ടിയിട്ടിരുന്നതുപോലെ തോന്നി പോകുന്നു... സൈക്കിളിൽ നിന്ന് ബൈക്കിലേക്കും ബൈക്കിൽനിന്ന് കാറിലൂടെയും  സഞ്ചരിക്കുന്ന സഹപാഠികൾക്കു മുന്നിൽ കൂട്ടുകാർക്കുമുന്നിൽ നാട്ടുകാർക്കുമുന്നിൽ  ഇന്നും സ്വന്തമെന്ന് പറയാൻ സൈക്കിളോ ബൈക്കോ എന്തിനേറെ  ഒരു കളിപ്പാട്ടം പോലുമില്ല.ഹ്ഉം. പുച്ഛം ഞാൻ എനിക്ക് നൽകുന്ന അംഗീകാരമാണ്!.

കാലചക്രത്തിന്റെ ഇരുണ്ട ഇടനാഴികളിലെപ്പഴോക്കെയോ അമ്മ തന്നിരുന്ന പത്തുരൂപ നോട്ടുകൾ മുട്ടപോണിയിലും റേഷനരി പാത്രത്തിലും തുടങ്ങി അടുക്കളയിലെ ഒട്ടുമിക്ക കുപ്പികൾക്കുളിലും കിടന്ന്

പാവം ഗാന്ധിജിയുടെ കണ്ണുകൾ നീറിയും ശ്വാസം മുട്ടിയുമാണ് എന്റെ കയ്യിലെത്തുന്നത് അപ്പോഴേക്കും ആ നോട്ട് ചുരുണ്ടുകൂടി മരിച്ചിട്ടുണ്ടാകും പക്ഷേ അമ്മയുടെ ഒരുതുള്ളി വിയർപ്പെങ്കിലും അതിലുണ്ടാവുമെന്നുള്ളതുകൊണ്ട് ചിലവാക്കാൻ മടിയായിരുന്നു. പത്തു രൂപ സൂക്ഷിച് വെക്കാൻമാത്രം ഞാൻ പണക്കാരനല്ലാത്തതുകൊണ്ട്  ചിലവാക്കാതെ മറ്റൊരു മാർഗ്ഗമില്ലായിരുന്നു.

അമ്മയെന്ന സത്യത്തെ തിരിച്ചറിഞ്ഞ നാൾമുതൽ മറുത്തൊരു വാക്ക് പറഞ്ഞിട്ടില്ല. അമ്മയെന്ന മഹാ ശക്തിയെ  പഠിക്കണമെങ്കിൽ ഒരു ജീവിതം പോരാതെ വരുമെന്ന തിരിച്ചറിവാണ് അമ്മയോടുള്ള സ്നേഹവും കടപ്പാടും   അത്രയും വലിയൊരു സ്നേഹപുസ്തകമാണ് അമ്മ ...കാരുണ്യത്തിന്റെ ഉറവിടമാണ് അമ്മ... സഹനത്തിന്റെ പ്രതീകമാണ് അമ്മ... ചുക്കിച്ചുളിഞ്ഞ് ജീർണിച്ച ശരീരമാണ് അമ്മ ,വാക്കുകളിൽ മാത്രം ഒതുങ്ങിനിൽക്കാത്ത പ്രപഞ്ചമാണ് അമ്മ... ഇന്നും ഇരുണ്ടടഞ്ഞ മുറികളിൽ  ശകാരത്തിന്റെ ഒച്ചപ്പാടുകളാൽ വലിച്ചെറിയപെടുന്നവരാണ് അമ്മയെന്നതിൽ ദുഖമുണ്ട്.

ആരാധനാലയങ്ങളും  വേദ ഗ്രന്ഥങ്ങളും നെഞ്ചോടു പിടിക്കുന്ന മനുഷ്യ ജൻമങ്ങളേ...ഈ പാവങ്ങൾ നിങ്ങൾക്കെവിടെ കളയാനാകും? നിങ്ങൾ മുറുകെ പിടിച്ച ബൈബിളിലും..നിങ്ങൾ മുറുകെ പിടിച്ച ഭഗവത് ഗീതയിലും.. നിങ്ങൾ മുറുകെ പിടിച്ച ഖുറാനിലുമുള്ള അമ്മമാർ നിങ്ങളുടെ വീടുകളിലുണ്ടോ?ഇല്ല ഉണ്ടാവില്ല.. പരിശുദ്ധാ ഖുർആനിൽ  "ച്ചേ" എന്ന വാക്കുപോലും അമ്മയോട് പറയരുതെന്ന് പഠിപ്പിക്കുന്നു. എന്നിട്ടും അമ്മയെന്ന പെറ്റവയറിനെ നിങ്ങൾ കാണാതെ പോകുന്നില്ലേ?? തിരക്കുള്ള പാതയോരങ്ങളിൽ കൊണ്ട് നിർത്തി

ഇപ്പൊ വരാമെന്നു പറഞ്ഞു നിങ്ങൾ അമ്മയെ ഉപേഷിച്ചുപോകുമ്പോൾ എന്റെ മകനിപ്പോൾ വരുമെന്ന പ്രതീക്ഷയിൽ ആ കണ്ണുകൾ നോക്കിയിരിക്കുന്നുണ്ടാകും.വൃദ്ധാസദനങ്ങളിലും... അമ്പലങ്ങളിലും.. പള്ളികളിലും ആളൊഴിഞ്ഞ സ്ഥലങ്ങളിലും അമ്മയെ  ഉപേക്ഷിച്ചു മടങ്ങുമ്പോൾ എത്ര വലിയ സമാധാനമാണ് നിങ്ങൾക്ക് കിട്ടുന്നത് ?? മണിമാളികയിലെ ഒഴിഞ്ഞ മുറിയിൽ

പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017

എത്ര വലിയ നിശബ്ദതയാണ് നിങ്ങൾ നേടിയത്???

അമ്മയെന്ന ജീർണ്ണിച്ച ശരീരം ശല്ല്യമായ് തുടങ്ങുമ്പോൾ നിങ്ങൾ ചെയ്യേണ്ടത് കൈക്കുഞ്ഞുമായി നിൽക്കുന്നൊരമ്മയെ ഏറെ നേരം നോക്കിനിൽക്കണമെന്നതാണ് .തട്ടിയും തലോടിയും ചുംബിച്ചും മാറോടണച്ചുറക്കിയും നിധി പോലെ സൂക്ഷിച്ചുകൊണ്ട് താരാട്ട് പാടിയും പാലൂട്ടിയും കൊണ്ടുനടക്കുന്നത് കാണാൻ കഴിയും ഇതൊന്നും നിങ്ങളുടെ ഓർമയിലുണ്ടാകില്ല എത്രയോ പ്രാർത്ഥനകൾക്കൊടുവിലും ത്യാഗങ്ങൾക്കൊടുവിലു മാണ് നിങ്ങളും ഞാനുമടങ്ങുന്ന ശരീരങ്ങൾ രൂപം കൊണ്ടിട്ടുള്ളത്.



**മണികണ്ഠൻ പാലോട്**

ഇനിയും നിങ്ങൾക്ക് തിരിച്ചറിയാനോ തിരുത്താനോ കഴിഞ്ഞില്ലെങ്കിൽ ഈ ജീവിതംകൊണ്ട് നിങ്ങൾ നേടിയതൊന്നും അനുഭവിച്ച് തീർക്കാൻ ബാക്കിവെക്കാതെ കാലം നിങ്ങളെ തിരിച്ചുവിളിക്കും

ശരാശരി അറുപതു വർഷംവരെ ആയുസ്സുള്ള മനുഷ്യന്റെ ഈ ചെറിയ ജീവിതത്തിൽ പണവും പദവിയുമാണ് ഭാഗ്യമെന്നും സമ്പാദ്യമെന്നും കരുതുന്നവരുണ്ടെങ്കിൽ ഞാനവരോട് പറയാനാഗ്രഹിക്കുന്നത് അച്ഛനും അമ്മയും ജീവിച്ചിരിക്കുന്നസമയമാണ് ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യവും സമ്പാദ്യവും അമ്മയെ പരിചരിക്കാൻ കഴിയുന്നതാണ് അതിലും വലിയ ഭാഗ്യമെന്ന് ഓരോ മക്കൾക്കും തിരിച്ചറിവുണ്ടാകണം.പണമോ സമ്പാദ്യമോ അല്ല എന്റെ ഭാഗ്യം എന്റെ അമ്മ ജീവിച്ചിരിക്കുന്നടത്തോളം കാലം എനിക്ക് ജീവിക്കാൻ കഴിയുന്നതാണ് എന്റെ സമ്പാദ്യവും എന്റെ ഭാഗ്യവുമെന്ന് ഞാൻ വിശ്വസിക്കുന്നു!. പൊഴിഞ്ഞു പോയ പ്രണയം അമ്മയിൽ ഞാൻ വീണ്ടെടുക്കുന്നു അതെ പ്രണയിക്കേണ്ടത് അമ്മയെയാണ് ആഗ്രഹങ്ങൾ സഫലമാക്കുന്നുണ്ടെങ്കിൽ അത് അമ്മയുടേതായിരിക്കണം!

അമ്മേ... ക്രൂരത കൈവിടാത്ത മക്കളെ പെറ്റത് നിങ്ങളുടെ തെറ്റല്ല...അമ്മയെ ഓർമിക്കാൻ കലണ്ടറിൽ ദിവസ്സം മാറ്റിവെച്ചതും നിങ്ങളുടെ തെറ്റല്ല... മക്കളാൽ ചെയ്തുപോയ തെറ്റുകൾക്ക് പ്രപഞ്ചത്തിലെ എല്ലാ അമ്മമാരോടും ക്ഷമ ചോദിക്കുന്നു....കാലത്തിന്റെ രഥചക്രങ്ങൾ ഉരുണ്ട് നീങ്ങുമ്പോൾ വൃദ്ധ സദനങ്ങൾ അതിനടിയിൽപെട്ട് തകർന്ന് പോകട്ടെ... പുതിയതൊന്ന് ഉയരാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കുമ്പോഴും അമ്മമാരേ നിങ്ങളുടെ സമ്പാദ്യങ്ങൾ നിങ്ങളുടെ കാലശേഷം മാത്രം മക്കൾക്കനുഭവിക്കാനുള്ള നിയമ നടപടികൾ കൈ കൊള്ളണമെന്ന അഭ്യർത്ഥന ബാക്കി നിർത്തുന്നു!.



# കാലം മാറി..




ഞാനും നിങ്ങളും പോരാട്ടം ആരംഭിച്ചു കഴിഞ്ഞു. വെറും പോരാട്ടമല്ല, അതിജീവനത്തിനായുള്ള പോരാട്ടം. ശിലായുഗത്തിൽ കമ്പും കല്ലും ആയുധമാക്കി കൊണ്ടുനടന്നിരുന്ന മനുഷ്യർക്കിടയിൽ അവളും ഒരു നിരുപദ്രവ കാരിയായി ജീവിച്ചിരുന്നു. എന്നാലിന്ന് വെട്ടിപ്പിടിക്കാൻ കൊതിക്കുന്ന മാനുഷനെ പോലെ അവളും കുറ്റൻ പടച്ചട്ടയണിഞ്ഞു രംഗത്തിറങ്ങി. ഒരുപാട് പേരുടെ ചോര കുടിച്ചിട്ടും കലിയടങ്ങാതെ അവൾ മുന്നേറുന്നു. നിരവധിപേർ ഇതിനകം തന്നെ കാലയവനികക്കുള്ളിൽ മറഞ്ഞുകഴിഞ്ഞു. മരിച്ചവരുടെ ശരീരം കൈ കൊണ്ടു തൊടാൻപോലും മടിച്ച് മറ്റുള്ളവർ അകന്നു നിന്നു. മാനവികതയും സാഹോദര്യവും എങ്ങോ മറഞ്ഞുപോയിരിക്കുന്നു.

പ്രകൃതിയെ മനുഷ്യൻ പ്ലാസ്റ്റിക് കൊണ്ടു നിറച്ചപ്പോൾ പ്രകൃതി മനുഷ്യനെ പ്ലാസ്റ്റിക് കവറിട്ടു നടത്തിച്ചു. ഇനിയെങ്കിലും നാം തിരിച്ചറിയണം നമ്മൾ ആരും തന്നെ പ്രകൃതിയോട് കിടപിടിക്കാൻ പോന്നവരല്ല എന്ന സത്യം. അവസാനം മനുഷ്യന്റെ അഹങ്കാരം ശമിപ്പിക്കാൻ പ്രപഞ്ച നാഥനായ സൂര്യന്റെ പുത്രിയെ പോലെ അവൾ വരേണ്ടി വന്നില്ലേ. സകല സൗഭാഗ്യങ്ങളും തന്ന് ജീവിക്കാൻ അനുവാദം തന്ന പരബ്രഹ്മത്തെയും. പ്രകൃതിയെയും പരീക്ഷണ വസ്തു ആക്കിയ മനുഷ്യന് കിട്ടിയ തിരിച്ചടിയാണ് ഇതു. അമ്മയെന്ന മഹത്വത്തെയും പ്രകൃതി എന്ന സത്യത്തെയും നാം തിരിച്ചറിയാൻ പഠിക്കണം. നാം ഓരോരുത്തരും ഭൂമിയിലേക്ക് പിറന്നു വീഴുന്നത് ശൂന്യമായ കര ങ്ങളുമായിട്ടാണ്. പോകുന്നതും അങ്ങനെ തന്നെ. ഇതിനിടയിൽ നാം നേടുന്നതൊന്നും ശാശ്വതമല്ല എന്ന് കാലം തെളിയിച്ചില്ലേ?

കാലത്തിന്റെ കരുത്തായി മാറിക്കൊണ്ടിരിക്കുന്ന ആരോഗ്യപ്രവർത്തകരെയും പ്രകൃതിയെ സ്നേഹിക്കുന്ന പച്ചയായ മനുഷ്യരെയും (പ്രകൃതി യുടെ പച്ചപ്പിനെ സ്നേഹിച്ച നമുക്ക് സുപരിചിതനായിരുന്ന കമറുദിന് സാറിനെയും ഞാൻ നന്ദിയോടെ സ്മരിച്ചു കൊള്ളുന്നു. 🙏🌹🙏



സുരേഷ് പച്ച

# ഒരു കൊറോണ കാലം



ഇന്നത്തെ കാലം വളരെ അപകടകാരിയാണ്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ അപകടം വരുന്ന കാലമാണ് ഇത്. അപ്പോഴാണ് അപ്രതീക്ഷിതമായി ലോകത്തെ മുഴുവനും നശിപ്പിക്കാനായി ഒരു അസുരൻ വന്നത്. ചൈനയിൽ നിന്നു തുടങ്ങി ഇപ്പോൾ ലോകം മുഴുവനും പടന്നിരിക്കുന്ന  വിനാശകാരിയായ കൊറോണ എന്ന കോവിഡ് 19.  ഈ വൈറസിനെ തടയാനായി പല ആരോഗ്യകേന്ദ്രങ്ങളിൽ നിന്നും കോവിഡ് 19 എന്ന വാക്സിൻ കണ്ടു പിടിക്കുകയാണ്. പണ്ടത്തെ കാലത്ത് എന്ത് വലിയ അസുഖങ്ങൾ വന്നാലും അവർക്കു അതിനെ ചെറുത്തു നിൽക്കാൻ സാധിച്ചിരുന്നു. എന്നാൽ ഇപ്പോഴത്തെ കാലത്തു കൊറോണ കാരണം എത്രയോ മനുഷ്യ ജീവനുകൾ മരിച്ചു കഴിഞ്ഞു.  ഇനി എന്നാണ് നമ്മുക്ക് ആവേശത്തോടെ, സന്തോഷത്തോടെ സുരക്ഷിതമായി പുറത്തിറങ്ങാൻ കഴിയുക. കോവിഡ് 19 എന്നാ മഹാമാരിയെ തടയാൻ നമ്മുക്ക് പറ്റും.

ഒരുപക്ഷെ ഇത് ആദ്യമായിട്ടാകും ലോകമെമ്പാടും ഒരു വൈറസ് വിഴുങ്ങുന്നത്. നമ്മൾ ഇതിനെ അതിജീവിക്കും. അതിനുവേണ്ടി നമ്മൾ പുറത്തിറങ്ങുമ്പോൾ എപ്പോഴും മാസ്ക്ക് ധരിക്കുക, സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ കഴുകുക, സാമൂഹിക അകലം പാലിക്കുക എന്നിങ്ങനെയാണ് കോവിഡ് 19 നെ അതി ജീവിക്കാൻ കഴിയുക.

കുട്ടികളുടെ ആഗ്രഹങ്ങൾ കോവിഡ് 19 പിടിച്ചുകെട്ടി. അവർക്കു സ്കൂളിൽ പോകാനോ, കളിക്കുവാനോ, കഴിയുന്നില്ല. അവർ വളരെയധികം ദുഖിതരാണ്. അവർക്കും പുറത്തിറങ്ങാൻ ഒരു നാൾ വരും. ഈ മഹാമാരിയ്ക്കു എത്രയും പെട്ടന്ന് വാക്സിൻ കണ്ടുപിടിക്കട്ടെ....!!!



നാസിയ ഷെരീഫ്

പാലോട് പ്രവാസി കൂട്ടായ്മ
PALODE PRAVASI KOOTTAIMA
REG. NO: TVM/TC/961/2017

# ഇനി ഒരു പകൽ

നേരം പുലർച്ചെ ആകുന്നതേ ഉള്ളൂ കിണറ്ററിന്റെ വക്കത്തു നല്ല രീതിയിൽ ശബ്ദം കേട്ടാണ് ആയിഷ ഉണർന്നത് .മുമ്പ് ഇന്ന് നേരത്തെ എഴുന്നേറ്റോ ആയിഷ മനസ്സിൽ പറഞ്ഞു കൊണ്ട് എഴുന്നേറ്റു. നേരെ മക്കളായ സുൽത്താനയുടെയും ഹാദിയ യുടെയും അടുത്തേക്ക് പോയി

ഒരു ഇടിഞ്ഞിയ റൂമും ചെറിയ അടുക്കളേയും ഒരു ഇടനാഴിയും ഉൾപ്പെട്ട അത്യാവിശം സൗകര്യം മാത്രമുള്ള ഭവനമാണ് ആയിശയുടേത് ഈ ഇടനാഴിയിൽ ആണ് മകൾ ഇരുപേരും കിടക്കാറുള്ളത്

ആയിഷ മൂത്തവളായ സുൽത്താനെയെ വിളിച്ചു മോളെ എഴുനെല്ക്കു സുബഹി നിസ്കരിക്കണ്ടേ പതിവ് പോലെ ഉമ്മ ഒരു 5 മിനിറ്റ് എന്നും പറഞ്ഞു തിരിഞ്ഞു കിടന്നു രണ്ടാമതായി ഹാദിയയെ വിളിച്ചു അവള് അതെ മറുപടിയിൽ.

അപ്പോൾ പുറത്തു നിന്നുകൊണ്ട് മക്കൾ എഴുനെറ്റില്ലെ ആയിഷ എന്ന് ഉപ്പയുടെ ഉച്ചത്തിലുള്ള ശബ്ദം കേട്ട് ഇരുവരും ചാടി എഴുന്നേറ്റു .

പതിവ് പോലെ ഇസ്ഹാക് പ്രിയ പത്നി ആയിഷയും മക്കളയായ സുൽത്താനാകയും ഹാദിയ യുമായി സുബഹി നമസ്കരിച്ചു

ഇസ്ഹാക്കിനു ഒരു പതിവ് ഉണ്ട് സുബഹി നമസ്കരിച്ചു ദുആ ചെയ്തു കഴിഞ്ഞാൽ വരാന്തയിൽ ചാര് കസേരയിൽ വന്നിരിക്കും ഒരു കടയിൽ ജോലി ഉണ്ട് ഇസ്ഹാക്കിനു കടയിൽ പോകുന്നതുവരെ വരാന്തയിൽ ഇരിക്കാനാണ് ഇസ്ഹാക്കിനു ഇഷ്ട്ടം.

ആയിഷ സുലൈമാനി ഇട്ടു ഇസ്ഹാഖിന്റെ കൈയിൽ കൊടുത്ത ശേഷം

ആയിഷ : ഇന്ന് കദീജയെ കാണാൻ കുറച്ചു പേർ വരുന്നുണ്ട് .

ഇസ്ഹാക് : ഉം ഞാൻ അറിഞ്ഞു റസാഖ് എന്നോട് പറഞ്ഞു (അയാൾ വാസികളായ റംലയുടേം റസാക്കിന്റേം മകളാണ് കദീജ ) അവിടം വരെ ചെല്ലാൻ പറഞ്ഞു പോണം എന്തേലും ആവശ്യത്തിനു അയാൾ വക്കകാരായ അവർ അല്ലെ ഉള്ളൂ........... ഇസ്ഹാക് പറഞ്ഞു

ആയിഷ :സുൽത്താനയും ഖദീജയും കളിച്ചു വളർന്നവരാ ഒരേ പ്രായവും നമ്മുടെ മോളേം വിവാഹം കഴിപ്പിച്ചു അയക്കണ്ടേ ഈ വര്ഷം കൂടി കഴിഞ്ഞാൽ സുൽത്താന ഡിഗ്രി കഴിയും ഹദിയയും പ്രായമായി വരുകയാ ഈ വര്ഷം കഴിഞ്ഞാൽ അവളും SSLC യ അതും പറഞ്ഞു ആയിഷ അടുക്കളയിലേക്കു നടന്നു

ഇസ്ഹാക് : അവൾ പടിക്കുകയല്ലേ ആയിഷ പടിക്കട്ടെ സമയമാകുമ്പോൾ പടച്ചവൻ ഒരു വഴി കാട്ടിത്തരാതിരിക്കില്ല

ഇതും പറഞ്ഞു ഇസ്ഹാക് ചാരുകസേരയിൽ ചാരികിടന്നു .കുറച്ചു കഴിഞ്ഞു

ആയിഷ സമയം എത്ര ആയി .........അകത്തു നിന്ന് ഹാദിയ ഉപ്പ 7 മാണി ആകാൻ പോകുന്നു ........

ഏതു കേട്ട ഇസ്ഹാക് .....ആയിഷ കടയിൽ പോകാൻ സമയമായി കഴിക്കാൻ ഉള്ളത് വല്ലതും ആയോ ..........

ഇത് കേട്ട ആയിഷ ........ആയി ഞാൻ എടുക്കുകയാ .....ഇതും പറഞ്ഞു ആയിഷ ഭക്ഷണവുമായി ഇസ്ഹാക്കിന്റെ അടുത്തേക്ക് ....

അകത്തു നിന്ന്

ഹാദിയ: ..... ഉപ്പ ....എന്ന് ഉറക്കെ വിളിച്ചു ഇന്ന് ട്യൂഷൻ ഫീസ് കൊടുക്കണം.......

അപ്പോൾ ഇസ്ഹാക് ..ആയിഷ... മോൾക്ക് പോക്കറ്റിൽ നിന്ന് ട്യൂഷൻ ഫീസ് എടുത്തു കൊടുക്ക്. ........

എന്നിട്ടു മക്കള് കഴിച്ചോ ആയിഷ .....കഴിച്ചു അവർ പോകാൻ ഇറങ്ങുകയായി ...... ഇതും പറഞ്ഞു ആയിഷ അകത്തേക്കു കയറി പോയി ....... ഇസ്ഹാക് ഭക്ഷണവും കഴിച്ചു കടയിലേക്ക് പോകാൻ തയ്യാറായി ..........അപ്പോൾ അതാ ഉച്ചത്തിൽ ആരോ കൂകി വിളിച്ചു വരുന്നു

ഇത് കേട്ട ആയിഷ ഇക്ക ജമാൽ ആണെന്ന് തോന്നുന്നു .....

പറഞ്ഞു തീർന്നില്ല പുറത്തു നിന്ന്

ആയിഷത്താ .........ആയിഷാത്ത ......എന്നൊരു വിളി ....



ആയിഷ നേരെ പുറത്തേക്കു ...നല്ല പിടക്കുന്ന അയല ഉണ്ട് എടുക്കട്ടേ അയിഷാത്ത ....

ഇസ്ഹാക് പുറത്തേക്കു വന്നു ജമാലെ.....ഇന്ന് അയല മാത്രേ ഉള്ളോ ജമാല് ...ഇക്കാ... മീൻ കുറവാ.........ഇസ്ഹാക് നേരെ ജമാലിന്റെ സൈക്കളിലെ കുട്ടയിൽ നിന്ന് അയല എടുത്തു എത്രയാ ഇതിന്റെ വില ...

ജമാല് 2 എണ്ണം 100 രൂപയാ. ഇക്കാക് 3 എണ്ണം തരാം.....ജമാലിന്റെ സ്ഥിരം നമ്പർ അങ്ങ് ഇറക്കി ഇസ്ഹാക് ചെറു ചിരിയോടെ .......ആയിഷ വാങ്ങിക്ക



ഷജീർ

PALODE PRAVASI KOOTTAIMA
പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017

ആയിഷ നേരെ പാത്രം എടുത്തു ജമാലിന്റെന്ന മീൻ വാങ്ങി അടുക്കളയിലേക്ക നടന്നു

ഇസ്ഹാക് പോക്കറ്റിൽ നിന്നു 100 രൂപ എടുത്തു ജമാലിന് കൊടുത്തു ...

ജമാല് കൂകി വിളിച്ച അടുത്ത സ്ഥലത്തേക്കും ....ഇസ്ഹാക് ആയിഷ ഞാൻ ഇറങ്ങുന്നു .....ആയിഷ അകത്തു നിന്നു നിങ്ങൾ എപ്പോഴാണ് വരുക റംലര അവിടം വരെ പോകണ്ടേ ...ഇസ്ഹാക് ...എപ്പോഴാണ് കൂട്ടർ കാണാൻ വരുക....

ആയിഷ 11 മണിനാ ..പറഞ്ഞെ

ഇസ്ഹാക് ...ഉം ഇൻഷാഅള്ളാഹ് ഇതും പറഞ്ഞു മുന്നോട്ട നടന്നു ..

ഉമ്മ അസ്സലാമു അലൈകും ഞങ്ങളും ഉണ്ട് വാപ്പ ഇതും പറഞ്ഞു നേരെ ഹാദിയ ഇസ്ഹാക്കിന്റെ അടുത്തേക് കൂടെ സുൽത്താനയും.......

ആയിഷ അടുക്കള ജോലിയിലേക്കും........

കുറച്ചു സമയം കഴിഞ്ഞു..........

വീട്ടു ജോലിയിൽ ഏർപ്പെട്ടിരുന്ന ആയിഷ പെട്ടാണ് ആരോ വിളിക്കുന്നത് കേട്ട് പുറത്തു ചെന്ന് നോക്കി അപ്പോൾ ഒരു പട് വൃദ്ധൻ മെലിഞ്ഞു ഉണങ്ങി മുശിഞ്ഞ വസ്ത്രവും കയ്യിൽ മുഴുവൻ തുന്നലുകളുള്ള കറുത്ത ഒരു ബാഗുമായി നില്കുന്നു.

വൃദ്ധൻ: ഇത് ഇസ്ഹാക്കിന്റെ വീടല്ലേ മോളെ അതെ ഞാൻ കുറച്ചു ദൂരെ നിന്ന് വരികയാ എനിക്ക് ആദ്യം കുറച്ചു വെള്ളം തരാമോ

ആയിഷ : അതിനെന്താ

ആയിഷ വെള്ളം കൊണ്ട് കൊടുത്തു

ആയിഷ : നിങ്ങൾ എവിടന്നു ആണ് വരുന്നത് ,നിങ്ങൾ നല്ല ക്ഷീണമുണ്ടല്ലോ നിങ്ങൾ ആദ്യം

ഈ വരാന്തയിൽ ഇരിക്കൂ

ആയിഷ പറഞ്ഞു... ഇത് കേട്ട് ആ വൃദ്ധൻ വരാന്തയിലേക്ക് ഇരുന്നു........................

വൃദ്ധൻ : ഞാൻ കുറച്ചു ദൂരെന്ന ഇസ്ഹാക്കിനെ മരിക്കുന്നതിന് മുൻപ് ഒന്ന് കാണാൻ വന്നതാ.

ആട്ടെ മോളെ നീ ഇസ്ഹാക്കിന്റെ ആരാ

ഇടറിയ ശബ്ദത്തിൽ വൃദ്ധൻ ചോദിച്ചു

ആയിഷ : ഞാൻ ഇസ്ഹാഖിന്റെ ഭാര്യ ആണ് നിങ്ങൾ ആരാണ് ഇക്കയെ എങ്ങനെ അറിയാം

എന്തിനാണ് ഇക്കയെ കാണുന്നത് .ഇക്ക ഇപ്പോൾ എവിടെ ഇല്ല ജോലിക്ക പോയതാവരാൻ കുറച്ചു താമസിക്കും

കുറച്ചു നേരം മിണ്ടാതെ നിശബ്തതനായി നിന്നു...

ആയിഷ വീണ്ടും ചോദിച്ചു ആരാ നിങ്ങൾ..............

വൃദ്ധൻ: മോളെ ഞാൻ ഇസ്ഹാക്കിന്റെ വാപ്പ ......

ഇത് പറഞ്ഞതും കുറച്ചു നേരം ചുമച്ചു

സലാം ആണ് വർശങ്ങൾക്ക മുൻപ് ഞാൻ ഇസ്ഹാക്കിനേം അവന്റെ ഉമ്മ ജമീലയേം.ഉപേക്ഷിച്ചു പോയതാണ് അന്ന് എനിക്ക് പണവും കൂട്ടുകാരും എല്ലാം ഉണ്ടായിരിന്നു വേറൊരു വിവാഹവും കഴിച്ചു അവരാരും ഇന്ന് എന്റെ കൂടെ യില്ലേ എല്ലാം ഞാൻ ചെയ്ത തെറ്റ്................

പറഞ്ഞു തീരും മുൻപ് കണ്ണ് നിറഞ്ഞു ശബ്ദം ഇടറി കയ്യിൽ ഇരുന്ന ബാഗിൽ മുറുകി പിടിച്ചു കുറച്ചു നേരം നിശബ്തമായി നിന്ന്

ആയിഷ : (വളരെ പതുക്കെ) ഇക്കാക്ക ടൗണിലുള്ള ഒരു കടയിൽ ജോലിക്ക പോകുന്നു ഇപ്പോൾ വരും അയലത്തെ വീട്ടിലെ കുട്ടിയെ കാണാൻ ഇന്ന് ഒരു കൂട്ടർ വരുന്നുണ്ട് ഇക്കയെ അങ്ങോട്ട് ചെല്ലണം എന്ന് വിളിച്ചിട്ടുണ്ട് .

പറഞ്ഞു തീർന്നില്ല അതിനു മുൻബ് ഇസഹാക്ക് വരുന്നത് കണ്ട ആയിഷ ഇസ്ഹാക്കിന്റെ അടുത്തേക് ചെന്ന് സന്തോഷത്തോടെ ഇക്ക നിങ്ങൾ ഇപ്പോഴും ദുആ ചെയ്യാറിലെ വാപ്പയെ കുറിച്ച് ആ വാപ്പ വന്നിരിക്കുന്നു

ഇത് കേട്ട ഇസ്ഹാക് ഓടി വന്നു വാപ്പ എന്ന് വിളിച്ചില്ല അതിനു മുൻബ് വാപ്പ പൊട്ടി കരഞ്ഞു മോനെ എന്ന് വിളിച്ചു ഇസ്ഹാഖിനെ കെട്ടിപിടിച്ചു......

ഇസ്ഹാക് : എന്തിനാ വാപ്പ എന്നെയും ഉമ്മയേം ഇട്ടേച്ചു പോയത് കരഞ്ഞു കലങ്ങിയ

കണ്ണുകളോടെ ഒരു ചെറിയ കുട്ടിയെ പോലെ ഇസ്ഹാക് ചോദിച്ചു

സലാം : മോനെ നീ എന്നെ വെറുക്കരുത് ഇടറിയ ശബ്ദത്തിൽ മോനെ ഞാൻ ചെയ്ത തെറ്റിന് ഞാൻ ഇപ്പോഴനുഭവിച്ചു കൊണ്ടിരിക്കുവാണ് .

ഇസ്ഹാക്കിന്റെ കണ്ണ് നിറഞ്ഞു..... കുറച്ചു നേരം നിശബ്തമായി നിന്ന്

ഇസ്ഹാക് : വാപ്പ എന്റെ ഉമ്മ ഒരുപാട് കഷ്ടപ്പെട്ടാണ് എന്നെ വളർത്തിയത് വാപ്പ പോയ സങ്കടം എന്നെ അറിയിച്ചില്ല അവസാനം വളരെ വിഷമിച്ചാണ് ഉമ്മ മരിച്ചത് ......... ഉമ്മ മരിക്കുന്നതിന് മുൻപ് പറഞ്ഞ ഒരു കാര്യം വാപ്പയെ പറ്റി ആയിരുന്നു നീ വിശമിക്കണ്ട വാപ്പ തിരിച്ചു വരും ....എന്ന് ഞാൻ അന്ന് മുതൽ കാത്തിരിക്കുവാണ് എന്നും പടച്ച തമ്പുരാനോട് ദുആ ചെയ്യുകയും ചെയ്യും വാപ്പയെ ഒന്ന്

തുടരും പേജ് . 28




*Best Compliment's from ...*



# മാതൃസ്നേഹം



ദീപിക അരുൺ



മറക്കില്ലൊരിക്കലും നിൻ മുഖകാന്തിയെ
മറക്കില്ലൊരിക്കലും നിൻ സ്നേഹ നന്മയെ
ഉദരത്തിൽ നിന്നും തുടങ്ങിയ സ്നേഹത്തിൻ
പൊക്കിളിൻ കെട്ടഴിച്ചെത്തി പാരിൽ
വളർന്നവൻ  ലോക നെറുകിലെത്തി
എന്നാലും 'അമ്മ തൻ സ്നേഹ വായ്പിൽ
ചാഞ്ഞുറങ്ങാത്തവൻ നീചനല്ലോ.

ഇന്നിതാ ഓരോരോ കവലതോറും
തന്നെ ഞാനാക്കിയ പെറ്റമ്മക്കായ്
ഓൾഡ് ഏജ് ഹോമുകൾ എന്ന പേരിൽ
പൊട്ടിമുളക്കുന്നു ജയിലറകൾ
പൂട്ടിയിടാനായ് സോഷ്യൽ സ്റ്റാറ്റസിനായ്

അവരറിയുന്നില്ല ചെയ്യുന്ന പാപം
വരും കാലം അവരും നരക്കുമെന്നും
അവരുടെ സന്താന സന്തോഷത്തിനായ്
അവർക്കായും ജയിലറകൾ തുറക്കുമെന്നും

എങ്കിലും 'അമ്മ തൻ മനസ്സിലെന്നും
കരുണ തൻ വറ്റാത്ത ഹൃദയ ശുദ്ധി
മക്കൾക്ക് വേണ്ടി തുടിച്ചിരിക്കും
കണ്ണിമ വെട്ടാതെ കാത്തിരിക്കും

കാണാൻ .അല്ഹമ്ദുലില്ല അള്ളാഹ് അത് സാധിച്ചു തന്നിരിക്കുന്നു ...........

ഇസ്ഹാഖിന്റെ കണ്ണ് നിറഞ്ഞു വാക്കുകൾ ഇടറി ..

സലാം : മോനെ ചെയ്ത തെറ്റിന് മാപ്പുപറഞ്ഞാൽ തീരില്ല എന്ന് അറിയാം എന്നാലും എന്നോട് ക്ഷമിക്കു മോനെ ....... നിന്നോട് എനിക്ക് മാപ്പു ചോദിക്കാൻ എങ്കിലും സാധിച്ചു പക്ഷെ ജമീലയോടു ..............

എന്നോട് ക്ഷമിക്കു മോനെ .......നിന്നോട് എനിക്ക് മാപ്പു ചോദിക്കാൻ എങ്കിലും സാധിച്ചു പക്ഷെ ജമീലയോടു ..............

ഇത്രയും പറഞ്ഞു പൊട്ടി കരഞ്ഞു വരാന്തയിലെ തിണ്ണയിലേക്കു ഇരുന്നു

ഇസ്ഹാക് നേരെ ഉപ്പയുടെ വായിൽ കൈ പൊത്തി

ഇസ്ഹാക് : വാപ്പ എന്നോട് അല്ല പടച്ച തമ്പുരാനോട് ആണ് മാപ്പു ഇരക്കേണ്ടത്...........

ഉപ്പയെ കെട്ടിപിടിച്ചു ഇസ്ഹാഖ് പൊട്ടി കരഞ്ഞു ............

ഇസ്ഹാക് ഉപ്പയെ വരാന്തയിലെ അസേരയിൽ പിടിച്ചിരുത്തി

ഇസ്ഹാക്കിന്റെ വാപ്പ മോനെ എന്നും പറഞ്ഞു ഇസ്ഹാക്കിന്റെ കൈയിൽ പിടിച്ചു

കുറച്ചു നേരം അങ്ങനെ ഇരുന്നു കുറച്ചു കഴിഞ്ഞപ്പോൾ ഉപ്പ കൈയിൽ ഇരുന്ന ബാഗ് ഇസ്ഹാക്കിനു കൊടുത്തു ഇത് താരനും കൂടിയാണ് മോനെ ഞാൻ വന്നത് ഇതാണ് എന്റെ അകെ ഉള്ള സമ്പാദ്യം ഇത് പറഞ്ഞതും ഇസ്ഹാഖിന്റെ വാപ്പ കുഴഞ്ഞു വീണു മരണപെട്ടു

വാപ്പ എന്ന് പൊട്ടി കരഞ്ഞു ഇസ്ഹാക് ..........പുറത്തേക്കു നോക്കി ഉച്ചത്തിൽ എന്തൊരു പരീക്ഷണമാണ് റബ്ബേ

അവസാനം വാപ്പയെ തന്നിട്ട് ..............അത്രയും പറഞ്ഞു പൊട്ടി കരഞ്ഞു........

പള്ളിയിൽ നിന്ന് അവസാന കർമങ്ങൾക്കു മഹലിൽ ഉള്ള സുലൈമാൻ മുസ്ലിയാർ വന്നു .

പഠിക്കാൻ പോയ സുൽത്താനയെയും ഹാദിയയെം റസ്സാകും ഭാര്യ റംലയും കൂട്ടി കൊണ്ട് വന്നു. റസാക് ഖദീജയെ കാണാൻ വന്നവരോട് വരണ്ട എന്ന് പറഞ്ഞു ....

മുസ്ലിയാർ മയ്യിത്ത് കുളിപ്പിച്ച് ദുആ ചെയ്യുന്നതിന് മുന്പായി മയ്യിത്ത് ചെയ്ത തെറ്റിനെ പൊരുത്തപ്പെടണം എന്ന് എല്ലാവരോടും ആവശ്യപ്പെട്ടു

പെട്ടന്നു

ആയിഷ : മരിക്കുന്നതിന് മുന്പായി മാമ (അതായതു ഇസ്ഹാഖിന്റെ വാപ്പ ) 2 വിവാഹം കഴിച്ചതായി പറഞ്ഞു

ഇതറിഞ്ഞ ഇസ്ഹാക് നിശബ്തനായി......................................

വരാന്തയിലെ തിണ്ണയിൽ ഇരുന്നു ....

അപ്പോൾ തൊട്ടു അടുത്ത് വാപ്പ അവസാനമായി കൊടുത്ത വെള്ള നൂലുകളാൽ തുന്നി പിടിപ്പിച്ച പഴകിയ ബാഗ് കണ്ട ഇസ്ഹാക് ബാഗ് എടുത്തു പൊട്ടിയ സിബ്ബും അതിനിടയിലൂടെ കീറിയ ഒരു അറയും മാത്രം തുറന്നു നോക്കി ............

അതിൽ ഒരു മേൽവിലാസം കണ്ടു.

ഉസ്താദിനോട് ഇസ്ഹാക് ഇത് ആരാണെന്നറിയില്ല വാപ്പ പറഞ്ഞത് വെച്ചാണെൽ ഇതാകും ........ഇത്രയും പറഞ്ഞു .. വീണ്ടും കണ്ണ് നിറഞ്ഞു ഇസ്ഹാക്

നീ വിഷമിക്കണ്ട അവരെ എത്രയും പെട്ടന്ന് വിവരം അറിയിക്കണം അവരെ ഇവിടെകൊണ്ടു വരണം .... ഉസ്താദ് ....

ഇതറിഞ്ഞു ഇസ്ഹാക് പുറപ്പെട്ടു ..കുറുപടിയിലുള്ള മേൽ വിലാസം തപ്പി ഇറങ്ങിയ വഴിയിൽ കണ്ട അപരിചിതനോട് അന്വേഷിച്ചു .......

അപരിചിതൻ മേൽവിലാസ പ്രകാരമുള്ള വഴി പറഞ്ഞു കൊടുത്തു ..........ഇസ്ഹാക് നടന്നു ദൂരെ ഒരു പുഴ കണ്ടു അതിന്റെ സമീപത്തായി ഒരു ഇടിഞ്ഞു വീഴാറായി കിടക്കുന്ന ഒരു വീട്.........ഇസ്ഹാക് മനസ്സിൽ അപരിചിതൻ പറഞ്ഞതനുസരിച്ചാണെൻകിൽ ഇതാകും വീട് നേരെ വീടിനടുത്തു ചെന്ന് ഉറക്കെ വിളിച്ചു......

ആരുമില്ലേ ഇവിടെ വീണ്ടും ഉറക്കെ വിളിച്ചു ആരും ഇല്ലേ ഇവിടെ

പെട്ടന്ന് അകത്തു നിന്നും ഒരു പെൺകുട്ടി ആരാ.....

വേറെ ആരും ഇല്ലേ മോളെ ഇസ്ഹാക് ചോദിച്ചു ഉണ്ട് ഉമ്മ കിടപ്പാന്ന് അവളുടെ മറുപടി ........

നിങ്ങൾ ആരാ ആ പെൺകുട്ടി ചോദിച്ചു.............

ഇസ്ഹാക്.. സലാം എന്റെ വാപ്പയാണ് ........ഇസ്ഹാക് പറഞ്ഞു ..........

ഇത് കേട്ട പെൺകുട്ടി പെട്ടന്ന്.......ഓടി അകത്തു പോയി .....കിടക്കയിൽ കിടക്കുന്ന ഉമ്മയോട് പൊട്ടി കരഞ്ഞു ഉമ്മ വാപ്പ ഇപ്പോഴും പറയാറുള്ള ഇക്കാക്ക വന്നിരിക്കുന്നു .........ഇത് കേട്ട് ഇസ്ഹാക് അകത്തേക്കു പോയി ഒറ്റ മുറി മാത്രമുള്ള ഒരു വീട്.....ആ മുറിയുടെ മൂലയിൽ കീറിയ പായിൽ വളരെ പ്രായം തോനിക്കുന്ന ഒരു സ്ത്രീ കിടക്കുന്നു ഇസ്ഹാഖിനു കാര്യം മനസിലായി അടുത്തേക്ക് ചെന്നു ......

ഇസ്ഹാക് വിളിച്ചു ഉമ്മ.... ഉമ്മ.......... ഇത് കേട്ട് ....അനങ്ങാൻ സാധിക്കാതെ കണ്ണിൽ നിന്നും കൺനീർ മാത്രം ..........ഇസ്ഹാക് ആ പെൺകുട്ടിയോട് ചോദിച്ചു മോളെ എന്താ നിന്റെ പേര് അവൾ പറഞ്ഞു ജമീല ......ഇസ്ഹാക് മനസിൽ പറഞ്ഞു എന്റെ ഉമ്മയുടെ പേര് ....ഇസ്ഹാഖിന്റെ കണ്ണ് നിറഞ്ഞു ...

മോളെ എന്താ ഉമ്മാക്ക് പറ്റിയത് ഉമ്മ കുറച്ചു നാളായി തീരെ വയ്യ ഇപ്പോൾ ഈ കിടക്കയില ....ആശുപത്രിയിൽ കൊണ്ട് പോയില്ലേ

ഇല്ല ഉപ്പ രണ്ടു ദിവസമായി ഇവിടന്നു പോയിട്ട് ...കരഞ്ഞു കൊണ്ട് അവൾ പറഞ്ഞു ഉപ്പ വരാൻ കാത്തിരിക്കുവാ വേറെ ആരും ഇല്ല......ഇത്രയും പറഞ്ഞു ജമീല പൊട്ടി കരഞ്ഞു ഇത് കേട്ട ഇസ്ഹാക് മോളെ നിങ്ങൾക്കു ഞാനുണ്ട് ...വാ കുപ്പായം മാറ്റു നമുക്ക് പെട്ടാണ് ഉമ്മയെ

അടുത്തുള്ള ആശ്രുപത്രിയിൽ കൊണ്ട് പോകാം ..........അവൾ ദയനീയമായി ഉമ്മയെ നോക്കി പറഞ്ഞു ഉമ്മാക് ഇട്ടിരിക്കുന്ന ഈ കുപ്പായമെ ഉള്ളൂ ജമീല പറഞ്ഞു .........ഇത് കേട്ടതും ഇസ്ഹാക്.......

നിശബ്തനായി....

എന്ത് ആവശ്യത്തിനാണ് വന്നെതെന്നുപോലും മറന്നു പെട്ടന്ന് ഇസ്ഹാക് ഉമ്മയെ എടുത്തു ആശ്രുപത്രിയിലേക്കു നടന്നു കൂടെ ജമീലയെയും ജമീല .....ഇക്കയെ ചേർന്നു നടന്നു കൂടെ പിറപ്പിനെ കിട്ടിയ സന്തോശത്തിൽ ..

ആശ്രുപത്രിയിൽ ചെന്നു അപ്പോൾ തടിച്ച ഒരു സിസ്റ്റർ വന്നു ഇസ്ഹാക്കിനോട് ചോദിച്ചു എന്തുപറ്റിയതാ ........ഇസ്ഹാക് അറിയില്ല കാലത്തു എന്താ കഴിച്ചത് സിസ്റ്റർ ചോദിച്ചു ഇസ്ഹാക് ജമീലയുടെ മുഖത്തേക്ക് നോക്കി .........ജമീല തറയിലേക്ക് നോക്കി ഒന്നും കഴിച്ചില്ല എന്ന് മറുപടി പറഞ്ഞു ..........സിസ്റ്റർ വീണ്ടും അതെന്താ കാലത്തെ വയ്യായ്മ ഉണ്ടോ ......അതുകൊണ്ടാണോ കഴിക്കാത്തത് ....ജമീല അല്ല ഉമ്മ ഭക്ഷണം കഴിച്ചിട്ട് രണ്ടു ദിവസമായി വീട്ടിൽ ഒന്നും ഇല്ല വെള്ളം ചൂടാക്കി ചൂടാക്കിയാണ് രണ്ടു ദിവസം ഞാനും ഉമ്മയും കുടിച്ചത് കണ്ണീരോടെ അവൾ പറഞ്ഞു ...

പെട്ടാണ് ഇസ്ഹാക് ജമീലയെ ചേർത്ത് കണ്ണീർ തുടച്ചു സുബ്ബ്ഹാനല്ലാഹ് ....


ഇതു കേട്ട സിസ്റ്റർ  പെട്ടന്നു ഡ്യൂട്ടി ഡോക്ടറുടെ അടുത്തേക് ഉമ്മയെ  കൊണ്ട് പോയി  ഉമ്മയെ ചികിൽസിക്കാൻ തുടങ്ങി......ഉമ്മയുടെ പേരും വയസും ചോദിക്കാൻ മറന്ന സിസ്റ്റർ പെട്ടന്നു ഇസ്ഹാക്കിനോട് എന്താ ഉമ്മയുടെ പേര് ഇസ്ഹാക് ജമീലയുടെ മുഖത്തേക്ക് നോക്കി ജമീല പറഞ്ഞു നസ്രുത് .സിസ്റ്റർ എത്രയാ വയസു ജമീല പറഞ്ഞു 45 .നിങ്ങൾ ആരാ സിസ്റ്റർ ഇസ്ഹാക്കിനോട് ചോദിച്ചു ഇസ്ഹാക് പറഞ്ഞു മകനാ ഇത് കേട്ട് ......കുറച്ചു ദേശ്യത്തോടെ ഇസ്ഹാക്കിനെ നോക്കി സിസ്റ്റർ ഡോക്ടറുടെ അടുത്തേക് പോയി ..

ഉമ്മയാണ് എന്ന് ഡോക്ടറോട് പറഞ്ഞത് കേട്ട ജമീല പെട്ടന്ന് ഇസ്ഹാഖിനെ ഇക്കാക്ക എന്ന് വിളിച്ചു .....

*ഈ കഥ തികച്ചും സാങ്കല്പികം മാത്രമാണ് ഈ കഥയിലെ ജീവിച്ചിരിക്കുന്നവരുമായോ മരണപെട്ടവരുമായോ ഒന്നും തന്നെയില്ല ........*

— (ശുഭം)





ഫാത്തിമ വസീം

# മഴപ്പക്കി



പുതു മഴയുടെ മണമവളിൽ
ഭാവനയുടെ പീലി വിടർത്തി
എഴുതാൻ തുടങ്ങവേ
അവളുടെ കുഞ്ഞുണർന്നു തേങ്ങി
കുഞ്ഞിനെ താലോലിക്കവേ -
എഴുതാനുള്ള വരികൾക്കായ്
അവൾ മനസ്സിൽ കണ്ണോടിച്ചു
പൈതലിൻ കരച്ചിലിൽ
പെട്ടെന്നവൾ ഞെട്ടി ഉണർന്നു.
അടുക്കളയിലെ ഗന്ധം
കറി കരിഞ്ഞെന്ന ബോധം ഉണർത്തി
അവൾ ഓടി എത്തവേ,
അവളെ വരവേറ്റത്
അമ്മായിതൻ
മുറുമുറിപ്പായിരുന്നു.
വെള്ളത്തിന് ചൂട് കുറവെന്ന
പിതാവിന്റെ പരാതിയിൽ
രാവിലത്തെ പ്രാതൽ
വൈകിയെന്ന് മാരന്റെ -
പരിഭവും അവൾ ഏറ്റുവാങ്ങി.
എല്ലാം പതിയെ ഒതുക്കിയവൾ
പോകാൻ ഒരുങ്ങവെ..........
പുതുമഴയിൽ വീണു മറഞ്ഞ
മഴപ്പക്കിയെപോലെ മണ്മറഞ്ഞു,
അവളിൽ പീലി വിടർത്തിയ
മോഹങ്ങളും ഭാവനയും.




വെയിൽ പാതി മായുന്ന സമയം... ചുറ്റും നിശബ്ദത പള്ളിയുടെ അടുത്തേക്ക് ആളുകൾ എത്തുന്നതേ ഉള്ളൂ. പള്ളിയുടെ വരാന്തയിൽ വിരിച്ചിട്ടിരിക്കുന്ന പുൽപ്പായയുടെ മുകളിൽ ബിരിയാണി ചോറ് നിറച്ച ഓരോ വലിയ പ്ലേറ്റുകൾ അടച്ചു വെച്ചിരിക്കുന്നു. നാലു വശങ്ങളിലായി വെള്ളവും സംഭാരവും വച്ചിട്ടുണ്ട്. വന്നവരെല്ലാം പ്ലേറ്റിന്റെ നാലു വശങ്ങളിലായി ഇരുന്നു തുടങ്ങി. പലരും പരസ്പരം മുഖത്ത് നോക്കുന്നുണ്ട് സംസാരിക്കുന്നുണ്ട് മറ്റുചിലർ വാച്ച് കളിലും ഫോണുകളിലുമൊക്കെ സമയം നോക്കുന്നുണ്ട്. ഇതിനിടയിലേക്കൊരാൾ നടന്ന് വരുന്നു അയാളുടെ കയ്യിലുള്ള ഫേസ്റ്റോഡ് പെട്ടിനിറയെ സ്പെഷ്യൽ പൊതിച്ചോറാണ് എല്ലാ പ്ലേറ്റിനു മുന്നിലും അയാൾ അതു വയ്ക്കുന്നുണ്ട്. ആൾ ഇല്ലാതിരുന്ന ഒരു പ്ലേറ്റിനു മുന്നിലെ പൊതിച്ചോറ് തൊട്ടടുത്തിരുന്ന ഒരാൾ എടുത്തു. ഇത് കണ്ട പള്ളി ഭാരവാഹികളിൽ ഒരാൾ അത് എടുക്കരുത് എന്ന് വഴക്കുപറഞ്ഞു. എടുത്താൽ എന്താണ് കുഴപ്പം എന്ന് അയാൾ തിരിച്ചു ചോദിച്ചു അവിടെ ഇയിരിക്കാൻ ആളില്ലല്ലോ എന്നും കളയാറല്ലേ പതിവ്!? രണ്ടുപേരും തമ്മിൽ നല്ല തർക്കമായി ചുറ്റുമുണ്ടായിരുന്ന നിശബ്ദത പാടെ മറഞ്ഞു ശബ്ദം ഉച്ചത്തിലായി മറ്റുള്ളവർ ശ്രദ്ധിച്ചു തുടങ്ങി പരസ്പരം അടിക്കുമെന്ന ഘട്ടത്തിലെത്തി. ആരൊക്കെയോ ചേർന്ന് രണ്ടുപേരേയും പിടിച്ചുമാറ്റി.. ആഹാരം കളയുന്നതിനേക്കാൾ നല്ലത് ആരെങ്കിലും കഴിക്കുന്നതല്ലേ എന്നയാൾ ചോദിച്ചു? തന്റെ സ്ഥിരം പരിപാടി ഇതുതന്നെ എത്ര കിട്ടിയാലും തനിക്ക് തികയില്ല അത്യാഗ്രഹം അല്ലാതെ വേറൊന്നുമല്ല നാളെ മുതൽ താനിവിടെ നോമ്പുതുറക്കാൻ വരണ്ട വേറെ എവിടെയെങ്കിലും പൊയ്ക്കോ ഭാരവാഹി ദേഷ്യത്തിൽ പറഞ്ഞു!....

അപ്പോഴേക്കും എവിടെയോ

പരിശുദ്ധമായ ബാങ്കൊലി മുഴങ്ങി. അയാൾ നോമ്പ് തുറന്നു... അടുത്തിരുന്ന ആൾ പറഞ്ഞു അത് ഇവിടുത്തെ പള്ളിയിലല്ല കേട്ടത്!... എവിടെ കേട്ടാലും പടച്ചോനൊന്നുതന്നെ...

അയാൾക്കുള്ള നോമ്പ് ചോറും വെള്ളവും കയ്യിലിരുന്ന കവറിലേക്ക് ആക്കി അയാൾ നടന്നു നീങ്ങി പലരുംഅയാളെ ശ്രദ്ധിച്ചു... ഹേയ് താൻ ഒന്നും കഴിക്കുന്നില്ലേ ആരോ അയാളോട് ചോദിച്ചു? എനിക്കൊന്നും വേണ്ട അള്ളാ കരീം അള്ളാ കരീം അയാളിത് പറയുമ്പോഴേക്കും അറിയാതെ കണ്ണുകൾ നിറഞ്ഞൊഴുകി.. അയാൾ കുറച്ചു നടന്നകന്ന സമയത്ത് അയാളുടെ അടുത്തിരുന്നൊരാൾ പറഞ്ഞു അയ്യോ എന്റെ ഫോൺ കാണുന്നില്ല.. ഇത് കേട്ട് അയാളോട് വഴക്കിട്ട ഭാരവാഹി പറഞ്ഞു... അത് അയാൾ

എടുത്തു കാണും അതുകൊണ്ടാണ് അയാൾ പോയത് അങ്ങിനെ വിട്ടാൽ പറ്റില്ലല്ലോ ഞാൻ ഒന്ന് നോക്കിയിട്ട് വരാം അയാൾ അതിവേഗം മറ്റേയാളുടെ പിറകെ സഞ്ചരിച്ചു... റോഡരികിൽ കണ്ട ഒരാളോട് അയാൾ ചോദിച്ചു ഇപ്പോൾ കവറും തൂക്കി ഒരാൾ പോകുന്നത് കണ്ടോ..?? ദേ ആ വീട്ടിൽ കാണും ടാർപോളിൻ വലിച്ചുകെട്ടിയ ഒടിഞ്ഞു വീഴാറായ ഒരു വീടിനു മുന്നിലേക്ക് അയാൾ കൈ ചൂണ്ടി.. ശരി എന്നു പറഞ് ഭാരവാഹി നടന്നു ... അയാൾ ആ വീടിനു മുന്നിലെത്തി ഹലോ, ആളുണ്ടോ?? കാലിൽ മന്ത് പിടിച്ചൊരു കുട്ടി വെളിയിലേക്കിറങ്ങിവന്നു അവളുടെ കയ്യിൽ അയാൾ പള്ളിയിൽ നിന്ന് എടുത്ത പൊതിച്ചോറ് ണ്ടായിരുന്നു അവളുട പിറകെ ആയാളും വന്നു... തന്റെ കയ്യിൽ ഫോൺ ഉണ്ടോ ഭാരവാഹി ചോദിച്ചു?? ഉണ്ടെങ്കിൽ എടുക്ക് എന്ന് അയാളോട് ദേഷ്യത്തിൽ പറഞ്ഞു അപ്പോഴേക്കും പള്ളിയിൽ നിന്നൊരു കോൾ... നാസർ നീ ഇങ്ങ് പോര് ഫോൺ ഇയാളുടെ കീശയിൽ തന്നെ ഇണ്ട്... എന്തിനാ എന്റെ ഫോൺ ചോദിച്ചത്?... അയാൾ ഭാരവാഹിയോട് ചോദിച്ചു.. ഹേയ് ഒന്നുമില്ല അയാൾ പറഞ്ഞു... ഇത് നിങ്ങളുടെ വീട് ആണോ? .. അല്ല ആരാണെന്നു കൂടി എനിക്കറിയില്ല. ഒരു ദിവസം ഞാൻ നോമ്പ് തുറന്നു വന്നപ്പോൾ പടിയിൽ വിശന്നിരിക്കുന്ന ഈ മോളെ കണ്ടു അവൾക്കു


www.palodepravasikoottaima.com


വേണ്ടിയാണ് ഞാൻ ആർത്തിയോടെ വാരിയെടുത്തത് അയാൾ ആ കുട്ടിയെ നോക്കി പാറിപ്പറന്ന ചെമ്പൻ തലമുടിയും കരിമ്പൻ നിറഞ്ഞ ബെറ്റിക്കോട്ടും ചെറിയ പുഴുപല്ലുകളും കാട്ടി അവൾ ചിരിച്ചു... ഭാരവാഹിയുടെ കൈകളിലെ രോമങ്ങൾ പിടഞ്ഞുനിവർന്നു.... കാലുകളിൽ ഞരമ്പ് പിടഞ്ഞ് തരിപ്പ് കൂടുന്നു... ആകെ നെഞ്ച് തകർന്നൊരവസ്ഥ !.. പാഞ്ഞുവന്നൊരമ്പിനെ ഒടിച്ചു കളഞ്ഞ ഭാവം മറ്റേയാളുടെ മുഖത്ത് നിറഞ്ഞു... ഭാരവാഹി അറിയാതെ അയാളെ കെട്ടിപ്പിടിച്ചു.. എനിക്കൊരു അബദ്ധം പറ്റി എന്നോട് ക്ഷമിക്കണം മാപ്പാക്കണം പള്ളി ഭാരവാഹി കൈകൂപ്പി... എന്റെ കൂടെ പള്ളിയിൽ വരണം അയാൾ മറ്റേയാളോട് പറഞ്ഞ് നിർബന്ധിച്ചു... രണ്ടുപേരും ചേർന്ന് പള്ളിയിൽ എത്തിയപ്പോൾ പലരും അതിശയിച്ചു!...

വഴക്ക് കൂടിയവർ ഒന്നായോ? !... നോമ്പ് തുറന്നു ബാക്കി വന്ന പൊതിചോറും മറ്റ് സാധനങ്ങളും വേസ്റ്റ് ബോക്സിലേക്ക് എന്ന പോലെ നീക്കികൂട്ടുന്ന ജോലിക്കാർ...അതുകണ്ട് സഹിക്കാത്ത മറ്റെയാൾഭാരവാഹിയോട് ചോദിച്ചു നിങ്ങൾ എന്നോട് അടി ഉണ്ടാക്കിയ ചോറും വെള്ളവും ദേ വേസ്റ്റിലേക്ക് എടുത്തെറിയുന്നു നിങ്ങൾക്ക് എന്ത് കിട്ടി??! അയാളുടെ ആ ചോദ്യത്തിന് ഭാരവാഹിക്ക് ഉത്തരം ഇല്ലായിരുന്നു!... ഭാരവാഹി കണ്ട കാഴ്ച മറ്റുള്ളവരോട് പറഞ്ഞു ഇയാൾ വാരികൂട്ടിയതും ആർത്തി കാണിച്ചതും ആരെന്നറിയാതൊരു കുട്ടിക്ക് വേണ്ടി ആയിരുന്നു!..എല്ലാരും ഒന്ന് അമ്പരന്നു.. കുറ്റപെടുത്തിയവരുടെ മുഖത്തെ ഭാവങ്ങൾ മരുന്നു സങ്കടത്തിന്റെ നിഘണ്ടു മുഖങ്ങളിൽ നിറഞ്ഞു ... ആയാൾ പറഞ്ഞു ഒരു നേരത്തെ ആഹാരം പോലും കിട്ടാതെ ഒരുപാട് പേർ നമുക്കിടയിലുണ്ട് അവരെ നാം കണ്ടെത്തണം അല്ലാതെ എത്ര വ്രതമെടുത്തിട്ടും കാര്യമില്ല!... പള്ളികളിലും അമ്പലങ്ങളിലും നിങ്ങൾ എന്തിനാണ് അന്നദാനം നടത്തുന്നത്???? ആഡംബര വണ്ടികൾ ഉള്ളവർക്ക് ഒരു നേരം ആഹാരം കഴിക്കാൻ ആണോ? അതിന് നിങ്ങൾക്കെന്തു പുണ്യം കിട്ടും?. നിറഞ്ഞ വയർ നിറക്കാനല്ല ഒട്ടിയ വയർ നിറക്കാനാണു നാമോരോരുത്തരും നോക്കേണ്ടത് ശ്രമിക്കേണ്ടത്!.എല്ലാവരുടെ മനസ്സിലും പശ്ചാത്താപം ബാക്കിയായി !...ആഹാരം പാഴാക്കരുത് അതിനു വേണ്ടി അലയുന്ന ഒരുപാട് കുരുന്നുകൾ നമുക്കിടയിലുണ്ട് അവരെ കണ്ടെത്തുക – (ശുഭം)

**മണികണ്ഠൻ പാലോട്**



# വിധി




സങ്കൽപങ്ങളും
സ്വപ്നങ്ങളും ഇല്ലാതാകുമ്പൊ
കുറ്റപ്പെടുതാനുള്ളൊരു
സൂത്രവാക്യമല്ലെ വിധി ...

ഇന്നുവരെയും
പഴിചാരലിന്റെ അഴുക്കുചാലിൽ
മുങ്ങിപോയവൻ ..

പാപ ഭാരം ഏറ്റുവാങ്ങി
ശിക്ഷ അനുഭവിക്കുന്ന
നിരപരാധി ...

അനുവാദം ഇല്ലാതെ
സ്വപ്നങ്ങൾ കണ്ടിട്ട്
വിധിയെ പഴിക്കുന്ന
വിഡ്ഢികളല്ലെ നമ്മൾ..

എന്തിനീ പാവത്തിനോടിത്ര
ക്രൂരത..

കുരിശിൽ തറയ്ക്കാതെ
ആണിയടിച്ചവർ അല്ലെ
നമ്മളിലേറെയും.

അവകാശ ദാരിദ്ര്യം
അനുഭവിക്കുന്ന വിധിയോട്
അനുഭാവം രേഖപ്പെടുത്തി ..

ഞാൻ ,
തിരിച്ചു വിളിക്കുന്നെന്റെ
സ്വപ്നങ്ങളെയും
സഫലീകരിക്കാത്തൊരായിരം
മൊഹങ്ങളെയും .....



അമാനുള്ള

അയാൾ ഉമ്മറപ്പടിയിൽ ചാരുകസേരയിൽ ചാരി കിടന്നു. പുറത്ത് ചാറ്റൽമഴ ഇടതടവിടാതെ പെയ്തു കൊണ്ടിരിക്കുന്നു. അയാളുടെ ഹൃദയം വല്ലാതെ മിടിക്കുന്നുണ്ടായിരുന്നു.. ഇന്നത്തെ ദിവസത്തിന്റെ കാത്തിരിപ്പിലായിരുന്നോ താൻ? അവൾ ആരാണ്? ആ നീലമിഴിയിതൾ ആരുടെയോ ഓർമ്മപ്പെടുത്തൽ അല്ലേ? കവിതകളിലും കഥകളിലും ദേശീയ പുരസ്കാരങ്ങൾ ഇടവിടാതെ തന്നെ തേടി എത്തിയപ്പോഴും അതിന്റെ മികവിൽ കിട്ടിയ ഒരു പാട് സമ്മാനദാന ചടങ്ങുകളിൽ മറക്കാനാകാത്തതാണ് ഇന്നത്തേത്. അവൾ മൃദുല.. പേര് മൈക്കിലൂടെ വിളിച്ച് പറഞ്ഞപ്പോൾ വിദ്യാർത്ഥിനികളുടെ കൂട്ടത്തിൽ നിന്നും അവൾ കയറി വന്നതും തന്റെ നേർക്ക് നോക്കി ചിരിച്ചപ്പോൾ തനിക്ക് ഹൃദയമിടിപ്പ് നിൽക്കുന്നതുപോലെ ആണ് തോന്നിയത്. എങ്ങനെയെങ്കിലും ചടങ്ങ് കഴിഞ്ഞ് വീട്ടിലെത്തിയാൽ മതി എന്നായിരുന്നു..

കാൽ മുട്ടുകൾ വല്ലാതെ വേദനിക്കുന്നുണ്ടായിരുന്നു..വെപ്പുകാലുകൾ ഒരു വശത്ത് ഊരി വച്ചപ്പോഴാണ് വേദനക്ക് അല്പം ശമനം ഉണ്ടായത്. ശങ്കരൻ സഹായിയായി കൂടെതന്നെ ഉള്ളത് ഒരു ആശ്വാസം.. എത്ര കാലമായി താൻ ഈ വേദന അനുഭവിക്കുന്നു..തന്റെ കർമ്മഫലമാണ് ഇതെന്ന് ഉത്തമ ബോധ്യത്തോടെ ഒരു നീണ്ട നെടുവീർപ്പ് ഉള്ളിൽ നിന്നും പുറത്തേക്ക് വന്നു..അയാൾ ചാരുകസേരയിൽ രണ്ട് കൈകൾ കൊണ്ടും മുറുകെ പിടിച്ച് ശരീരത്തെ മുകളിലേക്ക് ഉയർത്തി സുഖം വരുത്തി. പതിയെ കണ്ണുകൾ അടച്ച് കിടന്നു. മഴയൊച്ച കുറഞ്ഞു വന്നു. അയാളുടെ മനസ്സ് വർഷങ്ങൾ പിറകിലോട്ട് സഞ്ചരിച്ചു. വർഷങ്ങൾക്ക് മുൻപ് കർണ്ണാടകയിലെ ഗ്രാമങ്ങളിലെ ജനങ്ങളുടെ ജീവിതം കഥയാക്കാൻ തീരുമാനിച്ച് അവിടെയെത്തി. ഒരു വീട് വാടകയ്ക്ക് എടുത്ത് രണ്ട് കൂട്ടുകാർക്കൊപ്പം താമസിക്കുകയായിരുന്നു. പെട്ടെന്ന് ഒരുദിവസം രാത്രി വല്ലാത്ത നെഞ്ചുവേദന. വേദന കൊണ്ട് പിടയുന്ന എന്നെയും കൊണ്ട് എന്റെ സുഹൃത്തുക്കൾ അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ പോയി. പരിശോധനകൾക്ക് ഒടുവിൽ കണ്ടെത്തി ഹൃദയത്തിൽ ചെറിയ ബ്ലോക്ക് ഉണ്ട്. നാട്ടിൽ ഭാര്യയെ വിളിച്ച് അറിയിച്ചു. പേടിക്കാനൊന്നുമില്ല മരുന്ന് കഴിച്ചാൽ ശരിയാകും. രണ്ട് മൂന്ന് ദിവസം അഡ്മിറ്റ് ആകണം . സുഹൃത്തുക്കൾ വാർഡിൽ എന്നെ അഡ്മിറ്റ് ചെയ്തിട്ട് വീട്ടിൽ തിരിച്ച് പോയി. അവിടെ കൂട്ടിരിപ്പിന്റെ ആവശ്യമില്ല. സിസ്റ്റർമാർ എപ്പൊഴും ഉണ്ടാകും. വേദനയുണ്ടെന്ന് പറഞ്ഞപ്പോൾ ഒരു സിസ്റ്റർ ഉറങ്ങാനുള്ള മരുന്ന് തന്നു. അങ്ങനെ ഞാൻ വേദനമറന്ന് ഉറക്കത്തിലേക്ക് വഴുതിപോയി.

ഒരു കിളികൊഞ്ചലും ഹൃദയം കവരുന്ന ചിരിയൊച്ചയും കേട്ടാണ് അയാൾ രാവിലെ ഉറക്കമുണർന്നത്. നിത്യേ, നീ കൊച്ചുകുട്ടി കളിക്കല്ലേ പെണ്ണേ..ഒരു സിസ്റ്ററിന്റെ കമന്റ്..ആരാണ് ഈ നിത്യയെന്നറിയാൻ അയാൾക്ക് കൗതുകം തോന്നി. അയാൾ പതിയെ എഴുന്നേൽക്കാൻ ശ്രമിച്ചു. "ഏയ്, എണീൽക്കേണ്ട.. കിടന്നോളൂ.. " സിസ്റ്റർ വിളിച്ച നിത്യ യൂണിഫോമിട്ട അടുത്തു വന്നു നിൽക്കുന്നു. ഭൂമിയിലെ മാലാഖയെ കണ്ട് തന്റെ മനസ്സ് തളിരണിഞ്ഞു.. ഒരു സുന്ദരിക്കുട്ടി... ആരുടെയും മനസ്സ് കവരുന്ന മുഖം... ആ നീലമിഴികൾക്ക് വല്ലാത്ത ആകർഷണം..കണ്ടയുടനെ വല്ലാത്തസ്നേഹം തോന്നി എന്നതാണ് സത്യം.. തനിക്ക് കല്യാണം കഴിഞ്ഞ് ഒരു കുഞ്ഞുമുണ്ട് എന്ന സത്യം താൻ മറന്നുപോയിരുന്നു..അവളിൽ വല്ലാതെ ആകൃഷ്ടനായിരുന്നു താൻ..അവളുടെ പെരുമാറ്റവും സംസാരവും തന്നെ മയക്കികളഞ്ഞു എന്ന് വേണമെങ്കിൽ പറയാം.. അവൾ എല്ലാപേരോടും ഒരു പോലെ തന്നെ പെരുമാറുന്നു..ആ ഒരു ദിവസം കൊണ്ട് തന്നെ അവളോട് വല്ലാതെ അടുത്തിരുന്നു താൻ..അവളുടെ വരവിനായി കാത്തിരുന്നു പിറ്റേ ദിവസം...അന്നും അവൾ പ്രസന്നവതിയായി മുന്നിലെത്തി..അവളുടെ വിശേഷങ്ങൾ



# കഥ

സമയം കിട്ടിയപ്പോൾ താൻ ചോദിച്ചറിഞ്ഞു..അമ്മ കുഞ്ഞിലെ മരിച്ചു പോയിരുന്നു.. അച്ഛനാണ് വളർത്തിയത്..ഒത്തിരി കഷ്ടപ്പാടുകൾക്ക് ഒടുവിലാണ് അവൾക്ക് ഈ ജോലി കിട്ടിയത്.
കൂട്ടുകാരികൾക്കൊപ്പം ഒരു വാടകവീട്ടിൽ താമസിക്കുന്നു.. അന്ന് ഉച്ചയോടടുത്ത നേരത്താണ് തന്റെ അടുത്ത കിടക്കയിൽ ഒരു പുതിയ രോഗി എത്തിയത്.. അയാളെ ശുശ്രൂഷിക്കാനും അവൾ തയ്യാറെടുത്തു.. ആ രോഗിയോട് അവളുടെ സ്നേഹത്തോടെയുള്ള പെരുമാറ്റം തന്നിൽ അലോസരമുണ്ടാക്കി.. അങ്ങനെ മനസ്സിൽ ദേഷ്യം നുരഞ്ഞ് പൊങ്ങി വന്നപ്പോഴാണ് വാർഡിന്റെ വാതിൽ പെട്ടെന്ന് തുറക്കപ്പെട്ടത്.. അതിൽ നിന്നും സുമുഖനും സുന്ദരനുമായ ഒരു ഡോക്ടർ കടന്നു വന്നു.. അപ്പോൾ അവളുടെ മുഖം ചുവന്ന് തുടുക്കുന്നതും, കണ്ണുകൾ ഇതുവരെ കാണാത്ത രീതിയിൽ തിളങ്ങുന്നതും താൻ കണ്ടു.. ആ രോഗിയെ പരിശോധിച്ച് കഴിഞ്ഞ് ഡോക്ടർ പതിയെ തനിക്ക് അടുത്തെത്തി.. "ഞാൻ ഡോക്ടർ സന്ദീപ്..നിത്യ പറഞ്ഞു അവൾക്ക് പുതിയ ഒരു സുഹൃത്തിനെ കിട്ടിയെന്ന്...വൈകുന്നേരം ഞാൻ കാണാൻ വരാനിരിക്കുകയായിരുന്നു.. കണ്ടതിൽ വളരെ സന്തോഷം...ഞങ്ങളുടെ വിവാഹം ഉടനെ ഉണ്ടാകും.. താങ്കൾ തീർച്ചയായും വരണം കേട്ടോ.." ഇത്രയും പറഞ്ഞിട്ട് ഡോക്ടർ യാത്ര പറഞ്ഞ് നടന്നകന്നു.. അവനോടൊപ്പം കൊഞ്ചി കൊഞ്ചി അവളും..

തന്നിൽ വല്ലാത്ത അമർഷവും നഷ്ടബോധവും ഉടലെടുത്തു..അവളെ നഷ്ടപ്പെടുന്നതിനെ കുറിച്ച് ആലോചിക്കാൻ തന്നെ വയ്യ.. അവൾ തന്റേത് മാത്രമാകണം.. ആ ചിന്ത അവനിൽ രൂപം കൊള്ളാൻ തുടങ്ങി..പിറ്റേദിവസം താൻ ഡിസ്ചാർജ്ജ് ആകുകയാണ്.. പുറപ്പെടുമ്പോൾ അവളോടുള്ള നീരസം പുറത്ത് കാണിച്ചില്ല.. ഇടയ്ക്കിടയ്ക്ക് ആശുപത്രിയിൽ പോയി അവളെ കണ്ടു.. സൗഹൃദം പുതുക്കി.. ചിലപ്പോൾ അവനോടൊപ്പം നിൽക്കുന്ന അവളെയാകും കാണുന്നത്..അത് തന്നിൽ വല്ലാത്ത അമർഷമുളവാക്കിയെങ്കിലും കടിച്ച്പിടിച്ച് സന്തോഷം അഭിനയിച്ചു..അവരെ ഒരുമിപ്പിക്കാനാണ് താൻ ശ്രമിക്കുന്നതെന്ന തെറ്റിദ്ധാരണ അവരിലുണ്ടാക്കാൻ തനിക്ക് കഴിഞ്ഞു..ഓരോ പ്രാവശ്യം കാണുമ്പോഴും അവളെ സ്വന്തമാക്കണം എന്ന ചിന്ത കൂടി വന്നു.. താൻ ഒരു അവസരത്തിനായി കാത്തിരുന്നു...

രണ്ട് ആഴ്ച്ചയ്ക്ക് ശേഷമുള്ള ഒരു ഉത്സവാവധിക്കാലം..ഡോക്ടർ സന്ദീപ് നാട്ടിൽ പോയിരിക്കുന്നു.. ഡോക്ടർ സന്ദീപിന് അച്ഛനും അമ്മയും ഇല്ല.. കല്യാണം കഴിക്കാത്ത ചെറിയച്ഛൻ ആണ് അവനെ വളർത്തിയത്..നന്നായി പഠിക്കുമായിരുന്ന അവനെ വളരെ കഷ്ടപ്പെട്ടാണ് ചെറിയച്ഛൻ പഠിപ്പിച്ച് ഡോക്ടറാക്കിയത്.. നിത്യയുമായുള്ള ബന്ധം സന്ദീപിന്റെ ചെറിയച്ഛനും നിത്യയുടെ അച്ഛനും അറിയാം.. അവരുടെ പൂർണ്ണ സമ്മതം ആ ബന്ധത്തിന് തീവ്രത കൂട്ടിയിരുന്നു..ഡോക്ടർ സന്ദീപിന്റെ അസാന്നിധ്യത്തിൽ തന്റെ സൗഹൃദം അരക്കിട്ടുറപ്പിക്കാൻ താൻ ശ്രമിച്ചുകൊണ്ടിരുന്നു.. അസാധാരണ പെണ്ണായിരുന്നു അവൾ..എല്ലാപേരോടും ഒരേ സൗഹൃദം.. എല്ലാ രോഗികളോടും മനസ്സു നിറഞ്ഞുള്ള പരിചരണം.. എല്ലാപേരുടെയും പ്രിയപ്പെട്ടവൾ.. അവളെ തനിക്ക് വേണം.. താൻ ഉറപ്പിച്ചു..

ഒരു ദിവസം അവളെ കണ്ടു മടങ്ങുമ്പോൾ അടുത്ത ശനിയാഴ്ച തന്റെ പിറന്നാളാണെന്ന് കള്ളം പറഞ്ഞു.. ഡോക്ടർ സന്ദീപ് നാട്ടിൽ നിന്നും മടങ്ങി വരുന്ന ദിവസമായിരുന്നു അന്ന്..ഡോക്ടർ സന്ദീപ് നേരെ തന്റെ വീട്ടിൽ വരും പാചകത്തിൽ സഹായിക്കാൻ രാവിലെ തന്നെ എത്തണം എന്ന് താൻ നിർബന്ധം പിടിച്ചു.. ഡോക്ടർ വരും എന്ന് അറിഞ്ഞു കൊണ്ടാവണം അവൾ മനസ്സില്ലാമനസ്സോടെ സമ്മതിച്ചത്...സുഹൃത്തുക്കളും നിങ്ങളും മാത്രമേ ഉണ്ടാകൂ എന്ന് തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു..രാവിലെ തന്നെ പറഞ്ഞ പോലെ അവൾ എത്തി.. സുഹൃത്തുക്കൾ അതിരാവിലെ തന്നെ എന്നത്തേയും പോലെ ജോലിക്ക് പോയിരുന്നു.. അവളെ എല്ലാരും ഇപ്പോ വരും എന്ന് പറഞ്ഞ് വീട്ടിൽ കയറ്റി ഇരുത്തി ജ്യൂസ് കൊടുത്തപ്പോ ആ നിഷ്കളങ്കയായ കുട്ടി അറിഞ്ഞിരുന്നില്ല അത് തന്റെ ജീവിതം തന്നെ മാറ്റി മറിക്കുന്ന ദിവസമായിരിക്കും എന്ന്... അവളെ പിച്ചിചീന്തി അവളുടെ സ്വപ്നങ്ങളെ കാറ്റിൽ പറത്തി കഴിഞ്ഞപ്പോൾ തന്നിൽ വല്ലാത്ത ഭയം ഉടലെടുത്തു.. അവിടെ നിന്നും സാധനങ്ങളും വാരിക്കെട്ടി വേഗം തന്നെ സ്ഥലം വിട്ടു.. അത് വരെ തോന്നാത്ത ഭാര്യയുടെയും പിഞ്ചുകുഞ്ഞിന്റേയും ഓർമ്മ..ഒരു ഒളിച്ചോട്ടം തന്നെ ആയിരുന്നു അത്..

തിരിച്ച് നാട്ടിലെത്തിയ തനിക്ക് പക്ഷെ ഒരുദിവസം പോലും മനസ്സമാധാനമായി ഉറങ്ങാൻ കഴിഞ്ഞില്ല..കണ്ണുകൾ അടയ്ക്കുമ്പോൾ അവളുടെ കരഞ്ഞ് കലങ്ങിയ കണ്ണുകളും..ഒന്നും മിണ്ടാതെ എല്ലാം നഷ്ടപ്പെട്ടവളെപോലെ അവൾ ഇറങ്ങിപ്പോയതും മനസ്സിൽ തെളിയും..അവളുടെ ഓർമ്മകൾ തന്നെ വേട്ടയാടി കൊണ്ടിരുന്നു.. അതിന് ശേഷം ഭാര്യയെയോ മകളേയോ ആത്മാർത്ഥമായി സ്നേഹിക്കാൻ തനിക്ക് കഴിഞ്ഞില്ല..കഥയും കവിതയും ഒക്കെ

തുടരും പേജ്. 37

കവിത

# കാട്ടു പൂവ്

ദൂരെയാ കുന്നിൻ
ചെരുവിലെ കൂരിരുളിൽ,
ഒരുകുഞ്ഞ് വിത്ത്
മുളപൊട്ടി ..

ഒറ്റയായ്
ഓമലായ്
മണ്ണിലേയ്കു
തളിർത്തിറങ്ങി ..

മഞ്ഞു തുള്ളിയും
മകരമഞ്ഞും
മന്ദസ്മിതങ്ങളായ്
പെയ്തിറങ്ങി...

ഇലയിട്ടു..
നാംമ്പിട്ടു..
മൊട്ടിട്ടു..

ഏകാന്തമായ്
ആസ്വദിച്ചോരു
ജീവകാലം



അമാനുള്ള

ഭയമില്ല..
നോട്ടമില്ല..
പരിഹാസമില്ല..
പാപങ്ങളില്ല..
ശെരികളില്ല..
നിയമങ്ങളുമില്ലാ...
ആചാരമില്ലാ..
അനുഷ്ഠാനമില്ല
തർക്കമില്ല
പള്ളി പൊളിക്കലുമില്ലാ...

പൂവിട്ടു...
തേൻ വണ്ടിനായി
കാത്തിരുന്നു ...
തേൻ തുംമ്പിക്ക് വേണ്ടി ..
പകലന്തിയോളം..

വെയിൽ വന്നു
മഴക്കാറു വന്നു
മഴ വന്നൂ...

മടങ്ങുവാൻ ആകില്ല
തേൻ നുകരാതെ .....
മഴയേ അടങ്ങുക
ഈ കാട്ടു പൂവിനായ്..

കാത്തിരിക്കട്ടെ ഞാൻ
എന്റെ തേൻ തുംബിക്കായ് ..
മഴക്കാറു നീങ്ങി
മാനം വെളുത്തു..

മഴവില്ലു താണ്ടി എൻ
മാരൻ വരുന്നൂ..
നുകരുക ..
എന്നെ പുണരുകാ..
നിനക്കയുള്ളൊരാ
തപസ്സിതാ മുറിയുന്നു ..

ഇനി ഞാൻ കൊഴിയട്ടെ ..
വീണുറങ്ങട്ടെ ..
എന്റെ ജന്മം
പൂർണമായിതാ..

ഇനിയൊരു ജന്മം ജനിക്കണം
വീണ്ടും ...
ഇത്ര സുഖമുള്ളൊരു
ജീവിതം പേറുവാൻ..

അതുവരെയ്ക്ക്കും ഉറങ്ങട്ടെ
ഞാൻ ...
ഈ മണ്ണിൽ നിൻ
ഓർമ്മയൊടൊപ്പം....
ഈ മണ്ണിൽ നിൻ
ഓർമ്മയൊടൊപ്പം....

നഷ്ടപ്പെട്ടു..ഒരു മുറിയിൽ അടച്ചിരിപ്പായി.. അവൾക്കെന്തു സംഭവിച്ചു എന്നറിയണം എന്ന് ചിലപ്പോഴൊക്കെ തോന്നി.. ഭയം ഒന്നിനും അനുവദിച്ചില്ല.. ചിലപ്പോൾ തോന്നും ഡോക്ടർ സന്ദീപിനെയും കല്യാണം കഴിച്ച് സുഖമായി ജീവിക്കുന്നുണ്ടാവും എന്ന്..നാട്ടിൽ എത്തിയിട്ട് ഒന്നര വർഷം കഴിഞ്ഞിരിക്കുന്നു.. അച്ഛന്റെ സമ്പാദ്യം വളരെ വലുതായതുകൊണ്ട് തന്നെ ജോലി ചെയ്തില്ലെങ്കിലും കഴിയാം എന്ന അവസ്ഥ ആണ്..ഏതാണ്ട് രണ്ട് വർഷത്തോളമായപ്പോ കർണ്ണാടകയിൽ പോയി വരണം എന്ന ചിന്ത ശക്തമായി.. പോകാൻ തയ്യാറെടുത്തപ്പോഴെ ഭാര്യയും മകളും കൂടെ വരാൻ നിർബന്ധം പിടിച്ചു.. മനസ്സില്ലാമനസ്സോടെ അവരെയും കൂടെ കൂട്ടി..അങ്ങനെ ഞങ്ങൾ മൂന്ന് പേരും ചേർന്ന് സ്വന്തം കാറിൽ കർണ്ണാടകത്തിലേക്ക് യാത്ര തിരിച്ചു.. അവർക്ക് ഇത് വെറുമൊരു ഹോളി ഡേ ട്രിപ്പ് മാത്രം ആയിരുന്നു..തനിക്ക് ആരോടും പറയാനാവാത്ത നൊമ്പരവും..

കർണ്ണാടകയിലെത്തിയ ഉടനെ ആദ്യം തന്നെ അവൾ ജോലി ചെയ്തിരുന്ന ആശുപത്രിയിലേക്കാണ് പോയത്.. ഭാര്യയേയും, മകളേയും കാറിൽ തന്നെ ഇരുത്തിയിട്ട് ഒരു സുഹൃത്തിനെ കണ്ടശേഷം ഏതെങ്കിലും ഹോട്ടലിൽ മുറിയെടുക്കാം എന്ന് പറഞ്ഞ് ആശുപത്രിക്കുള്ളിലേക്ക് കയറി..ഇനിയും കാത്തിരിക്കാൻ ഒട്ടും ക്ഷമയില്ലായിരുന്നു.. ഇത്രയും കാലം എന്തിനാണ് വൈകിയത് എന്ന് ആശുപത്രി പടികൾ കയറവേ സ്വയം കുറ്റപ്പെടുത്തി..അവൾ ജോലി ചെയ്തിരുന്ന വാർഡിനു മുൻപിലെത്തിയപ്പോൾ ഹൃദയം വല്ലാതെപിടയ്ക്കുന്നുണ്ടായിരുന്നു.. ഭാഗ്യത്തിന് അവളുടെ കൂടെ താമസിച്ചിരുന്ന ഒരു നഴ്സിനെ തന്നെ കാണാൻ സാധിച്ചു.. വിറച്ച് വിറച്ച് മനസ്സിലെ ചോദ്യങ്ങൾ അവരോട് ചോദിച്ചു .. കിട്ടിയ മറുപടി ഞെട്ടിക്കുന്നതായിരുന്നു.. ഡോകടർ സന്ദീപ് നാട്ടിൽ നിന്നും തിരിച്ച് വന്ന അന്ന് തന്നെ നിത്യയെ കാണാൻ മുറിയിൽ വന്നിരുന്നു.. അവർ എന്താണ് സംസാരിച്ചതെന്നറിയില്ലാ..രണ്ട് പേരും വല്ലാത്തമാനസിക പിരിമുറുക്കം അനുഭവിക്കുന്നതായി തോന്നിയിരുന്നു..അന്ന് രാത്രിയിൽ ഡോക്ടർ സന്ദീപ് ആത്മഹത്യ ചെയ്തു..അതിനുശേഷം നിത്യയെ ആരും കണ്ടിട്ടില്ല.. അവൾ അച്ഛനോടൊപ്പം ആ നാട് തന്നെ ഉപേക്ഷിച്ച് പോയി.. അത് കേട്ട് വിറയാർന്ന ശരീരത്തോടെ വല്ല വിധേനയും കാറിൽ വന്ന് കയറി.. നന്നായി വിയർക്കുന്ന തന്നെ കണ്ട് എന്താ പറ്റിയതെന്ന് ഭാര്യ അന്വേഷിക്കുന്നുണ്ടായിരുന്നു..

ഒന്നും ശ്രദ്ധിക്കാതെ കാർ മുന്നോട്ടെടുത്തു.. എങ്ങനെയും അവിടെ നിന്നും രക്ഷപ്പെട്ടാൽ മതിയെന്നായിരുന്നു കുറച്ച് പോയത് ഓർമ്മ ഉണ്ട് .. കണ്ണിൽ ഡോക്ടർ സന്ദീപിന്റെ നിഷ്കളങ്കമായ ചിരി നിറഞ്ഞു വന്നു.. പിന്നെ ഒന്നും ഓർമ്മയില്ല.. ബോധം തിരിച്ച് കിട്ടിയപ്പോൾ ആശുപത്രി കിടക്കയിൽ ആയിരുന്നു താൻ.. അടുത്തേക്ക് വന്ന നഴ്സിനോട് വേവലാതിയോടെ ഭാര്യയേയും മകളേയും കുറിച്ച് അന്വേഷിച്ചു.. പാഞ്ഞുവന്ന ഒരു ടാങ്കർ ലോറിയിൽ കാറ് ചെന്ന് ഇടിക്കുകയായിരുന്നത്രേ.. സംഭവസ്ഥലത്തുതന്നെ ഭാര്യയും മകളും മരണപ്പെട്ടു.. തന്റെ രണ്ട് കാലുകളും മുറിച്ച് മാറ്റേണ്ടി വന്നു..ഹൃദയം തകരുന്ന വേദനയായിരുന്നു പിന്നെ ഇതുവരെ...ജീവിതം തന്നെ നഷ്ടമായി എന്ന് തോന്നിയ നാളുകൾ.. ചെയ്ത പാപത്തിന്റെ കുറ്റബോധവും പേറി ആർക്കും വേണ്ടാത്ത ഈ ജീവിതം കഥകളും കവിതകളുമായി മുന്നോട്ട്..

സാറേ, കട്ടൻ ചായ വേണോ? ശങ്കരന്റെ ചോദ്യം കേട്ടാണ് ഓർമ്മകളിൽ നിന്നും ഉണർന്നത്.. "സാറ് എന്താ ആലോചിക്കുന്നത്? ഇന്ന് പരിപാടിക്ക് പോയിട്ട് വന്നത് മുതൽ സാറിന്റെ മുഖത്ത് ദുഃഖമാണല്ലോ? എന്താ പറ്റിയത്? സാറ് ഇന്ന് സമ്മാനം കൊടുത്തത് ആർക്കാണെന്നറിയാമോ സാറേ? എന്റെ കൊച്ചുമകൾക്കാണ്.. " താൻ ഒന്ന് ഞെട്ടിയോ? എന്താ ഇയാൾ പറഞ്ഞത്? ഇയാളുടെ കൊച്ചു മകൾക്കോ? അവളോടൊപ്പം വേറെ ഒരു മധ്യ വയസ്കനെയാണല്ലോ താൻ കണ്ടത്? അവൾ അവളുടെ അപ്പൂപ്പനാണെന്ന് പറഞ്ഞ് പരിചയപ്പെടുത്തുകയും തന്റെ വലിയ ആരാധികയാണ് അവളെന്ന് വെളിപ്പെടുത്തുകയും ചെയ്തതാണല്ലോ? ആ സ്വരവും മുഖവും നീലമിഴികളും അടുത്ത് കണ്ടും കേട്ടുമല്ലേ താൻ അവിടെ നിന്നും ഓടി രക്ഷപ്പെട്ട് തിരിച്ച് വന്നത്?" "കൂടെ ഉണ്ടായിരുന്നത് അവളുടെ അച്ഛന്റെ ചെറിയച്ഛനാ സാറേ.. അദ്ദേഹമാണ് മോളെ സംരക്ഷിക്കുന്നത്.. അവളുടെ അച്ഛൻ മരിച്ചുപോയി സാറേ.. ആത്മഹത്യയായിരുന്നു.. എന്തിനായിരുന്നെന്ന് ഇപ്പോഴും ഞങ്ങൾക്ക് അറിയില്ല സാറേ..മിടുക്കനായ ഡോക്ടറായിരുന്നു.. വേനലവധികഴിഞ്ഞ് തിരിച്ച് ജോലിക്ക് പോയ അന്ന് തന്നെ മുറിയിൽ ഫാനിൽ കെട്ടിത്തൂങ്ങുകയായിരുന്നു..മകൾ ഗർഭിണിയാണെന്ന് പിന്നെയും മാസങ്ങൾ കഴിഞ്ഞാ ഞങ്ങൾ തിരിച്ചറിഞ്ഞത്.. അവരുടെ കല്യാണം കഴിഞ്ഞിരുന്നില്ലാ..എന്റെ മകൾക്ക് അദ്ദേഹത്തിന്റെ കൂടെ ജീവിക്കാൻ വിധിയില്ലാതെ പോയി" "അപ്പോ തന്റെ മകളോ? "വല്ലാത്ത തിടുക്കത്തോടെയാണ് ആ ചോദ്യം തന്നിൽ നിന്നും വന്നത്.. "അത്...അവൾ എന്നോടൊപ്പമുണ്ട് സാറേ.. " പിന്നെ അവളെ കാണാനുള്ള തിടുക്കമായിരുന്നു... തന്റെ ഹൃദയമിടിപ്പ്

തനിക്ക് തന്നെ കേൾക്കാൻ പറ്റുന്ന ഉച്ചത്തിലാണെന്ന് തോന്നി ആ വീട്ടിൽ ചെന്ന് കയറുമ്പോൾ.. അയാൾ ഒരു മുറിയിലേക്ക് തന്നെ കൂട്ടി കൊണ്ട് പോയി.. അവിടെ കണ്ട കാഴ്ച്ച വളരെ ദയനീയമായിരുന്നു .. കാലിൽ ചങ്ങലയിട്ട് ഒരു യുവതി... ഞാൻ അടുത്തേക്ക് പോയി..വേണ്ട സാറേ അവൾ ഉപദ്രവിക്കും എന്ന ശങ്കരന്റെ ശബ്ദം കേട്ടതായി ഭാവിച്ചില്ല..അവളുടെ മുഖം തന്നെ കോലം കെട്ട് പോയിരിക്കുന്നു.. പക്ഷെ അവൾ എന്നെ കണ്ടതും ഓടിവന്ന് കെട്ടിപ്പിടിച്ചു.. സന്ദീപേട്ടാ എന്നെ ഇവിടെ നിന്നും രക്ഷിക്ക്.. എത്ര കാലമായി ഞാൻ കാത്തിരിക്കുന്നു... ശങ്കരനെ സമാധാനിപ്പിച്ച് അവളെ താൻ ഏറ്റെടുക്കുമ്പോൾ ലോകത്തിന്റെ ഏത് കോണിൽ പോയിട്ടായാലും അവളെ ജീവിതത്തിലേക്ക് തിരിച്ച് കൊണ്ട് വരുമെന്ന് ശങ്കരന് വാക്ക് കൊടുക്കുമ്പോ.. ആ പുകമറ മാറി ശരിയായ ചിത്രം അവളുടെ മനസ്സിൽ തെളിയുമ്പോ, തന്നെ അവൾ കൊന്നു കളഞ്ഞേക്കാം എന്ന പേടി ഒന്നും അയാൾക്ക് തോന്നിയില്ല..മറിച്ച് രണ്ട് കാലുകൾ പോയെങ്കിലും തന്നെ ജീവനോടെ ബാക്കി വച്ചിരുന്നത് ഇങ്ങനെ ഒരു പാപ പരിഹാരത്തിനായിരുന്നെന്ന് ഓർത്ത് അയാൾ സമാധാനിച്ചു..ഇനിയുള്ള തന്റെ ജീവിതം അവൾക്കും തന്റെ മകൾക്കും വേണ്ടിയാണെന്ന് ഉറപ്പിച്ചു തന്നെ.......അപ്പോഴും എല്ലാത്തിനും സാക്ഷിയായി ഒരു ചാറ്റൽമഴ ഉണ്ടായിരുന്നു...

— (ശുഭം)



**വിജിത അജിത്**




# ഉദ്ധരണി

- മരണം അനശ്വരതയുടെ ദന്ത ഗോപുരത്തിന്റെ സ്വർണ്ണ നിർമിതമായ താക്കോലാണ്.:– മിൽട്ടൻ ..
- ജീവിതത്തിലെ ഏക തുല്യത മരണമാണ് :–ഫിലിപ്പ് ബെയിലി ..
- മരണം ഒരു നിയമമാണ് , അല്ലാതെ ഒരു ശിക്ഷയല്ല :– ജീൻ ബാപ്റ്റിസ്റ്റ്
- സ്വാഗതം ചെയ്യപ്പെടാത്ത വിരുന്നുകാരനാണ് മരണം :– ബർണാഡ് ഷാ
- ജനനം പോലെ തന്നെ മരണവും പ്രകൃതിയുടെ ഒരു രഹസ്യമാണ് :– മാർക്ക് ഔറീലിയസ



## മരണം ....!



കുഞ്ഞുമോൻ

PALODE PRAVASI KOOTTAIMA
പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017

# ആത്മസഖി

പത്തുദിവസത്തെ ലീവിനാണ് ഉണ്ണി നാട്ടിൽ വന്നത് ഓർമ ശക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന തന്റെ അമ്മമാത്രമാണ് വീട്ടിലുള്ളത്.

ഉണ്ണി എപ്പോൾ ലീവിനുവന്നാലും തന്റെ പട്ടാള യൂണിഫോമിൽലാണ് വരുന്നത് അങ്ങനെ കാണാനാണ് അമ്മക്കേറെ ഇഷ്ടം.....

ജീവിതത്തിന്റെ നല്ല നാളുകൾ മുഴുവൻ ട്രയിൻ ബോഗികളിൽ ആടി ഉലഞ്ഞ് തീർന്നുകൊണ്ടേയിരിക്കുന്നു....

ഓരോ വരവും തന്റെ അമ്മയെ കാണാമെന്നും തിരിച്ചുപോക്ക് രാജ്യത്തിനുവേണ്ടിയാണെന്നും ഓർക്കുമ്പോൾ ട്രയിൻ ബോഗികൾ തന്നോട് ഷെമചോദിക്കും!..

കുറേകാലമായി ഉണ്ണിയെ പെണ്ണുകെട്ടിക്കാനുള്ള അമ്മയുടെ ശ്രമം പരാജയപെട്ടുകൊണ്ടേയിരിക്കുന്നു... ഉണ്ണീ ഇരുപത്തിഏഴ് വയസായില്ലേ നിനക്ക് ഇനിയും എന്നെ തനിച്ചാക്കണോ?...

ഇപ്രാവശ്യമെങ്കിലും ആ ബ്രോക്കർ പറഞ്ഞ പെണ്ണിനെ ഒന്നുപോയി കണ്ടൂടേ???...പ്രായത്തിൽ കവിഞ്ഞ അസുഖങ്ങൾ അമ്മയെ നന്നായി വേദനിപ്പിച്ചുകൊണ്ടേയിരുന്നു.!

ഇപ്രാവശ്യമെങ്കിലും അമ്മക്ക് പിടികൊടുക്കണം... ഉണ്ണി സ്വയം തീരുമാനിച്ചു. ബ്രോക്കർ മുൻപ് പറഞ്ഞുവെച്ചിരുന്ന ഒരു പെണ്ണിനെ അവർ കാണാൻപോയി. പെണ്ണിന്റെ അച്ഛനും കൂട്ടരും ഉമ്മറത്തുതന്നെ നിൽപ്പുണ്ടായിരുന്നു... ചെറുക്കനും കൂട്ടരും വന്നു. ചായക്ക് വെച്ചോ?

എന്നകത്തേക്കുനോക്കിചോദിച്ചു? അവരെ അകത്തേക്ക് ഷെണിച്ചു.... യാത്രാകാര്യങ്ങളും ജോലിയുമൊക്കെപ്പറഞ്ഞപ്പോൾ താൻ കാശ്മീർ താഴ്വരയിലാണെന്നുകൂടി പറഞ്ഞു.! അച്ഛൻ അകത്തേക്കുനോക്കി... മോളെ വിളിക്കെന്നമ്മയോട് പറഞ്ഞു.. അമ്മ തലയാട്ടികൊണ്ട് അവളോട് പറഞ്ഞു അച്ഛൻ വിളിക്കുന്നു. അവൾ ചായയുമായിവന്നു അവർ കണ്ടു സംസാരിച്ചു കണ്ണുകളിൽ പരസ്പരം പറയാത്തൊരു ഇഷ്ടം എവിടെയോ തോന്നിത്തുടങ്ങി...

അവൾ ഉണ്ണിയോട് :–ചേട്ടനെ ഞാൻ മുൻപ് കണ്ടിട്ടുണ്ട്!

ഉണ്ണി :– എന്നെയോ?

കോളേജിൽ എന്റെ സീനിയർ ആയിരുന്ന ചേട്ടൻ... ആ... അതാണ് എവിടെയോ കണ്ടുമറന്നപോലൊരു ഓർമ....

ലീവ് തീരാൻ നാല് ദിവസംകൂടിയേ ബാക്കിയുള്ളൂ ബ്രോക്കർ പെണ്ണിന്റ അച്ഛനോട് പറഞ്ഞു അഭിപ്രായം വിളിച്ചറിയിച്ചാൽ മതി....എന്നാപ്പിന്നെ ഞങ്ങളിറങ്ങട്ടെ??? അവർ എഴുന്നേറ്റു ... അടുക്കളയിൽ അനിയത്തിയും,അമ്മയും, അമ്മുമ്മയും, കുഞ്ഞമ്മയുമൊക്കെ വലിയ സന്തോഷത്തിലാണ്... ഇതെങ്കിലുമൊന്ന് നടന്നുകിട്ടിയാൽമതിയായിരുന്നു ഈശ്വരാ... അമ്മുമ്മ നെടുവീർപ്പിട്ടു. `മാ' നിറമാണെങ്കിലും മാളുന് നല്ല ചേരും. കുഞ്ഞമ്മയുടെ അഭിപ്രായം. അപ്പോഴേക്കും അവരെയാത്രയാക്കി അച്ഛൻ വന്നു.

എന്താ മുഖം വല്ലാണ്ടിരിക്കുന്നത് അമ്മ ചോദിച്ചു?! നമുക്ക് വേറൊരാലോചന നോക്കാം!...അച്ഛൻ പറഞ്ഞു... അതെന്താടാ ചെറുക്കൻ കാണാൻ കൊള്ളില്ലേ അമ്മുമ്മയുടെ ചോദ്യം???

അതല്ല ചെറുക്കൻ കാശ്മീരിലാണ്. എപ്പോൾവേണമെങ്കിലും എന്തും സംഭവിക്കാം...!എല്ലാവരുമൊന്നു ഞെട്ടി!.

ഇനി ഒരാളുട മുന്നിലും ഞാൻ ഒരുങ്ങിനിൽക്കില്ല എനിക്ക് വയ്യ ഇത് നാലാമത്തെ പെണ്ണുകാണലാണ് ഞാൻ നിർത്തി മട്ടുത്തു. കണ്ണുകൾ തുടച്ചുകൊണ്ടവൾ മുറിയിലേക്ക് പോയി.... എല്ലാവർക്കും സമ്മദമാണെങ്കിൽ ഞാൻ അവരെവിളിച്ചുപറയാം അച്ഛൻ പറഞ്ഞു.

ഒരു കുഴപ്പവുമില്ല നീ ഇപ്പോ തന്നെ അവരെവിളിച്ചുപറഞ്ഞേക്ക്... അമ്മുമ്മ ശാസിച്ചുകൊണ്ട്പറഞ്ഞു.!

മനസില്ലാ മനസോടെ അച്ഛൻ ബ്രോക്കറെവിളിച് സമ്മതമറിയിച്ചു. ചെറുക്കൻ പോകുന്നതിനുമുമ്പ് ചെറുതായിട്ടൊരു മോതിരമാറ്റം നടത്തിയാലോ?...ബ്രോക്കർ അങ്ങോട്ട് ചോദിച്ചു? കുഴപ്പമില്ല മറ്റെന്നാൾ വന്നോളൂ അതാകുമ്പോൾ ഇവിടെല്ലാരും കാണും. ശെരി അങ്ങിനായിക്കോട്ടെ. എല്ലാം പെട്ടന്ന് പെട്ടന്ന് ആണല്ലോ ഈശ്വരാ... ഒന്നിനും ഒരു കുറവുമുണ്ടാകല്ലേന്ന് അമ്മുമ്മ പ്രാർത്ഥിച്ചു. പറഞ്ഞതുപോലെ രണ്ടുദിവസംകഴിഞ്ഞവർ മോതിരമാറ്റത്തിന് എത്തി ചടങ്ങുകൾ ഭംഗിയായി നടന്നു അവർ പോകാനിറങ്ങുകയാണ്...അച്ഛൻ പറഞ്ഞു... അവർ പോയിട്ടിനി ഇലയിട്ടാൽ മതിയെന്ന് അമ്മുമ്മ. ഇറങ്ങുന്നതിനു തോട്ട് മുൻപ് ഉണ്ണി അവൾക്കൊരു ഫോൺ കൊടുത്തു... ഒട്ടും പ്രതീക്ഷിക്കാതെ അവളത് വാങ്ങി!.നാള രാവിലത്തെ ട്രയിനിൽ ഞാൻ തിരികെ പോകും . ആ പറഞ്ഞതിന്റെ അവസാനം അവളുടെ കണ്ണിലേക്കായിരുന്നു. അമ്മയുടെ പിറകിൽ മറഞ്ഞുനിന്ന രണ്ടു കണ്ണുകൾ അതായിരുന്നു അവൾ!.ചെറുതേങ്ങലോടെ അവൾ മുറിയിലേക്ക് പോയി കൂടെ അമ്മയും അനിയത്തിയും... ഒന്നുല്ലടാ രണ്ടുമാസം കഴിയുമ്പോൾ അവനിങ്ങു വരില്ലേ അപ്പൊ കല്യാണം പിന്നെന്താ???



മണികണ്ഠൻ പാലോട്

നാളുകൾ കടന്നുപോയി അവരുടെ ബന്ധം ഫോണിലൂടെ വളർന്നു. അടർത്താനോ പിരിക്കാനോ കഴിയാത്തത്ര ആഴത്തിൽ ആ സ്നേഹ ചെടിയുടെ വേരുകൾ അവരിലേക്കാഴ്ന്നിറങ്ങി.! അച്ഛനുതോന്നിയ ഇഷ്ടമില്ലായിമ ആ മുഖത്ത് നന്നായിക്കണമായിരുന്നു. കല്യാണത്തിന്റെ ജോലികൾ വളരെ വേഗതയിൽ നടക്കുന്നുണ്ട്.

നീയെന്തിനാടി ചിരിക്കണത്? അടുത്താഴ്ച്ച ചേട്ടനിങ്ങെത്തും... ചുക്കിച്ചുളിഞ്ഞ രണ്ട് കവിളുകളും നുള്ളിയെടുത്തവൾ അമ്മുമ്മയോട് പറഞ്ഞു. പെണ്ണിന് കാല് തറയിൽ നിക്കാണില്ല ചാടി നടക്കയാണ്....

മാളൂന്റെ ഫോണല്ലേ ബെല്ലടിക്കണത് പെണ്ണിതെവിട പോയി അമ്മ ഉറക്കെ ചോദിച്ചു?

ചേച്ചികുളിക്കയാണമ്മേ മിന്നു പറഞ്ഞു.

മിന്നു ഫോണെടുത്തു.... ഹലോ... ഹലോ... ചേട്ടനാണോ??? അവൾക്കൊന്നും മനസിലായില്ല.... ഹിന്ദിയിലായിരുന്നു മറുപടി ഫോൺ കട്ടായി. ആരാടി അമ്മ ചോദിച്ചു?

ആ... ഏതോരു ഹിന്ദിക്കാരൻ..അമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു അതവനായിരിക്കും നീയായതുകൊണ്ട് പറ്റിച്ചതാണ്... ഡീ... ചേച്ചീ നിന്റ ഹിന്ദിക്കാരൻ വിളിച്ചു.... എന്താടി മാളു ഷവർ ഓഫാക്കിയിട്ട് ചോദിച്ചു? നിന്റ ചേട്ടൻ വിളിച്ചെന്ന്.... ഒ ഓ ഞാനിപ്പോ വരാം മാളു പറഞ്ഞു... കഴുകിയ തുണിപോലും അയയിൽ വിരിക്കാതെ മാളു റൂമിലേക്കോടി... ചേട്ടനാണല്ലോ വിളിച്ചത് പിന്നെന്താ അവളെടുത്തപ്പോൾ കട്ടായത്?അവൾ പിറുപിറുത്തു... അവൾ ചേട്ടനെ തിരിച്ചുവിളിക്കാൻ ശ്രമിക്കുന്നുണ്ട് പക്ഷേ ഫോണെടുക്കുന്നില്ല!... ചേട്ടനിതെവിടെ പോയികിടക്കുന്നു ???? അവൾ ദേഷ്യത്തോടെ ഫോൺ കട്ടിലിലേക്ക് എറിഞ്ഞു.

അവൾ വെളിയിലേക്കിറങ്ങിയതും ഫോൺ ബെല്ലടിക്കുന്നു അവൾ വേഗം തിരികെവന്ന് ഫോണെടുത്തു പുതിയ നമ്പർ ആണല്ലോ?!...ഹലോ... ഹലോ മാഡം ഇതു ലാൽ കൃഷ്ണയുടെ വീടാണോ?ഉണ്ണിയേട്ടനെന്നു വിളിച്ച് ശീലിച്ചതുകൊണ്ട് അവളൊന്നമ്പരന്നു!.... അവൾ അതെ ഇതാരാണ്? ഞാൻ ലാലിന്റ കമാൻഡർ ഓഫീസർ ആണ്... ഈ നമ്പറിലാണ് ലാൽ അവസാനമായി വിളിച്ചിരുന്നത് അതാണ് വിളിച്ചത്?! അയാൾ സൗമ്യമായി അവളോട് സംസാരിച്ചു ...ആകെയൊരു നിശബ്ദത... ദേഹമാകെ തളർന്നപോലെ കൈകൾ വിയർത്തൊഴുകി പെട്ടന്ന് ഫോൺ തറയിലേക്ക് വഴുതി വീണു.!...എന്തോ ഒരു ശബ്ദംകേട്ടല്ലോ അമ്മുമ്മ വിറങ്ങലിച് പറഞ്ഞു...അതെന്റെ ഫോൺ തറയിൽ വീണതാ അവൾ പറഞ്ഞു. ഉരുണ്ടുകൂടിയ അന്തരീഷം പെട്ടെന്ന് പെയ്തിറങ്ങി...

ഈ പെരുമഴയത് അവൻനിത് എവിട പോയതാ?... മിന്നൂ... മിന്നൂ.. നിന്റ അച്ഛനെയൊന്ന് വിളിച്ചുനോക്കെടി... കൊച്ചിന്റെ കല്യാണമടുത്തപ്പോൾ മഴയും തുടങ്ങി.

ഒരുകണക്കിന് ഇപ്പോ പെയ്താൽ കല്യാണ സമയത്ത് വെറിക്കും.അമ്മുമ്മ സ്വയം പറഞ്ഞു .... ആ... ധാ അച്ഛൻവരുന്നു മിന്നുപറഞ്ഞു നീയിതുവിടെ പോയെടാ ഈ പെരുമഴയത്????

ഞാൻ ശങ്കരേട്ടന്റെ ചായക്കടയിലുണ്ടാട്ടിരുന്നു മഴയൊന്നുതോർന്നിട്ട് വരാമെന്നുകരുതി.... ഇവിട കറണ്ടുണ്ടോടി ? ധാ ഇപ്പ പോയതേയുള്ളു.... ങ്ഹാ എന്നാ ഇനി നോക്കണ്ട അവിട മരമൊടിഞ്ഞ് വീണ് രണ്ട് പോസ്റ്റ് പോയി രണ്ടുദിവസമെങ്കിലും കഴിയാതെ കറണ്ട് വരുമെന്ന് തോന്നണില്ല. മാളുഏയ് ആ വിളക്കിലൊക്കെ മണ്ണെണ്ണ ഒഴിച്ച് വെയ് ഇന്നിനി വെട്ടംവരില്ല അമ്മുമ്മ വിളിച് പറഞ്ഞു...

അമ്മാ നാളഞാൻ സുനന്ദേച്ചിര കടയിൽ പിച്ചിപ്പൂവിനു ഓഡർ കൊടുക്കാൻ പോകുട്ടോ അച്ഛൻ ഹാരം മാത്രമല്ലേ പറഞ്ഞിട്ടുള്ളു... നേരുത്തേ പറഞ്ഞില്ലെങ്കിൽ പിന്നെ കിട്ടില്ല!. കറണ്ടും ടീവിയുമൊന്നുമില്ലാത്തതുകൊണ്ട് ഒരുദിവസം പെട്ടെന്ന് പോയി....

മാളു പതിവിലും നേരുത്തേ എഴുന്നേറ്റു ... എന്തെന്നില്ലാത്തൊരഗ്നിവേശം ജോലികളൊക്ക നേരുത്തേ ഒതുക്കി. അവളുണ്ടാക്കിയ വാഴപിണ്ടിത്തോരനും,

വെള്ള ചമ്മന്തിയും ഉള്ളിത്തീയലും കൂട്ടി എല്ലാർക്കുമൊപ്പം അവളും ചോറു കഴിച്ചു...

അമ്മാ ഞാൻ പൂക്കടയിൽ പോയിട്ട് വേഗം വരാട്ടോ അവൾ പറഞ്ഞു ... നിക്ക് നീ തനിച്ച് പോണ്ട കല്യാണത്തിന് കുറച്ചുദിവസംകൂടിയേ ബാക്കിയുള്ളൂ മിന്നുനേം കൂടെ കൊണ്ട് പോ... വേണ്ട ഞാനിപ്പവരാം... അവളെയും കൊണ്ട് പോയാമതി അമ്മ ശകാരിച്ചു... നാശം അവൾ പിറുപിറുത്തു... രണ്ടുപേരുംകൂടി കടയിലേക്ക് പോയി....

നിന്റെ മുഖമെന്താ വല്ലാതിരിക്കുന്നത് മിന്നു ചോദിച്ചു? നിനക്ക് വീട്ടിലിരുന്നാൽ പോരായിരുന്നോ എന്തിനാ വന്നത് മാളു നല്ല ദേഷ്യത്തിൽ ചോദിച്ചു? അമ്മ പറഞ്ഞോണ്ടാണ് ഞാൻ വന്നത് ഇല്ലങ്കിൽ ഞാൻ വരില്ലായിരുന്നു... മിന്നുവിന്റ മുഖം വാടി....

അപ്പോഴേക്കും കടയിലെത്തി.! ങ്ഹാ ഇതാരൊക്കെയാ കല്യാണ പെണ്ണോ?? +

നിന്നെയിങ്ങോട്ടൊന്നും കാണാനില്ലല്ലോടി... എന്താ രണ്ടാളുടെയും മുഖം വല്ലാണ്ടിരിക്കുന്നത്? സുനന്ദേച്ചി രണ്ടാളോടും കൂടി ചോദിച്ചു? രണ്ടാളും ഒന്നും മിണ്ടിയില്ല!.മാളു... ചേച്ചി ഈ ഹാരത്തിനെത്രയാ? ഇതിനോ? ആതുരണ്ടുകൂടി മൂവ്വായിരം... ആ രണ്ട് ഹാരവും എനിക്ക് വേണം!!!..അവൾ പറഞ്ഞതുകേട്ട് അവർ അമ്പരന്നു! നിനക്കിതെന്തിനാ? അവൾ പൈസ മേശപുറത്തുവെച്ചു. അവർഹരാവുമെടുത്തു കവറിലാക്കികൊടുത്തു അവളത് വാങ്ങി തിരിഞ്ഞതും ഒരോട്ടോ വരുന്നത്കണ്ടു ഓട്ടോക്ക് കൈ കാണിച്ചു. അതാരുടെ ഓട്ടോയാണെന്നറിയാൻ സുനന്ദേച്ചി എത്തി നോക്കുന്നുണ്ടായിരുന്നു. ചേട്ടാ.... മുക്കുന്നംവരെ പോണം അവൾ ഓട്ടോക്കാരനോട് പറഞ്ഞു. അത് ബിനുന്റെ വണ്ടിയാണല്ലോ!? സുനന്ദേച്ചി സ്വയംപറഞ്ഞു

ബിനുവിന്റെ ഫോണിലേക്ക് വിളിച്ചു... ഡാ നീ എവിടാണ് ഒരോട്ടമുണ്ട് വരുമോ....?ചേച്ചി.... ഞാനോരോട്ടത്തിലാണ് മുക്കുന്നംവരെ പോയിട്ട് വരാം.. അവർ എവിടെ പോകുന്നെന്നറിയാൻ സുനന്ദേച്ചി വെറുതേ വിളിച്ചതായിരുന്നു.,,എന്താണെന്നറിയില്ലല്ലോ ആകെയൊരു പന്തികേട്. സുനന്ദേച്ചി ചിന്തിച്ചു. തലയദിവസം കറണ്ടുപോയപ്പോൾ ഓഫാക്കാൻ മറന്ന ടീവി കറണ്ട് വന്നതും പ്രവർത്തിച്ചുതുടങ്ങി.

തുടരും പേജ് . 43

സ്വയമുരുകി തീരും പ്രവാസി
മെഴുകുതിരി പോലെന്നും തൻ
പ്രിയപ്പെട്ടവർക്കായ്
അറിയുന്നില്ലാരുമാ പ്രയാസം
നാട്ടിലെത്തുവാൻ വിങ്ങും മനസ്സുമായ്
അറബിനാട്ടിൽ കഴിഞ്ഞീടുമെന്നും

തൻ ആശകളെല്ലാം ഹൃദയത്തിലുറക്കി
നിരാശയും പേറി ഏറ്റം പ്രയാസമോടെ
ഓണമില്ല പെരുന്നാളുമില്ല
ക്രിസ്തുമസുമില്ലിവനാകെയുള്ളത്
തൻ പ്രിയരുടെ കുറച്ചോർമ്മകൾ മാത്രം

മനസ്സിൽ തിങ്ങി നിറയും പല
വികാരങ്ങളായവ ദേഷ്യം ,സ്നേഹം ,
സങ്കടം,വിലാപം,പ്രയാസം
ഇവയെല്ലാം ഒഴുക്കി കളയുവാൻ
അറബിക്കടലുമവന് പോരാതെയാകും

നാട്ടിലെത്തുവാൻ കഴിഞ്ഞുവെങ്കിൽ
പ്രിയപ്പെട്ടവരോടു ചേർന്നിരുന്നുവെങ്കി-
ലൊരു നേരം ചിലവിടാനായിരുന്നുവെങ്കിൽ
എന്നൊരാ ചിന്തയിൽ മുഴുകി
നാളുകളെണ്ണിയവൻ കഴിയും
ആരറിഞ്ഞീടുന്നുയീ പ്രയാസം.
ഒടുവിലെല്ലാം അവസാനിപ്പിച്ച്

പോകാൻ തുടങ്ങുമ്പോൾ നാട്ടിൽ
നിന്നെത്തും പ്രിയരുടെ ആവലാതികൾ
കടം തീർന്നില്ല മക്കൾക്ക് ജോലിയായില്ല
മകളെ അയച്ചീല,സ്ത്രീധനം നൽകീല
എന്നിങ്ങനോരോ പരിഭവങ്ങൾ

ആരോടുമൊന്നും പറഞ്ഞിടാതെ
വീണ്ടും തുടരുന്നു പ്രവാസ ഭാരം
കർപ്പൂര നാളമായോരോ പ്രവാസിയും
കത്തുന്നു രാപ്പകളിലില്ലാതെരിഞ്ഞിടുന്നു

അറിയാതെ കവിളത്തൊഴുകുന്ന
കണ്ണുനീർ മാറ്റാൻ മണൽക്കാറ്റും
കൊടും തണുപ്പും ഈന്തപ്പന മരങ്ങളും മാത്രം
ആരറിഞ്ഞീടുന്നുയീ പ്രയാസം.

മനസ്സിലെ ദുഃഖവും നിരാശയും
ശരീരത്തിൽ നിറയെ രോഗവും
പേറി തിരികെയെത്തീടുമ്പോൾ
നൽകുന്നു വീട്ടുകാർ വീണ്ടും കുത്തുവാക്കുകൾ

നീ എന്തു നേടി ,നീ എന്തു നൽകി
തകർന്നൊരു മനസ്സുമായ്
വീടിന്റെ ഓരത്ത് നഷ്ടമായ യൗവന
കാലമോർത്ത്
വിലപിക്കും മനുഷ്യ നിന്റെ പേരോ പ്രവാസി
നിനക്കുണ്ടോ പ്രയാസം തീരാത്ത ദുഃഖം.

ഒടുവിൽ മടങ്ങി നീ എല്ലാം
അവസാനിപ്പിച്ചൊരു വാക്കും ഒരു
പരാതിയും പരിഭവവുമില്ലാതെ
പ്രയാസങ്ങളില്ലാത്ത ലോകത്തിലേക്ക്
പറയു പ്രണാമമേവരും പ്രയാസമേറ്റമില്ലാതെ
പ്രണാമം പ്രവാസി നിനക്ക് പ്രണാമം.......



# പ്രവാസം എന്ന പ്രയാസം



സജ്ന ഹലീൽ

ന്യൂസ് :–കാശ്മീർ താഴ്വരയിലുണ്ടായ വെടിവെയ്പ്പിൽ വീരമൃത്യു വരിച്ചവരുടെ എണ്ണം ആറായി!!!.,മരിച്ചവരിൽ ഒരാൾ മലയാളിയും. മുക്കുന്നം സ്വദേശി

ലാൽ കൃഷ്ണയാണ് നാടിനുവേണ്ടി ജീവൻ ബലിയർപ്പിച്ചത്!!!!!!., മൃതദേഹം വഹിച്ചുകൊണ്ടുള്ള ആംബുലൻസ് മൂന്നുമണിക്ക് മുൻപായി സ്വവസിതിയിൽ എത്തുമെന്നാണ് ഇപ്പോൾ കിട്ടിയ റിപ്പോർട്ട്.!!!.ഒരു ഞെട്ടലോടെ സുനന്ദേച്ചി മാളൂന്റെ വീട്ടിലേക്ക് വിളിച്ചു. അച്ഛനാണ് ഫോണെടുത്തത്... നിങ്ങൾ ടീവിയൊന്ന് വെച്ച് നോക്കണേ... മാളു അങ്ങോട്ട് പോയിട്ടുണ്ട് അവർ കരഞ്ഞുകൊണ്ട് പറഞ്ഞു...

ന്യൂസ് :– നാടിനുവേണ്ടി വീരമൃത്യുവരിച്ച ലാൽകൃഷ്ണയുടെ മൃതദേഹം ജനലക്ഷങ്ങൾ ഏറ്റുവാങ്ങി...

എന്തുചെയ്യണമെന്നറിയാതെ പൊട്ടിത്തകർന്നവർ മുക്കുന്നത്തേക്ക് യാത്രതിരിച്ചു....

മാളുവും മിന്നുവും ജനസാഗരത്തിലൂടെ നടന്ന് മുന്നിലെത്തി.....

താൻ അതിർത്തിയിൽ രണ്ടുതവണ വെടിവയ്പ്പിന് പോയിട്ടുണ്ടെന്നും ലീവ് കഴിഞ്ഞാൽ തിരിച് അങ്ങോട്ടേക്കാണ് പോകുന്നതെന്നും കൂട്ടുകാരോട് പറഞ്ഞപ്പോൾ .... വീബിളക്കല്ലെടാ എന്ന് പറഞ് കളിയാക്കിയ കൂട്ടുകാരൊക്ക അടർന്നുപോയ ഇതളുകൾപോലെ നിശബ്ദരായി!.... മൃതദേഹം പൊതു ദർശനത്തിനുശേഷം ചടങ്ങുകൾക്കുവേണ്ടി കണ്ണാടി പെട്ടിയുടെ വെളിയിലെടുത്തു!!!. അവൾ അതിനടുത്തേക്ക് നടന്നടുത്തു.... എന്തുചെയ്യണമെന്നറിയാതെ മിന്നു പകച്ചുനിന്നു!?!. ചേച്ചിയുടെ സമനില തെറ്റുകയെണെന്നു അവൾക്ക് തോന്നിത്തുടങ്ങി...

മാളുവിനെ പിറകിലേക്ക് പിടിച് വലിക്കാൻ ശ്രമിച്ചപ്പോൾ മിന്നുവിന്റ കൈകൾ തട്ടിമാറ്റികൊണ്ട് അവൾ മുന്നിലേക്ക് പോയി ആരുംതിരിച്ചറിയാതെ കവറിൽ പൊതിഞ്ഞുവെച്ചിരുന്ന ഹാരം അവൾ കയ്യിലെടുത്തു!. അവൾ ആരാണെന്നോ? എന്താണെന്നോ? അറിയാതെ ഒരുകൂട്ടം ജനങ്ങൾ സ്തബ്ധിച് നോക്കിനിന്നു.!!!! അവളെ തിരിച്ചറിഞ്ഞ അമ്മയുടെ നിലവിളി അവിടെങ്ങും അശാന്തമാക്കി... അവളുടെ കൈകൾ ചലിച്ചുതുടങ്ങി അതിലൊരു ഹാരം ധീരജവാന്റ കഴുത്തിലർപ്പിച്ചു !...

ഐസിലിരുന്ന് മരവിച്ചകായ്കൾ വലിച്ചുപോക്കി ആ കൈകളിൽ ഹാരം പിടിപ്പിച് അവളുടെ കഴുത്തിലേക്കവൾ

സ്വയമർപ്പിച്ചു!..... ചുറ്റും കണ്ടുനിന്നവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി ആരോ പതിയെ പറഞ്ഞു അവന്റെ കല്യാണപെണ്ണാണവൾ.!!!

അവനുചുറ്റും വലതുവെച് കാൽക്കൽ നമസ്കരിച്ചു. ഒരു തിരിഞ്ഞ് നോട്ടത്തിന് തയ്യാറാകാതെ അവന്റെ തലക്കൽ വെച്ചിരുന്ന നിലവിളക്ക് അവൾ കയ്യിലെടുത്തു.പകരംവെക്കാനില്ലാത്ത സ്നേഹത്തിന്റെ കണ്ണുനീർത്തുള്ളികൾ നിർത്താതെയൊഴുകി അവൾ മെല്ലെചലിച്ചു പൂമുഖ കൽ പടവുകൾ അവൾക്കുവേണ്ടി തലകുനിച്ചു നിലവിളക്കിലെ ദീപ നാളങ്ങളാൽ ഏവരെയും സ്മരിച്ചുകൊണ്ട് അവൾ ആ കൽപ്പടവുകൾ താണ്ടി ഉമ്മറത്തെ ഉണ്ണിയുടെ പടത്തിനുമുന്നിൽ വിളക്കുവെച്ചു!...

ആലില താലിയിൽ ഇഴുകിച്ചേർത്ത ബന്ധങ്ങൾ പൊട്ടിച്ചിതറുമ്പോഴും ഇതുപോലുള്ളവർ ബാക്കിയാണെന്നാരോ പറഞ്ഞു!...

*(ഓരോ വെടിയുണ്ടയും ചെമ്പനീർ പൂവെന്നപോൽ ഇടനെഞ്ചോട് ചേർത്ത ഓരോ ഭാരത പുത്രൻമാർക്കും കണ്ണീരിൽകുതിർന്ന കൈ കൂപ്പുകൾ.)* – (ശുഭം)





അമാനുള്ള



# ഡിസംബറെ ,...

പണ്ടും നി ഇങ്ങനെയാണു .....

മനസ്സിനെ തണുപ്പിച്ച്
പകരം വീട്ടും ..

ചിന്തകളെ ആട്ടിയോടിച്ചു
നീ വാതിലുകൾ
കൊട്ടിയടയ്ക്കും..

മരവിച്ച ചില്ലകളാൽ
പതുങ്ങുന്ന
മരത്തെയും നീ
ഭൊഗിക്കും .. .

പട്ടിണി പാവങ്ങളുടെ
വയറുകളിൽ മാത്രം
നീ നെരിപ്പോടുകൾ
കത്തിക്കും..

എന്നിട്ട് ...

ഒന്നുമറിയാത്തവനെ
പോലെ, ചിരിച്ചു കൊണ്ട്
ആഘോഷത്തോടെ
അടുത്ത വർഷത്തിലെക്ക്
ഒളികണ്ണിട്ട് നോക്കി നീ
കടന്നു കളയും...

അപ്പൊഴും
നി പറയുന്നത് ഇനിയുള്ളത്
'സന്തോഷങ്ങളാണു '
എന്ന പച്ചക്കള്ളമല്ലെ ....?

PALODE PRAVASI KOOTTAIMA
പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017




*Best Compliment's from ...*






PALODE PRAVASI KOOTTAIMA
പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017

# സാഫല്യം



"രാഹുലേട്ടാ..പ്ലീസ്.. എന്നെ ഒന്ന് കൊണ്ട വിട്ടമോ? ഒത്തിരി ലേറ്റായി പോയി ... ഇനി ബസ് കിട്ടി കോളേജിൽ എത്തുമ്പോഴേക്കും ക്ലാസ്സ് തുടങ്ങിയിട്ടുണ്ടാകും" രാഖിയുടെ കീറി വിളിച്ചുള്ള ചോദ്യം കേട്ടാണ് അവൻ ഉറക്കമുണർന്നത്.. രാഹുലിന്റെ രണ്ട് വയസ്സ് ഇളയ അനുജത്തിയാണ് രാഖി..കോളേജിൽ ബി.എ ആദ്യവർഷം പഠിക്കുന്നു.." നിനക്ക് കാലത്ത് നേരത്തേ ഉറക്കമുണർന്ന് റെഡിയായാൽ എന്തായിരുന്നു പ്രശ്നം? " ചോദിച്ച് കൊണ്ട് അവൻ എഴുന്നേറ്റ് വന്നു.. " അമ്മ ഇന്ന് നേരത്തേ ജോലിക്ക് പോയി, ചേച്ചിയെ സഹായിക്കാൻ അടുക്കളയിൽ കേറേണ്ടി വന്നു.. അതാ വൈകിയത്.." ചേച്ചി ജോലിക്ക് പോയോ? " അവൻ ചോദിച്ചു..രാഹുലിന്റെ മൂത്ത സഹോദരിയാണ് രാധിക.. ഒരു തുണിക്കടയിൽ സെയിൽസ് ഗേളായി ജോലി ചെയ്യുന്നു.. അമ്മ അടുത്തുള്ള രണ്ട് വീടുകളിൽ ജോലിക്ക് പോകുന്നുണ്ട്.. അങ്ങനെയാണ് ആ കുടുംബം കഴിഞ്ഞുകൂടുന്നത്.. രാഹുലിന്റെ അച്ഛൻ കുമാരൻ തെങ്ങുകയറ്റക്കാരനായിരുന്നു... രണ്ട് വർഷം മുമ്പാണ് അദ്ദേഹം തെങ്ങിൽ നിന്നും വീണ് മരിച്ചത്..അതുവരെ അല്ലലില്ലാതെ കഴിഞ്ഞ കുടുംബം ദാരിദ്ര്യം എന്തെന്നറിയാൻ തുടങ്ങി.. അമ്മ അടുത്ത വീടുകളിൽ ജോലിക്ക് പോയിതുടങ്ങി.. അമ്മയുടെ വരുമാനം കൊണ്ട് മാത്രം തന്റെയും,രാഹുലിന്റെയും ,രാഖിയുടെയും പഠനവും വീട്ടുകാര്യങ്ങളും മുന്നോട്ട് പോകില്ലന്ന് മനസ്സിലാക്കിയ രാധിക പഠിത്തം നിർത്തി ജോലിക്ക് പോയി തുടങ്ങുകയായിരുന്നു..രാഹുലും രാഖിയും നന്നായി പഠിക്കുന്നവരാണ്... ആ നാട്ടിൽ കുമാരന്റെ മക്കളെ കണ്ട് പഠിക്ക് എന്ന് ചിലരെങ്കിലും മക്കളെ ഉപദേശിക്കാറുമുണ്ട്.. അത്രക്ക് മര്യാദയും പരസ്പര സ്നേഹവും ഉള്ളവരാണ് കുമാരന്റെ മക്കൾ.. രാഹുൽ എൻജിനീയറിംഗിൽ മികച്ച വിജയം നേടി നല്ല ഒരു ജോലിയും പ്രതീക്ഷിച്ച് നിൽക്കുകയാണ്..തലേദിവസം ഒരു ഇന്റർവ്യൂ കഴിഞ്ഞ് എറണാകുളത്ത് നിന്ന് വളരെ വൈകിയാണ് വീട്ടിൽ തിരിച്ചെത്തിയത്.. ക്ഷീണം കാരണം ഉറങ്ങി പോയതായിരുന്നു.. രാഹുലിന് ബൈക്കുണ്ട്.. പ്ലസ് ടു വിന് സ്കൂൾ ഫസ്റ്റ് ആയതിന് അച്ഛൻ കുമാരൻ ആരിൽ നിന്നൊക്കയോ കടം വാങ്ങി വാങ്ങിച്ച് കൊടുത്തതാണ്..പക്ഷെ രാഖിയെ കോളേജിൽ കൊണ്ട് വിടാൻ രാഹുലിന് മടിയാണ്..പെൺകുട്ടികൾ മാത്രമുള്ള കോളേജാണ് രാഹുൽ പൊതുവെ പെൺകുട്ടികളെ നോക്കാറില്ല..കൂട്ടുകാർ അവരെ കമന്റ് അടിക്കുന്നതു പോലും അവന് ഇഷ്ടമല്ല...മനസ്സില്ലാമനസ്സോടെ രാഹുൽ രാഖിയെ കോളേജിൽ എത്തിച്ചു.. ബൈക്ക് തിരിച്ച് കോളേജിന്റെ ഗേറ്റ് കടന്നതും ഗേറ്റിന് അരുകിൽ കിടന്ന കല്ലിൽ തട്ടി ബൈക്ക് ഒരു വശത്തേക്ക് ചരിഞ്ഞു.. രാഹുൽ മറുവശത്തേക്ക് ചാടുകയും...കോളേജ് സമയം താമസിച്ചതുകൊണ്ട് ഓടി വന്നു കയറിയ അശ്വതിയുടെ ദേഹത്ത് ഇടിച്ച് രണ്ട്പേരും കൂടെ താഴെ വീഴുകയും ഒപ്പമായിരുന്നു....കോളേജിന്റെ പടികൾ കയറിയ രാഖി ശബ്ദം കേട്ട് തിരിഞ്ഞു നോക്കിയപ്പോൾ കണ്ട കാഴ്ച്ച ചേട്ടനും ഒരു പെൺകുട്ടിയും വീണ് കിടക്കുന്നതാണ്..അവൾ ചേട്ടാ എന്ന് ഉറക്കെ വിളിച്ച് കൊണ്ട് അടുത്തേക്ക് ഓടി.. "ചേട്ടാ , എന്താ പറ്റിയത്? ഏയ് എനിക്ക് ഒന്നും പറ്റിയില്ല അവൻ കൈയ്യും കാലുമൊക്കെ ഒന്നു കുടഞ്ഞ് എണീറ്റ് കൊണ്ട് പറഞ്ഞു..രാഖി ആ പെൺകുട്ടിയുടെ നേരെ തിരിഞ്ഞു "അയ്യോ! അച്ചൂ, നീയായിരുന്നോ? കൈയ്യിൽ നിന്നും ചോര വരുന്നുണ്ടല്ലോ? ആശുപത്രിയിൽ പോയാലോ?.." അവളെ പിടിച്ചെഴുന്നേൽപ്പിച്ച് കൊണ്ട് രാഖി ചോദിച്ചു.."വേണ്ട രാഖീ കുഴപ്പമില്ല .. കൈമുട്ട് ചെറുതായി ഒന്ന് ഉരഞ്ഞതേ ഉള്ളൂ.." അശ്വതി മറുപടി പറഞ്ഞു..." ചേട്ടാ ഇത് എന്റെ കൂട്ടുകാരി അശ്വതിയാണ്.. ഞങ്ങൾ അച്ചു എന്നാ വിളിക്കുന്നെ" പിന്നെ അശ്വതിയോടായി പറഞ്ഞു.."അച്ചൂ, ഇത് എന്റെ ചേട്ടൻ രാഹുൽ.." അശ്വതി അവനെ നോക്കി ചിരിച്ചു.. കൈയ്യുടെ

# കഥ

വേദന ആ ചിരിയിൽ അവൻ കണ്ടു.. അവൻ പതിയെ പറഞ്ഞു:"സോറി".. "സാരമില്ല ചേട്ടാ.. ഞാനും ശ്രദ്ധിക്കാത്തതുകൊണ്ടല്ലേ.."അശ്വതി മറുപടി പറഞ്ഞു.. അവളുടെ സൗന്ദര്യവും മധുരമായ ശബ്ദവും അവനെ വല്ലാതെ ആകർഷിച്ചു..പിന്നീടുള്ള ദിവസങ്ങളിൽ അവൻ എന്നും രാഖിയെ കൊണ്ട് വിടാൻ തുടങ്ങി..മിക്കപ്പോഴും അശ്വതിയെ കാണുകയും, സംസാരിക്കുകയും ചെയ്യ്ത് തുടങ്ങി.. ആദ്യമാദ്യം സുഖ വിവരങ്ങളിൽ തുടങ്ങിയ സംസാരം പിന്നീട് പിന്നീട് വളരെ അടുപ്പമുള്ളവരുടെ സംസാരമായി മാറി..അവർ അറിയാതെ അവരുടെ മനസ്സുകൾ തമ്മിൽ അടുക്കുകയായിരുന്നു..

നാട്ടിലെ പ്രമാണിമാരിൽ പ്രധാനിയാണ് ശ്രീധരൻ..ബിസിനസ്സ്കാരനാണ്...ഭാര്യ ഭാഗ്യലക്ഷ്മി..ഒരേ ഒരു മകൻ..കിരൺ..തല്ലിപ്പൊളിത്തരത്തിന് കൈയ്യും കാലും വച്ച സുന്ദരൻ.. ബാംഗ്ലൂരിൽ എൻജിനീയറിംഗ് കഴിഞ്ഞ് രണ്ട് മൂന്ന് വർഷമായി വീട്ടിലുണ്ട്..ബാംഗ്ലൂരിൽ ഏതോ ഒരു പെണ്ണു കേസിൽ പെട്ട് ജയിലിലായ അവനെ കുറേ കാശ് ഒക്കെ മുടക്കി ശ്രീധരൻ തിരിച്ച് കൊണ്ട് വന്നതാണ് എന്നും ഒരു മുറുമുറുപ്പുണ്ട്..ഒറ്റ മകൻ ആയതുകൊണ്ട് തന്നെ മകന്റെ എല്ലാ വഷളത്തര ങ്ങൾക്കും കുട പിടിക്കുന്നത് അവരാണ്...വ്യാജ എൻജിനീയറിംഗ് സർട്ടിഫിക്കറ്റാണ് അവനുള്ളത് എന്ന് രാഹുലിന്റെ ഒരു കൂട്ടുകാരൻ പറഞ്ഞിരുന്നു..അമ്മയോട് സത്യം അന്വേഷിച്ചപ്പോ പണക്കാർ എന്ത് വേണമെങ്കിലും ചെയ്യട്ടെ..നീ അതൊന്നും നോക്കണ്ടന്ന് പറഞ്ഞ് അമ്മ അവനെ വിലക്കി□രാഹുൽ അമ്മയെ സഹായിക്കാൻ ഇടയ്ക്കിടയ്ക്ക് അവിടെ പോകാറുണ്ട്.. ചിലപ്പോൾ പടികൾ കയറാനുള്ള ബുദ്ധിമുട്ട് കൊണ്ട് രണ്ടാംനില വൃത്തിയാക്കുന്നത് രാഹുലായിരിക്കും.. കിരണിന്റെ ബെഡിനടിയിൽ നിന്നും ഒഴിഞ്ഞ മദ്യക്കുപ്പികളും, സിഗററ്റ് കുറ്റികളും എടുത്തു മാറ്റുമ്പോ കിരൺ ചാരുകസേരയിൽ ഒരു മുതലാളി ചമഞ്ഞ് ഇരിക്കുന്നുണ്ടാവും... അന്നും രാഹുൽ മുകളിലത്തെ നിലയിലെ കിരണിന്റെ മുറി വൃത്തിയാക്കാൻ പോയി.. കിരൺ സിഗററ്റ് വലിച്ച് കൊണ്ട് കസേരയിൽ ഉണ്ടായിരുന്നു... അവനെ കണ്ടതും "എടാ" എന്ന് അടുത്തേക്ക് വിളിച്ചു.. "നിനക്ക് അശ്വതിയുമായിട്ട് എന്താടാ ബന്ധം?" രാഹുൽ ഞെട്ടിപ്പോയി.. ഒന്നുമില്ല ചേട്ടാ.. നിന്നെയും നിന്റെ പെങ്ങളെയും അവളുടെ കൂടെ കണ്ടല്ലോ..?" "അത് രാഖിയുടെ കൂട്ടുകാരിയാ ചേട്ടാ അവൾ". അവൻ വിക്കി വിക്കി പറഞ്ഞു.. "നിനക്ക് അവളുടെ ചേട്ടനെ അറിയാമോ? " കിരൺ ചോദിച്ചു.."അറിയില്ല" രാഹുൽ മറുപടി പറഞ്ഞു.."കരടി മാധവൻ എന്ന ആളെ അറിയുമോ? വലിയ ഗുണ്ടയാ.." കിരൺ വീണ്ടും ചോദിച്ചു.. ഇല്ല എന്ന് രാഹുൽ ആംഗ്യം കാണിച്ചു.. " ങാ! എന്നാൽ അവന്റെ പെങ്ങളാണ് ഈ അശ്വതി.. എന്റെ രണ്ട് കൂട്ടുകാരൻമാർ അവന്റെ ഇടി കൊണ്ട് എല്ലൊടിഞ്ഞു കിടന്നിട്ടുണ്ട്.. അവളെ നോക്കാൻ പോലും നീ പോകരുത്.. നിന്റെ നൻമയ്ക്കാണ് ഞാൻ പറയുന്നത്.." കിരൺ പറഞ്ഞു നിർത്തി.. ആളുകൾ പറയുന്ന പോലെ അല്ല, ഈ കിരണേട്ടൻ കുറച്ച് നല്ലവനുമാണെന്ന് രാഹുലിന് തോന്നി...വീട്ടിലെത്തിയ രാഹുലിന്റെ മനസ്സിൽ ഒരു കറുത്തിരുണ്ട, മസ്സിൽനിറഞ്ഞ ശരീരവുമായി ചുവന്ന ഉണ്ടക്കണ്ണുകൾ ഉള്ള മാധവന്റെ ഒരു സാങ്കല്പിക രൂപം തെളിഞ്ഞ് വന്നു...അവന് പേടി തോന്നി.. തന്റെയും അശ്വതിയുടേയും ജീവിതത്തിൽ ഈ ഗുണ്ട മാധവൻ ഒരു വില്ലനാകുമോ?

രാവിലെതന്നെ രാഹുലിന്റെ സംസാരം കേട്ടാണ് രാധിക പുറത്തേക്ക് വന്നത്.. "എന്താടാ കിടന്ന് ബഹളം വയ്ക്കുന്നത്? " അവൾ അവനോട് ചോദിച്ചു.. "എന്റെ ചേച്ചി, ഇന്ന് അവളുടെ കോളേജിൽ കലോത്സവമല്ലേ , പാവമല്ലേ വൈകി പോകണ്ട.. കൊണ്ട് വിടാം എന്ന് വിചാരിച്ച് വിളിച്ചപ്പോ, ഇതുവരെ റെഡിയായിട്ടില്ല.. എന്താ ചെയ്യുക" .. "ഹും! അതെ അതെ , എന്നോട് എന്താ സ്നേഹം..എന്തിനാ ഇത്രയും ധൃതി കാണിക്കുന്നതെന്ന് ഇവിടെ എല്ലാപേർക്കും അറിയാം.."പറഞ്ഞ് കൊണ്ട് രാഖി പുറത്തേക്ക് വന്നു.. രാഹുൽ പെട്ടെന്ന് ചേച്ചി നിൽക്കുന്നു എന്ന് ആംഗ്യം കാണിച്ചു.. "എടാ പൊട്ടാ.. എനിക്ക് എല്ലാമറിയാം..മോൻ ചമ്മാതെ ഇവളെ കൊണ്ട് വിടാൻ നോക്ക്.. ചേച്ചി ചെറു ചിരിയോടെ പറഞ്ഞു.. "എടീ നിനക്ക് ഞാൻ വച്ചിട്ടുണ്ടെടീ.. ഇനി അപ്പോ അമ്മ മാത്രമേ അറിയാനുള്ളു ല്ലേ?" അവൻ രാഖിയെ പിച്ചിക്കൊണ്ട് ചോദിച്ചു.."അമ്മ എപ്പൊഴേ അറിഞ്ഞു.."ഒരു കള്ള ചിരിയോടെ അവൾ പറഞ്ഞതും ബൈക്ക് സ്റ്റാർട്ട് ചെയ്യുകയായിരുന്ന അവൻ വീഴാൻ തുടങ്ങി.."കഴിഞ്ഞ ജൻമത്തിലെ ശത്രുക്കളാണ് സഹോദരിമാരായി വരുന്നതെന്ന് ആരോ പറഞ്ഞത് ശരിയാണെന്ന് തോന്നുന്നു.. ഇനി ഞാൻ അമ്മയുടെ മുഖത്ത് എങ്ങനെ നോക്കും എന്റെ ഈശ്വരാ.." അവൻ ബൈക്ക് സ്റ്റാർട്ട് ചെയ്തു.. കോളേജിൽ എത്തിയതും അവൻ ചുറ്റുപാടും പരതാൻ തുടങ്ങി.. "നോക്കണ്ട.. അവൾ താമസിച്ചേ വരുകയുള്ളൂ.. ഇന്ന് അവളുടെ ചേട്ടൻ മാധവന്റെ മോളുടെ ചോറൂണാണ്.. അത് കഴിഞ്ഞേ അവൾ വരുകയുള്ളൂ.." മാധവന്റെ പേര് കേട്ടതും എന്തോ ഓർത്ത് അവന്റെ മനസ്സ് ഒന്നു വിറയാർന്നു.."ഇത് നിനക്ക് നേരത്തേ

തുടരും പേജ്. 49



# നിയമം

അറിവ് പകർന്നു നൽകേണ്ടവർ

തന്നെ അറിവില്ലായ്മ കാട്ടുന്ന കാലം,

ആയിരത്തിൽ ഒരുവൻ ചെയ്യുന്ന തെറ്റിനെ

ആയിരം പേരെയും പഴി ചാരുന്ന കാലം,

കടുത്ത ചിന്തകൾ ഉള്ളിലെത്തുന്ന നേരത്തു,

പേടി തോന്നുന്ന നിയമത്തിനായ്,

ആ നല്ല നാളിനായ് കാത്തിരിക്കാം



പ്രശാന്ത് അബുദാബി

# കഥ

പറയാമായിരുന്നില്ലേ..? "  അവൻ ദേഷ്യപ്പെട്ടു.. " ഹും! എന്നിട്ട് എന്നെയും ലേറ്റാക്കാനല്ലേ? ഞാൻ ആരാ മോള്.." പറഞ്ഞുകൊണ്ട് രാഖി കോളേജിനുള്ളിലേക്ക് കയറിപോയി.. അവൻ കാത്തിരുന്ന ..ആ കാത്തിരിപ്പിനും ഒരു മധുരമുള്ളതായി അവന് തോന്നി..അല്പം കഴിഞ്ഞപ്പോൾ ഒരു ബൈക്കിനു പുറകിൽ അവൾ വന്നിറങ്ങി.. സെറ്റ് സാരിയൊക്കെ ഉടുത്ത് മുല്ലപ്പൂവ് ഒക്കെ ചൂടി സുന്ദരിയായി വന്നിറങ്ങിയ അവളെ ഒരു നോക്കേ അവൻ നോക്കിയുള്ളൂ.. പിന്നെ അവന്റെ കണ്ണുകൾ ബൈക്ക് ഓടിച്ചിരുന്ന ആളിന്റെ നേർക്ക് ആയി... ഒരു സുമുഖനായ ചെറുപ്പക്കാരൻ.. അവന്റെ മുഖം പെട്ടെന്ന് മങ്ങി.. അവൾ അവനെ കണ്ടിട്ടും കാണാത്ത ഭാവത്തിൽ കോളേജിന്റെ പടികൾ കയറിപ്പോയി.. ബൈക്കുകാരൻ ബൈക്ക് തിരിച്ച് പോവുകയും ചെയ്തു...അവന്റെ മനസ്സ് വല്ലാതെ കലങ്ങി.. ഇഷ്ടമാണെന്ന് രണ്ട് പേരും പരസ്പരം പറഞ്ഞിട്ടില്ലാ..കണ്ണുകളിലും വാക്കുകളിലും പ്രണയം ഉണ്ടെന്ന് താൻ തെറ്റിദ്ധരിച്ചതാണെങ്കിലോ? അവന് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല...വീട്ടിലെത്തിയതും റൂമിൽ കയറി കട്ടിലിൽ കമഴ്ന്നടിച്ച് വീണു... താൻ ഇത്രയധികം സ്നേഹിച്ചിരുന്നോ അവളെ.. നഷ്ടപ്പെടുമ്പോഴാണ് പലതിന്റേയും വില അറിയുന്നതെന്ന് പറയുന്നത് എത്ര ശരിയാണ്.. അവന്റെ ഉള്ളിൽ നിന്നും നേർത്ത ഒരു തേങ്ങൽ പുറത്തേക്ക് വന്നു...

രാഖി വീട്ടിലെത്തിയതും രാഹുലിന്റെ മുറിയിലെത്തി.. രാഹുലിന്റെ വിഷമം നിറഞ്ഞ മുഖം കണ്ട് അവൾക്ക് ചിരി വന്നു.. "നീ ചിരിക്കെടീ"  അവൻ ദേഷ്യത്തോടെ പറഞ്ഞു.. അവൾ അവനടുത്തിരുന്ന "എന്റെ ചേട്ടായീ, അവളെ കൊണ്ട് വന്നാക്കിയത് അവളുടെ ചേട്ടനാ.." അവൻ ചാടി എണീറ്റു.. " കരടി മാധവനോ?" അവൻ വിശ്വാസം വരാതെ ചോദിച്ചു.."കരടിയോ?അവൾ കേൾക്കരുത്.. ചേട്ടനുമായുള്ള ബന്ധം അന്ന് ഉപേക്ഷിക്കും..അയാളുടെ സ്വഭാവം കൊണ്ട് ആൾക്കാർ വിളിക്കുന്ന പേരാ അത്...അവൾ എന്നോട് പറഞ്ഞു ചേട്ടൻ തെറ്റിദ്ധരിച്ച് പോയിട്ടുണ്ടാകും എന്ന്.." രാഹുലിന് സന്തോഷം അടക്കാനായില്ല.."ചേട്ടൻ ഇവിടെ കിടന്ന് സ്വപ്നം കാണ്.. ഞാൻ പോട്ടെ..എനിക്ക് കുറച്ച് നോട്ട്സ് എഴുതാൻ ഉണ്ട്... അച്ചുവിന്റെ ബുക്കും വാങ്ങിയാ വന്നിരിക്കണെ.."രാത്രിയിൽ അവന്റെ ചിന്ത മുഴുവൻ അവളുടെ മനസ്സ് എങ്ങനെ അറിയാൻ പറ്റും? എന്നതായിരുന്നു..അവസാനം അവൻ മനസ്സ് തുറന്ന് ഒരു കത്തെഴുതി.. രാവിലെ രാഖി കാണാതെ അശ്വതിയുടെ ബുക്കിനകത്ത് തിരുകി വച്ചു..രാഖിയെ കോളേജിൽ  ഇറക്കിയിട്ട് തിരിച്ച് വീട്ടിലെത്തി.. അവൾ വായിച്ചിട്ടുണ്ടെങ്കിൽ നാളെ രാഖിയെ കൊണ്ട് ചെന്നാക്കുമ്പോൾ പ്രതികരണം അറിയാം.. അവന്റെ ആകാംക്ഷ കൂടി വന്നു...വൈകുന്നേരം രാഖി വീട്ടിലെത്തി..അത്താഴത്തിനിടയിൽ " അമ്മേ ഇവിടെ ചിലർ കണ്ണടച്ച് പാല് കുടിക്കുന്നുണ്ടേ.." രാഖിയുടെ അർത്ഥം വച്ചുള്ള വർത്തമാനം കേട്ട അവൻ എന്തോ പന്തികേട് മണത്തു.. "അതിന് ചോറും മീൻ കറിയും കഴിക്കുന്നതിനിടയിൽ ആരാ പാല് കുടിക്കുന്നത്?" അടുക്കളയിൽ നിന്നും അമ്മയുടെ നിഷ്കളങ്കമായ ചോദ്യം.. രാഖിക്ക് ചിരി പൊട്ടി.. അത്താഴം കഴിഞ്ഞതും രാഖി രാഹുലിന്റെ മുറിയിലെത്തി.. ഒരു പൊതി ഏൽപ്പിച്ചു.. "  എന്റെ ചേട്ടാ, തറ പണിയൊന്നും വേണ്ട കേട്ടോ.. ഇനി എന്തെങ്കിലും ഉണ്ടെങ്കിൽ എന്റെ കൈയ്യിൽ തന്നാൽ മതി കേട്ടോ ഞാൻ കൊടുത്തേക്കാം.. അവൾ ചിരിച്ച്കൊണ്ട് അവളുടെ മുറിയിലേക്ക് പോയി.. അവൻ വെപ്രാളത്തോടെ ആ പൊതി തുറന്നു.. ഒരു കടലാസ്... " ഒത്തിരി..ഒത്തിരി ഇഷ്ടമാണ് "  എന്ന് അതിൽ എഴുതിയിരുന്നു.. അവന്റെ ഹൃദയത്തിൽ ആഹ്ലാദകുളിർമഴ പെയ്തു...രാവിലെ രാഖിയെ കൊണ്ടുവിടാൻ നേരം പതിവിനു വിപരീതമായി അവൾ ഗേറ്റിന് മുൻപിൽ കാത്തുനിൽക്കുന്നുണ്ടായിരുന്നു.. അവനെ കണ്ടതും അവളുടെ കവിളുകൾ ചുവന്ന് തുടുത്തു.. പിന്നീടുള്ള അവരുടെ സംസാരം കത്തുകളിലൂടെയായി... രാഖി ഒരു ഹംസത്തിന്റെ ജോലി കൃത്യമായി ചെയ്തു..

പെട്ടെന്ന് ഒരു ദിവസം രാഹുലിന്റെ അമ്മ മീനാക്ഷി വീട്ടിൽ കുഴഞ്ഞ് വീണു.. രാഹുലും സഹോദരിമാരും ചേർന്ന് ഹോസ്പിറ്റലിൽ എത്തിച്ചു.. അമ്മക്ക് ഹാർട്ടിന് അസുഖമുണ്ട്.. കഠിനമായ ജോലികൾ ഒന്നും ചെയ്യിക്കരുത്.. ഡോക്ടർ കർശനമായി നിർദ്ദേശിച്ചു... രാഹുൽ ഊർജ്ജിതമായി ജോലി അന്വേഷിച്ച് തുടങ്ങി...കിരൺ രാഹുലിന് വേണ്ടി ബാംഗ്ലൂർ ഒരു കമ്പനിയിൽ ജോലി ശരിയാക്കാം എന്ന് പറഞ്ഞപ്പോ രാഹുലിന്റെ അമ്മക്ക് സന്തോഷമായി..അമ്മയുടെ നിർബന്ധപ്രകാരം രാഹുൽ കിരൺ പറഞ്ഞ ജോലി കിട്ടാനുള്ള ഒരുക്കങ്ങൾ ഒക്കെ ചെയ്തു..കിരണിന് രാഹുലിനെ ആ നാട്ടിൽ നിന്ന് തന്നെ മാറ്റണമെന്ന ഉദ്ദേശമായിരുന്നു..കിരൺ യാദൃശ്ചികമായി അശ്വതിയെ ബസ്സ് കയറുന്നതിനിടയിൽ കാണുകയായിരുന്നു..ആദ്യ കാഴ്ച്ചയിൽ തന്നെ അവളെ അവന് ഇഷ്ടമായി.. പിന്നെ എല്ലാ ബസ്സ് യാത്രകളിലും അവളെ പിന്തുടർന്നു.. എങ്ങനെയും അവളുടെ ശ്രദ്ധ പിടിച്ചുപറ്റുക എന്ന ഉദ്ദേശമായിരുന്നു..ഒരു തരത്തിലും അവൾ അടുക്കുന്നില്ലാന്ന് കണ്ട അവൻ ഒരു ദിവസം ബസ്സിൽ

തുടരും പേജ് 51

പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017

# നീല വാനം

നിറ നീല വാനം പൊഴിതൂകി പോകേ...

പുതുമഞ്ഞിൻ കുളിർപോലിള നാദം...

പതിയെ... പോ... പതിയേ...

താഴ്‌വാരമാകെ ചിരാതാക്കിടാം....

നിമിഴങ്ങളിണചേർന്ന
ശിഥിലങ്ങളാക്കാൻ പോകാം....

നിലാവായ് പോകാം

പാഴ്മരങ്ങളിൽ.... ചെറുകുളിർ
പൂത്തിറങ്ങിയോ...

തെന്നലേകുവാൻ ചെറുവെയിൽ  കാറ്റ്
വീശിയോ..... ..

നിന്നെ കാണാനായി  മെല്ലെ.. മെല്ലേ...

അരികത്തൊരു കാറ്റായ് വരാം...
പോകാം കിനാനവായ് പോകാം...



മാലിനി

വച്ച് അവളെ കയറിപിടിച്ചു..അവൾ അവന്റെ കരണം പുകച്ചു.... അവന് വാശിയായി... പക്ഷെ ഈ സംഭവം അശ്വതി പേടിച്ചിട്ട് രാഹുലിനെ അറിയിച്ചില്ല..രാഹുലിന്റെ പ്രണയം ഒരു കൂട്ടുകാരൻ വഴി കിരൺ അറിഞ്ഞിരുന്നു..കിരൺ തനിക്ക് ജോലി അന്വേഷിച്ചതിനൊപ്പം തന്നെ രാഹുലിനും ജോലി അന്വേഷിച്ചു..ആദ്യം രാഹുലിനേയും അശ്വതിയേയും ദൂരേക്ക് അകറ്റുക എന്ന ഉദ്ദേശമായിരുന്നു..കിരണിന്റെ പഴയ തട്ടകമായിരുന്ന ബാംഗ്ലൂരിൽ അവർക്ക് ജോലി ശരിയാക്കാൻ കിരണിന് ബുദ്ധിമുട്ടൊന്നും ഉണ്ടായില്ല..കിരണിന്റെ കൂടെയാണ് ജോലിക്ക് പോകുന്നതെന്ന വാർത്ത അശ്വതിയെ വിഷമിപ്പിച്ചു..രാഹുലിന്റെ വീട്ടിലെ ചുറ്റുപാടും ജോലിയുടെ ആവശ്യകതയും മനസ്സിലാക്കിയ അവൾ മനസ്സില്ലാ മനസ്സോടെ സമ്മതം മൂളുകയായിരുന്നു..

ബാംഗ്ലൂരിൽ എത്തിയ രാഹുലിന് ആകെ ഒരു വീർപ്പുമുട്ടലായിരുന്നു... വീട്ടുകാരെ പിരിഞ്ഞ വേദന ഒരു വശത്ത്.. പ്രാണസഖിയെ പിരിഞ്ഞ വേദന മറുവശത്ത്.. അവരെ കൂട്ടിക്കൊണ്ടുപോകാൻ കമ്പനി വണ്ടി എത്തി..കിരണിനും രാഹുലിനും വേറെ വേറെ മുറികൾ ആയിരുന്നു..രാഹുലിന്റേത് മൂന്ന് പേർ താമസിക്കുന്ന ഒരു ഇടുങ്ങിയ മുറി .. പക്ഷെ നല്ല അടുക്കും ചിട്ടയിലും ആയിരുന്നു..മുറിയിൽ ഉണ്ടായിരുന്ന സേവ്യറിനോടും ദിവാകരേട്ടനോടും അവൻ വേഗം ഇണങ്ങി ചേർന്നു...ഒരു മൾട്ടിനാഷണൽ കമ്പനി ആയിരുന്നു അത്.. ഒരുപാട് പ്രോജക്ട് വർക്കുകൾ ചെയ്യുന്ന കമ്പനി.. സേവ്യർ കമ്പനി ഡ്രൈവറും ദിവാകരേട്ടൻ ഓഫീസ് ബോയിയും ആയിരുന്നു..കിരണിന്റെ മുറിയിൽ കൂടെ ഉണ്ടായിരുന്നത് കമ്പനി പി ആർ ഒ റിതേഷ് ആണ് .. ഒത്തിരി സാമ്പത്തിക തിരിമറികൾ നടത്തികൊണ്ടിരിക്കുന്ന ആൾ... എല്ലാ ആധുനിക സംവിധാനങ്ങളും സൗകര്യങ്ങളും ആ മുറിയിൽ ഉണ്ടായിരുന്നു..കമ്പനിയിലെ എ ഗ്രേഡ് സ്റ്റാഫുകൾക്കുള്ള മുറി..ലാവിഷായുള്ള ജീവിതം....അവർ രണ്ട് പേരും ഒരേ സ്വഭാവക്കാരായതുകൊണ്ട് വളരെ വേഗം ഒറ്റക്കെട്ടായി..

രാവിലെ കുളിച്ച് പ്രാർത്ഥിച്ചിട്ട് അവൻ കമ്പനിയിലേക്ക് പോയി.. തൊട്ടടുത്ത ബിൽഡിംഗ് തന്നെയായിരുന്നു അത്.. അവിടെ എത്തിയപ്പോഴാണ് അവന് കാര്യങ്ങൾ മനസ്സിലായത്..കിരൺ പ്രോജക്ട് ഹെഡും, രാഹുൽ അവന്റെ അസിസ്റ്റന്റും ആണ്.. മാനേജർ എല്ലാം വിശദമായി പറഞ്ഞു കൊടുത്തു... പ്രോജക്ട്അവർക്ക് കൈമാറി .. ഇതിൽ മികവ് തെളിയിക്കാൻ ആശംസിച്ചു.. കിരൺ വളരെ ഗമയിൽ എല്ലാപേരോടും സംസാരിച്ചു.. രാഹുലിന് ആദ്യമായി ജോലിക്ക് കയറിയതിന്റെ പതർച്ച ഉണ്ടായിരുന്നു.. പതിയെ അതൊക്കെ മാറി.. അവന് ശരിക്ക് അറിയാവുന്ന കാര്യങ്ങളായിരുന്നു ചെയ്യേണ്ടിയിരുന്നത്.. അവൻ രാവും പകലും നോക്കാതെ ജോലി ചെയ്തു.. കിരണിന് പ്രോജക്ട് എന്നല്ല എൻജിനീയറിംഗിന്റെ ബാലപാഠം തന്നെ അറിയില്ല എന്ന് രാഹുലിന് രണ്ട് ദിവസം കൊണ്ട് മനസ്സിലായി.. പക്ഷെ അത് അവൻ കാര്യമാക്കിയില്ലാ.. കിരണിന്റെ ജോലികൂടെ അവൻ ഏറ്റെടുത്തു ചെയ്തു..ആ ടീമിലെ എല്ലാപേർക്കും മനസ്സിലായിരുന്നു കിരൺ അല്ല ജോലി ചെയ്യുന്നതെന്ന് ... പക്ഷെ റിതേഷിനെ പേടിച്ച് ആരും ഒന്നും പുറത്ത് പറഞ്ഞില്ലാ..

സേവ്യറും, ദിവാകരേട്ടനും രാഹുലുമായി നല്ല കൂട്ടായി.. അശ്വതിയോടുള്ള രാഹുലിന്റെ പ്രണയം അവർ അടുത്തറിഞ്ഞു.. രാഹുലിനെ കൊണ്ട് കിരൺ അവന്റെ റൂമിലെ ജോലികളും ചെയ്യിച്ചിരുന്നു..കിരണിന്റെ സ്വഭാവവും കൊള്ളരുതായ്മകളും മനസ്സിലാക്കിയ സേവ്യറും,ദിവാകരേട്ടനും അതിൽ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു.. " എടാ, നീ നാട്ടിൽ അവന്റെ ജോലിക്കാരനായിരുന്നെങ്കിലും ഇവിടെ അതല്ല" എന്ന് ഉപദേശിക്കുമായിരുന്നു..വീട്ടുകാർക്കും പ്രണയിനിക്കും വേണ്ടി രാഹുൽ എല്ലാം സഹിച്ചു.. കിട്ടുന്ന കാശിൽ ഏകദേശവും നാട്ടിലയച്ചു..ഒരു ദിവസം രാഹുലിന്റെ കണക്ക് ബുക്ക് കണ്ടിട്ട് സേവ്യർ കളിയാക്കി " എന്തൊരു ദുരന്തമാണെടോ താൻ? കറിവേപ്പില വാങ്ങിയതിന്റെ കണക്ക് പോലും എഴുതി വച്ചിരിക്കുന്നോ?" " ചേട്ടാ.. ആ പണം പോലും എനിക്ക് വലുതാണ് " രാഹുലിന്റെ രാവിലെത്തെയും വൈകുന്നേരത്തേയും വിളക്ക് കത്തിക്കലും പ്രാർത്ഥനയും ആദ്യമൊക്കെ സേവ്യറിന് തമാശയായിരുന്നു.. പിന്നീട് അവനും പ്രാർത്ഥനയിൽ കൂടി തുടങ്ങി..അങ്ങനെ ഒരു വർഷത്തിനിടയിൽ രാഹുൽ രാധികയുടെ വിവാഹം നടത്തി.. അമ്മ ഇപ്പോ സന്തോഷവതിയാണ് .. അശ്വതിയുടെ കാര്യങ്ങൾ രാഖി വഴി പരസ്പരം അറിഞ്ഞു.. ഒരു വർഷം വേഗം കടന്ന് പോയി.. പ്രോജക്ട് പറഞ്ഞതിനും മുൻപ് തന്നെ വളരെ വിജയകരമായി പൂർത്തിയാക്കി.. കിരൺ, രാഹുൽ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് മാനേജർക്ക് സമർപ്പിച്ചു.. കിരൺ എംഡിയുമായി കൂടിക്കാഴ്ച്ച നടത്തി..എല്ലാ പ്രശംസകളും ഏറ്റ് വാങ്ങി.. എംഡി ആ വർഷത്തെ ഏറ്റവും നല്ല തൊഴിലാളിക്കുള്ള അവാർഡ് കിരണിന് പ്രഖ്യാപിച്ചു..ടീമംഗങ്ങളുടെ മുറുമുറുപ്പ് റിതേഷിനോടും കിരണിനോടും ഉള്ള ഭയത്താൽ

അവർക്കുള്ളിൽ തന്നെ അവസാനിച്ചു..

സേവ്യർ നാളെ നാട്ടിൽ പോവുകയാണ്.. രാഹുൽ കുറച്ച് സാധനങ്ങൾ വീട്ടിലേക്ക് കൊടുത്തു വിടുന്നുണ്ട്.. പെട്ടി കെട്ടുന്ന തിരക്കിലാണ് ദിവാകരേട്ടനും രാഹുലും.. യാത്ര പറയാനായി സേവ്യർ കിരണിന്റെ മുറിയിലേക്ക് പോയി..അപ്പോൾ യാധൃശ്ചികമായി കിരണും, റിതേഷും തമ്മിലുള്ള സംസാരം കേൾക്കാനിടയായി.. അശ്വതിയുടെ ചേട്ടനുമായി കിരണിന്റെ അച്ഛനെ കൊണ്ട് സംസാരിപ്പിച്ചെന്നും.. നാളെ എമർജൻസി ലീവിന് നാട്ടിൽ പോകാൻ എംഡിയിൽ നിന്നും പെർമിഷൻ കിട്ടിയെന്നും.. രാഹുലിനെ താൻ പോയിട്ട് അറിയിച്ചാൽ മതി എന്നുമൊക്കെയാണ് സംസാരം.. കേട്ടപ്പോ തന്നെ സേവ്യറിന്റെ ഹൃദയം പിടഞ്ഞു. അവൻ ഇക്കാര്യം ദിവാകരേട്ടനെ അറിയിച്ചു.. രാഹുലിനോട് രണ്ട് പേർക്കും പറയാൻ പേടിയായിരുന്നു.. രാവിലെ കിരൺ സ്ഥലം വിട്ടു.. സേവ്യറും നാട്ടിലേക്ക് തിരിച്ചു..

രണ്ട് ദിവസം കഴിഞ്ഞപ്പോൾ രാഹുലിന്റെ മൊബൈലിൽ ഒരു മെസേജ് വന്നു.. അറിയാത്ത നമ്പർ..അശ്വതിയുടെ വിവാഹ നിശ്ചയം അടുത്ത ഞായറാഴ്ച ആണെന്ന്..അത് അറിഞ്ഞ രാഹുലിന്റെ നിയന്ത്രണം വിട്ടു.. അവൻ പൊട്ടിക്കരഞ്ഞു..ദിവാകരേട്ടനോട് കാര്യം പറഞ്ഞു.. അപ്പോൾ അദ്ദേഹം കിരണിനെ കുറിച്ച് അവനോട് പറഞ്ഞു..ആ വാർത്ത രാഹുലിന് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു..രാഹുൽ നേരെ എംഡിയുടെ മുറിയിൽ കയറി... ആദ്യമായാണ്  രാഹുൽ എംഡിയോട് നേരിട്ട് സംസാരിക്കുന്നത്.. "സാർ എനിക്ക് ഉടനേ നാട്ടിൽ പോകണം.. " പറ്റില്ല" എന്ന മറുപടിയാണ് രാഹുൽ പ്രതീക്ഷിച്ചത്.. എന്തിനും തയ്യാറായി നാട്ടിൽ പോയിരിക്കും എന്ന തീരുമാനത്തോടെയായിരുന്നു അവൻ.. പക്ഷെ പ്രതീക്ഷിച്ചതിനും വിപരീതമായി അദ്ദേഹം പൊയ്ക്കൊള്ളാൻ അനുവാദം കൊടുത്തു...രാഹുൽ നാട്ടിലെത്തി.. വീട്ടിൽ എല്ലാവർക്കും സന്തോഷമായി.. അവൻ അമ്മയെയും കൂട്ടി അശ്വതിയുടെ വീട്ടിലെത്തി..അവർ ഹാർദ്ദവമായ സ്വീകരണമാണ് നൽകിയത്.. രാഹുലിന് അത്ഭുതമാണ് തോന്നിയത്.. അവിടെ സേവ്യറിനെ കണ്ട് അവൻ അമ്പരന്നു.."ചേട്ടാ, എന്താ ഇവിടെ നടക്കുന്നത്? അവൻ ചോദിച്ചു. സേവ്യർ നാട്ടിലെത്തിയ ഉടനേ അശ്വതിയുടെ ചേട്ടനെ കാണാൻ പുറപ്പെട്ടുകയായിരുന്നു..എല്ലാം വിശദമായി തന്നെ അറിയിച്ചു..അപ്പോ എനിക്ക് മെസ്സേജ് അയച്ചത് ചേട്ടനായിരുന്നോ? രാഹുൽ ആരാഞ്ഞു.. "ഏയ് അല്ല, അത് ഞാനായിരുന്നു.."  ശബ്ദം കേട്ട ഭാഗത്തേക്ക് രാഹുൽ തിരിഞ്ഞു.. സാക്ഷാൽ കരടി മാധവൻ... "അതെടാ, ഞാനാ മെസ്സേജ് അയച്ചത്... നിനക്ക് എന്റെ അനിയത്തിയോട് സ്നേഹമുണ്ടെങ്കിൽ പറന്നെത്തുമെന്ന് എനിക്കറിയാമായിരുന്നു..എനിക്ക് എന്റെ അനിയത്തി പോയിട്ടേ എന്റെ മക്കൾ പോലും ഉള്ളൂ..അവളുടെ ഇഷ്ടമാണ് എന്റെയും ഇഷ്ടം.. പിന്നെ നിന്റെ കഥകേട്ടപ്പോ സ്വന്തം വീട്ടുകാരെ ഇത്രയേറെ സ്നേഹിക്കുന്നവൻ എന്റെ അനുജത്തിയെ മഹാറാണിയെ പോലെ കൊണ്ട് നടക്കും എന്ന് എനിക്ക് വിശ്വാസവുമുണ്ട്...കിരണിനുള്ളത് അവന്റെ വീട്ടിൽ ചെന്ന് കൊടുത്തിട്ടുണ്ട്..എന്റെ അനിയത്തിയെ അപമാനിച്ചതിന് ഉൾപ്പെടെ..രണ്ടു മാസത്തേക്ക് അവൻ ആശുപത്രിയിൽ നിന്നും ഇറങ്ങില്ലാ..നിന്റെ എംഡിയോട് അപ്പോ തന്നെ കാര്യങ്ങൾ എല്ലാം ഞാൻ വിശദമായി അറിയിച്ചിരുന്നു." ഓ! അപ്പോ അതാണ് അദ്ദേഹം ലീവ് ചോദിച്ചപ്പോൾ ഉടനേ തന്നത്..രാഹുൽ ഓർത്തു.."അല്ലാ..സൺഡേ നിശ്ചയം മതിയോ അതോ കല്യാണം തന്നെ വേണോ? " മാധവന്റെ കുസൃതി ചോദ്യം..രാഹുലിന് അയാൾ കരടിയല്ല മാൻപേടയാണെന്ന് അപ്പോൾ തോന്നി.." ചേട്ടന്റെ ഇഷ്ടം പോലെ" രാഹുൽ നാണത്തോടെ പറഞ്ഞു..സേവ്യർ തന്റെ ഫോണുമായി അവനടുത്തെത്തി.."എടാ, ദിവാകരേട്ടനാന്ന്..സംസാരിക്ക്.."  അവൻ ഫോൺ വാങ്ങി കാതോടടുപ്പിച്ചു.." ചേട്ടാ... മറുതലയ്ക്കൽ ദിവാകരേട്ടന്റെ ശബ്ദം " മോനേ, എംഡി എല്ലാം വിശദമായി അന്വേഷിച്ചു.. റിതേഷിനെയും  കിരണിനേയും കമ്പനിയിൽ നിന്നും പിരിച്ചുവിട്ടു.. മോന് ഇനി മുതൽ കിരണിന്റെ പോസ്റ്റിൽ ആണ് ജോലി..എംപ്ലോയി ഓഫ് ദ ഇയറും മോൻ തന്നെ.. എനിക്ക് സന്തോഷമായി മോനേ.."  അദ്ദേഹത്തിന്റെ വാക്കുകളിലെ ആത്മാർത്ഥതയും സന്തോഷവും രാഹുൽ തിരിച്ചറിഞ്ഞു... രാഹുലിന്റെ അടുത്ത അവധിക്കാലം സംഭവബഹുലമായിരുന്നു.. രാഖിയെ സുരക്ഷിതമായ കൈകളിൽ ഏൽപ്പിച്ച് ബാംഗ്ലൂർക്ക് മടങ്ങവേ..രാഹുലിന്റെ അമ്മയും ഭാര്യയും, ഇരുവശവും അവന്റെ കൈകളുടെ ചൂടേറ്റ് ആശ്വാസത്തോടെ, ഭയമേതുമില്ലാതെ ഉറങ്ങുകയായിരുന്നു... (ശുഭം)



വിജിത അജിത്





*Best Compliment's from ...*



# മാറ്റങ്ങളേറെ......

മാറ്റങ്ങളേറെ മാറി നാമേറെ
നാട്ടുകാർ വീട്ടുകാർ കൂട്ടുകാർ....
എന്തിനേറെ വിവരണങ്ങൾ
ലോകമേ മാറി ലോക രാഷ്ട്രങ്ങളും.

ആർഭാട ജീവിതം ദാഷ്ട്യ വിചാരം
സംതൃപ്തിയില്ലാത്ത സുഖലോലുപർ
ഇന്നിതാ തുല്യമായി പങ്കിടുന്നു
ഏകവിചാരം ഏക ദുഃഖം.



മാറ്റങ്ങൾ നമ്മെ പഠിപ്പിച്ചു മാറുവാൻ
മാറിനാം ഇത്തിരിയല്ലൊന്നുമൊത്തിരി.
ഒറ്റപ്പെടലിന്റെവിരസമാം മാത്രകൾ
നഷ്ടപ്പെടലിന്റെ തീക്ഷ്ണമാം വേദനകൾ.

മുഖപടമണിഞ്ഞു മാനവർ
ചിരി മറച്ചിന്നിതാ പേടിയോടെ
അകലങ്ങൾ ദൂരെക്കകറ്റുന്ന ബന്ധങ്ങൾ
ഗ്രാമവും നഗരവും തുല്യമായത്രേ!

ആൾക്കൂട്ടമില്ലാത്ത വിജനമാം വീഥികൾ
ആൾത്തിരക്കൊഴിഞ്ഞ ഷോപ്പിംഗ് മാളുകൾ
ആർഭാടമില്ലാത്ത പരിണയങ്ങൾ
ഭക്തരില്ലാത്തൊരാ ആരാധാനാലയങ്ങൾ
ദിവസങ്ങളറിയാത്ത നിമിഷങ്ങളും.

പ്രശ്നങ്ങൾ സൃഷ്ടിച്ചു മുന്നേറി നാം പണ്ട്
നമ്മെ തകർത്തു മുന്നേറി ഇന്നൊന്ന്
മാറ്റുക നിന്നെ മാറുക നീ
നാളെയുണ്ടാകാം പുതിയ പ്രഭാതം
ഇന്നലകളെക്കാൾ സ്ഫുരിക്കുന്നതൊന്ന്.



പ്രമോദ്



# A Girl who witnessed Death ...!!

“Next person who is going to speak to us is Mr Gaurav Srivastava, the Director of ‘Sparks of the Streets’ an NGO to support the poor children and for their better education”. Father George announced.

We, the children of St. Francis orphanage clapped and informed our hearty welcome to him. It wasn’t his first lecture to our orphanage; He used to visit us on every Children’s Day from the past many years. He always loved to share some real life stories which fortunately inspired us to see life positively. Huge Sounds of applauds filled in the air when he left his chair.

Everyone’s eyes glued to him with a pin drop silence… Finally, mike passed to him to speak.

“Good morning Kids, Happy Children’s day.”

“Very Good Morning, Sir….” We all cried from the top of our voice. “I hope you all remember me, don’t you?

“Yes, Sir” we all replied together.

After reposing a moment he continued… Well, today I am going to tell you a story of a girl who witnesseddeath…”

“Death…” we reverted curiously to knowmore.

“Yes” “The tale of a 21yrs old girl, would you like to hear it” “Yes please”. We all echoed together.

(The story takes place in a small village named Kuttanad in Kerala)

“Where are you going Golu? You got any urgentwork?”Momaskedhim with utmost curiosity.

“Mom you never take care of your health” ”going to the hospital to collect your diabetics result” he replied widening his eyebrows.

“Oh, I completely forget about it.” She murmured in a lower pitch.

”It’s okay mamma. Whenever I am alive you don’t need to worry about anything. I will remind you everything on time. Now, give me a sweet smile my dear mamma.” He pinched her cheek and kissed it.

“Okay Golu, come back soon” She smiled and kissed him back.

“Sure mom bye. Love you…” They both waved their Good Byes and he left.

The Hospital was not too far from his home so he preferred walking rather than riding his bike.

His pace ended up for a moment when he reached the over-bridge near to his home above the Sabarmati River, which connects the way to the hospital. There he saw a girl sitting under a tree, near to the bridge. He saw tears rolling down from her

cheeks. She was weeping like a little kid. He stood there staring at her face but she didn't divert her vision. He resumed his walk.

On the way back after collecting the reports, his eyes started searching for the girl but she was not there. A book was lying there exactly where she sat before, a half torn diary. Why she left this here he thought. He opened it anticipating any address or details but he found nothing other than a photograph and a note which awash by the tears. In the picture, he saw the same girl with two more people. Her mom and dad he guessed. And the note was:

"Today is my last day on this earth. I don't want to live anymore. I am fed up completely. This world doesn't deserve me. I feel weaker with each passing moments, thinking about my past. I am not afraid of death, because I already witnessed it before. The alcohol inside is insisting me to go ahead. My hands are not trembling; they are now ready to welcome death wholeheartedly… Yes, everything is going to be finished today. I am leaving this world forever."

The note dropped down from his hand when he heard a huge sound under the bridge. He peeped down and saw her drowning. She didn't even cry for help for at least one time. He was down in the running water at the very next moment. He jumped down instantly and saved her before she drowns completely.

When she came back on consciousness she found herself in a new place. While she was trying her hard to comprehend what is happening, she saw a lady in her early 40s coming towards her with a plate in her hand. "You woke up? Well, how are you feeling now?" The lady asks her in one breath. "Where… where am I?" she stammered.

"Don't worry dear… You are safe now. I am Sunita, my son Golu brought you here. He said me to take care of you. By the way, what is your name?" She pointed at her.

"Avantika" She replied slowly. "How old are you Avantika?" "I am 21."

"What made you do suicide mole (daughter)? You got fed up with life at this young age itself?"

"I don't have anyone in this world to live for Aunty. My parents passed away two months ago, which left me alone forever" She wept. "Cheer up Avanti, tell me what happened to them? Don't you have any relatives or siblings? sunita asked patting her head. Avanti continued…

"I am the only child of my parents. My mummy and papa had a love marriage, going against their family. My father's family was not ready to accept my mom because she was from another cast. So dad shifted to Delhi with my mom. I born and brought up in Delhi only. I don't know anyone other than my parents. They never told me anything about our family. 20 years they look after me with utmost care and love. But fate entered into our life like a villain. In an accident, they both left this world which made me an orphan."

"Oh! I am so sorry about your parents. But, why you came to Kerala? You said you don't know anyone here,right?

Yes… After they left me, I was leading a very lonely life. That time I got a Kerala address from my dad's diary. I came here with an expectation that I can find at least someone related to me. But I found no address like that in Kuttanad. I felt my head spinning like hell. I bought a bottle of alcohol and drink it in one go. Then what happened I don't remember." She said weeping heavily.

"Hey! Stop crying, dear. You are already tired a lot. Have this 'Kanji' (gruel), you will feel better". She said wiping her tears


PERFECT
PAPER BAGS
9539227101
9447864411
Enjoy great value at reasonable prices
We sell different sizes of printed & non-printed Paper Bags, Non-oven bags, Big Shopper etc at low price.
Peringammala, Palode, Thiruvananthapuram-695 563


FUM
شركة فهد المتحدة الطبية ذ.م.م.
الخدمات الطبية
Fahad United Medical Co. W.L.L.
For Medical Services & Home Care
تلفون : ٢٢٤١٥٣٥٩
نقال : ٩٧٨٥٩١٩١
: ٩٧١٠١٥٤٨
Tel.: 22415359 - Mob. : 97859191 - 97101548
رعاية افضل ... لحياة افضل
Quality Care for Quality Life

away. "You are still a child only. Don't take any wrong decision which can create more problems for you. If life gives us only pain, instead of ending up everything in a moment, you should fight back. Now have this food like a brave girl". She started feeding her with her own hand. She saw Avantika's eyes welling up.

Crying is not a solution for anything Avanti. You can consider me as your own mom. Take rest. Call me if you need anything. I will be in the kitchen. She said hugging her and left.

"Mom… did you speak with her?" Golu was waiting for her eagerly in the living room. "Yes, Monu (son)… poor child, she was crying again and again like a school kid". She explained everything happened there to him. "Take care of her mom; don't let her feel any difficulties." "Sure son," she replied.

***

A special bonding started blooming between his mom and Avanti. Within some days she became an inseparable member of his small family. She was so happy there, which made Golu happy too.

One morning she was sitting alone on the veranda, looking at the running water of Sabarmati River near to the house. When Golu saw this, he went and sat next to her. "Planning to suicide again huh?" he teased her.

"Nah" She replied gazing at theriver.

"Then what are you thinking about?" He again pointed at her

"You are so lucky Golu, you got the world's best mom. You know, living a life without our parents is similar to death. No one in the world can take place our parents. I never thought I will face such a situation in mylife.

When our loved ones will leave us, only loneliness will remain. After a long time, I am getting a mother's love. She is not my mom still; she is caring me a lot like her own daughter. I never thought I will smile again in my life but after coming here I am feeling so happy and safe. I am really glad to become a part of this family." She replied, gazing at him.

"Yes, I am so blessed to have a mom like her. She is like a gift God specially made for me. Without her, my life is incomplete. Such a caring mother she is. I love her more than anything in this world." She saw his eyes welling up. Still, he controlled it somehow and smiled at her. "You are happyhere,right?

That is enough for us. Be happy always." He said touching her forehead and left.

What is going on? Is it any secret matter? Sunita chuckled and sat with her. "No mamma, I was saying him how lucky he is to have a mother like you. Really you are so special. Avanti said leaning on Sunita's shoulder.

"I am not his biological mother Mole (daughter)." She heard Sunita saying. Avanti couldn't believe her ears.

She stared at Sunita with a shocking face.

"Yes, that is the painful truth we never want to remember. He himself brought up in an orphanage till he started earning. He struggled a lot to stand on his own feet. My son is settled in US and got married to a girl from there itself. As we were against the marriage, he left me and my husband in a rented home in Surat. For first some months he paid the rent but after that didn't even check our whereabouts. House owner removed us from the apartment. We found shelter in different temples. But he was a cardiac patient, his health worsened every passing day without propermedications.

One day his condition became too bad and I tried to take him to hospital. We started walking but before reaching there he fainted on the street.

Fortunately, Golu was passing there. At that time he was not earning much as he just started his career. Still, he brought us to his rental apartment.

From that day we are living together. He put all the savings he had and treated my husband. Still, we couldn't save him. He passed away after some months. My son didn't come to see him even for the last time. It was Golu who did all the final rituals.

It was my husband's last wish to spend some days with our son. That wish fulfilled when we accepted Golu as our son. What he did for us is morethan a biological son can do. After his death, we moved to Kerala. It is almost 3years we are staying here. He never even hurt me with a word. Who else in the world will do this much for a stranger? It's me who is so lucky to have a son like him."

Tears cascaded down from Avanti's eyes listening to mom's words. Mom touched Avanti's face with her both hands andcontinued. "It's not the biological chords which decide the relationship between a mom and child dear, our heart does. When my own son left us alone, it was Golu who stood for our side. If someone loves us unconditionally considering us as their dearest, then no biological bonding is needed to love them back. First I got a son, now a daughter too. What else I need more in my life." Tears dropped down from her eye as she concluded.

Love you, Mamma… Stay in my life always as my mother. Avanti hugged her tightly. They both hugged together and cried.

Applauds, overloaded when he finished the story. He continued…

My dear kids, never feel disappointed thinking about the things you don't have in life. We can't change our past but we can create a better future. Love everyone without expecting anything back. You will get a life more than what you deserve.

As he ended his speech and went back to his chair, I stood up and asked.

"Sir, you always share only your personal experiences with us. So can you tell us more about the lady, Golu and Avantika?" Like me everyone present there was so keen to know about them. When the number of requests increased Father George interrupted and announced everyone to keep silence. Then he continued.

"Golu was a part of our orphanage since he was a child. He grew up in front of me, just like you people. 5years back, after achieving a career he moved from here. After that every year he visited us on this day to inspire you, motivate you. So that, you all achieve the best in life and be a success like him. Now he is known as Gaurav Srivastava. But he is always Golu for us, our Golu."

Suddenly Gaurav sir stood up and touched father George's feet. Thenhe invited his mom and Avanti to come to the stage. From the corner of the stage, an old lady followed by a girl in her early twenties entered. He welcomed them and introduced to us.

Please meet my mom Sunita and my wife Avanti The whole crowd stood up and clapped loudly. ..



**Kavya Vishnu**

# കാത്തിരിക്കുന്നു ഞാൻ

സർഗ്ഗ വസന്തമേ നിന്നെ കണ്ടു
ഞാനേതോ ഒരു യാമത്തിൽ
ശാലീനതയേറിയ നിന്മുഖം
കാണുവാനായി ഞാനെന്നും വരുന്നു

നിൻസ്വപ്ന കന്യയായ് എന്നും
മനതാരിൽ എന്നെ കൂട്ടുന്ന നേരം

ആ നീല നേത്രങ്ങൾ
കാണുവാനെന്തൊരു
ചന്തമാണെന്സ്വപ്ന പുഷ്പമേ

എന്നനുരാഗത്തിൻ സ്വപ്നത്തേരിൽ
നീവന്നെത്തുന്ന നേരം നിൻശബ്ദ
വീചികൾ എൻ കാതിൽ വന്നെന്നെ
തലോടുവാനായി

ഒരു കുളിർ കാറ്റായ്
എന്നുമെന്നകതാരിൽ
നീവന്നണയുന്നതെന്തേ

എന്മനതാരിലെ
വിഷാദമറിയുവാനിനിയും
വൈകുന്നതെന്തേ..



മാലിനി

# പാലോട് എന്ന കൊച്ചു നാട്ടിൽ നിന്നു "പ്രേതാത്മാക്കളുടെ നാടായ ധനുഷ്കോടിയിലേക്ക്" ഏകനായി ഒരു സൈക്കിൾ യാത്ര



526 Km (ഒൺസൈഡ് ) 5ദിവസം

എഴുത്തിൽ വല്ലാണ്ട് അനുഭവം ഉള്ളതുകൊണ്ട് ക്ഷമിക്കാൻ അപേക്ഷ ...

സൈക്കിൾ യാത്ര തുടങ്ങിയ നാളുമുതൽ കണ്ണിലുടക്കിയ നാടാണ് ധനുഷ്കോടി സൈക്കിൾ സഹയാത്രികരായ പലരോടും ചർച്ച ചെയ്തപ്പഴും ദൂരം വഴിമുട്ടിയായി നിന്നിരുന്നു. "അത്രയും ദൂരം".... എന്ന മറുപടി എന്നെയും യാത്രയെയും പിന്നോട്ട് വലിച്ചുകൊണ്ടേയിരുന്നു. എന്റെ ലക്ഷ്യത്തിലേക്ക് എത്താൻ ഞാൻ പിന്നെയും കാത്തിരിക്കേണ്ടി വന്നു. യാത്രികനായ ആരോ പറഞ്ഞത് പോലെ സ്വപ്നയാത്രക്ക് 3 കാര്യങ്ങൾ വേണം. സമയം, ആരോഗ്യം,കാശ്. ഇത് മൂന്നും ശരിയായിട്ടു എന്നെ പോലുള്ള ദിവസവരുമാന കാരനായ ഒരാൾക്ക് യാത്രയിലേക്ക് വരാൻ കഴിഞ്ഞെന്നു വരില്ല അതുകൊണ്ടു കള്ള അവധിയെടുത്തും, ആരൊഗ്യം വകവെക്കാതയും, കടം വാങ്ങിയൊക്കെ തന്നെയായിരിക്കുംമിക്ക യാത്രയും , പെട്ടെന്ന് എടുക്കുന്ന തീരുമാനമായിരുന്നു ഈ യാത്ര. പ്ലാനൊക്കെ ചെയ്തമൂന്നാർ യാത്ര ഏതുവഴിയോ പോയി..



ഒരു ദിവസം കവലയിൽ കൂട്ടുകാരോടപ്പം സൊറ പറഞ്ഞുകൊണ്ടിരുന്നപ്പോൾ വെറുതെ തോന്നിയ കൗതുകത്തിനു പിറ്റേന്ന് രാവിലെ ഇക്കാടെ ATMമും തൂക്കി രാവിലെ വിട്ടു. പോകുന്ന വഴി തമിഴ്നാട് ബോർഡർ. നെട്ട എന്ന സ്ഥലത്തു വിശാലമായ ഒരു തടാകം നഗരത്തെ തൊട്ടു കിടക്കുക്കയാണ് കുറച്ചു മാത്രം ഉയർന്ന സൂര്യ രശ്മിയിൽ തടാകം മിന്നിതിളങ്ങി നിൽക്കുകയാണ് കുറച്ചു നേരം അവിടെ ചിലവഴിച്ചു അവിടെന്നു രാവിലത്തെ ഭക്ഷണവും കഴിച്ചു.
പത്മനാഭപുരം കൊട്ടാരത്തിനു മുന്നിലൂടെയാണ് പോയത് തമിഴ് നാട്ടിലാണ് എങ്കിലും കേരളത്തിന്റെ കീഴിലാണ് ഇപ്പഴും കൊട്ടാരം. നിർമിതി കൊണ്ട് ഇപ്പോഴും വിസ്മയം തീർക്കുന്ന തൂണുകളും കൊത്തുപണികളും, കണ്ണാടിപോലത്തെ മിനുസപ്രതലമുള്ള തറകളും.മറ്റു എവിടെയും കാണാ കാഴ്ചകൾ തന്നെയാണ്. മുന്നേ അവിടെ സന്ദർശിച്ചിട്ടുള്ളതിനാലും സമയ നഷ്ട്ടം യാത്രയെ ബാധിക്കുന്നതിനാലും കൊട്ടാരം കാണാൻ കയറാതെ നേരെ തക്കല മാർത്താണ്ഡത്തു റോഡ് വികസനത്തിന്റ ഭാഗമായി പുതിയ മേൽപാലങ്ങളുടെയും റോഡി ന്റെയും പണികളുംമറ്റും നടക്കുന്നതിനാൽ.15 –20 km ഓളം അധിക യാത്ര ചെയ്യേണ്ടി വരും. അതിലേക്കുടെയുള്ളയാത്രദുഷ്കരംആണതാനും. (സൈക്കിൾ യാത്രയിൽ അത്രയും ദൂരം താണ്ടൽ വിഷമമുള്ള കാര്യമാണ്. ആ സമയം നമുക്ക് കുറച്ചു കൂടിദൂരം മുന്നേറാൻ ഉപകരിക്കും )അത് കൊണ്ട് മാർത്താണ്ഡം പിടിക്കാതെ നേരിട്ടു തക്കല എത്താനുള്ള മാർഗമാണ് ഞാൻ സ്വീകരിച്ചത്. ഉച്ചയോടെ തക്കല എത്തിചേർന്നു കഴിഞ്ഞിരുന്നു. അവിടെന്നു ഉച്ചക്കുള്ള ഊണും കഴിച്ചു നേരെ നാഗർ കോവിൽ അവിടെയും മാർത്താണ്ഡത്തെ അത്രയും അല്ലങ്കിലും സമാനമായ റോഡ് പണികളും മറ്റും നടക്കുന്നതിനാൽ കഷ്ടപ്പടാണ്. യാത്ര പിന്നേയ് സൈക്കിളിൽ ആയതിനാൽ വൺവേ വഴി പോയതിനാലും കറക്കം കുറച്ചു കുറഞ്ഞു കിട്ടി. അവിടെന്നു നേരെ കന്യാകുമാരി ഒറ്ററോഡ് വെച്ചങ്ങു പിടിച്ചു. 5.30കഴിഞ്ഞപ്പോൾ കൃത്യം കന്യാകുമാരി എത്തി ചേർന്നിരുന്നു.മൂന്നു കടലുകൾ ഒത്തു ചേരുന്ന(ത്രിവേണി സംഗമം) സംഗമ ഭൂമിയാണ് കന്യാകുമാരി. ബംഗാൾ ഉൾക്കടൽ, ഇന്ത്യൻ ഓഷ്യൻ, അറബിക്കടൽ. വിവേകനന്ദപ്പാറയിൽ നിന്നും അവസാന ബോട്ടും തിരിച്ചിരിക്കുന്നു. അവിടെ മുന്നേ പോയ ഓർമ്മകൾ പതുക്കെ



അയവിറക്കി.ഞാനതു നോക്കി നിന്നു. കടലിൽ ആടിയുലഞ്ഞു വരുന്ന ബോട്ട് യാത്ര ഒരു വല്ലാത്ത അനുഭവം ആണ്. സൂര്യനസ്തമനത്തിനു മുന്നേ കുറേ പടം പിടിക്കണം ഫോൺ ക്ലൂ ക്ലൂ ശബ്ദം അടിച്ചു തുടങ്ങി 16%ചാർജെഉള്ളു കുറച്ചു കൂടി കഴിഞ്ഞാൽ ക്യാമറ വർക്ക് ആകത്തില്ല പിന്നേ ഒന്നും നോക്കീല തലങ്ങും വിലങ്ങും കുറേ ക്ലിക്ക്. സൂര്യാസ്തമനം കാണണം കുറച്ചു പിക് എടുക്കണം എല്ലാർക്കും മുന്നിൽ സൈക്കിളും ആയി ഞാനും സ്ഥാനം പിടിച്ചു സൂര്യൻ താഴ്ന്നു തുടങ്ങിയിരിക്കുന്നു. ചുവക്കുമ്പോൾ ചിത്രങ്ങൾ എടുക്കാനായി ഞാൻ മൊബൈൽ കയ്യിലെടുത്തു 10% ചാർജ് ക്യാമറ ഓൺ ആവുന്നില്ല പെട്ടു. നിരശനായി സൈക്കിളും എടുത്തു പിന്നിലേക്ക് വന്നു മറ്റുള്ളവർക്കെങ്കിലും പടമെടുക്കാനുള്ള അവസരം ഞാൻ നഷ്ട്ടപെടുതാണ്ടെന്നു കരുതി.
അപ്പോഴേക്കും കാർമേഘങ്ങൾ സൂര്യനെ മൂടിയിരുന്നു അങ്ങനെസൂര്യസ്തമനം.കാണാനുള്ള ആഗ്രഹം. "ഗുദ ഹവ. "എന്നെ പോലെ തന്നെ എല്ലാരും നിരശനായി കടൽ തീരത്തുന്നു മടങ്ങി തുടങ്ങി . അടുത്തുതന്നെ ഒരു റൂമെടുത്തു ഞാൻ. രാവിലെ ഉദയം കാണണം എന്ന ഉദ്ദേശത്തോടെ.
രണ്ടാം ദിവസം രാവിലെ കുളി പാസ്സാക്കികൊണ്ടു നിൽക്കുമ്പോൾ കതകിൽ കുറേ മുട്ട്. സൂര്യോദയം കാണാൻ ലോഡ്ജിലെ ജീവനക്കാരൻ വിളിക്കുന്നതാ. ദിപ്പോൾ പോകാം എന്നു പറഞ്ഞു പെട്ടന്ന് കുളി കഴിച്ചു നേരെ സൈക്കിളും എടുത്തു. റൂം വെക്കേറ്റ് ചെയ്ത്തു നേരെ കടൽ തീരത്തേക്ക്.



വിവേകാന്ദ പാറയുടെ പിറകിൽ ചുവന്ന സൂര്യൻ മെല്ലേ തലപൊക്കി വരുന്നുണ്ട്." ഒരു മാസ്എൻട്രി". കുറച്ചു വിശ്വാസികൾസൂര്യ നമസ്കാരം ചെയുന്നുണ്ട്. അവരെ ബുദ്ധിമുട്ടിക്കാതെ ഞാൻ കുറച്ചു പിക് എടുത്തു. സൂര്യോദയം നോക്കി ഒരു
ചായയുംകുടിച്ചു.നേരെസൈക്കിൾഎടുത്തുഇനിയും ഇവിടെ ധരാളം ഉദയാസ്തമയങ്ങൾകാണാൻ എത്തണം എന്ന ചിന്തയോടെ.

രാവിലെ ഉള്ള ഇളം കാറ്റും, തമിഴ്നാട്റോഡും, വിശാലമായ കൃഷിയിടങ്ങളും , സൈക്കിൾ യാത്രക്ക് വല്ലത്ത ഉന്മേഷം നൽകും എന്നതിൽ യാതൊരു തർക്കവും ഇല്ല. കൂടംകുളം റോഡീൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാറ്റാടിപാടങ്ങളുടെ നീണ്ട നിര തന്നെപോകുന്നവഴി നിറയെ കാണാം . കൂടാതെ കേരളത്തിന്റെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ആണവ വൈദ്യതി നിലയവും.
പ്രവർത്തനംതുടങ്ങുന്നതിനു മുന്നേ വിമർശനങ്ങൾ കൊണ്ടും സമരങ്ങൾ കൊണ്ടും ഒഴവാക്കൽ ഭീഷണി നേരിട്ട ആണവ നിലയം. മുന്നേ ആണവ റിയാക്റ്ററുകൾ കാണാൻ സാധിക്കുമായിരുന്നു വളർന്നമരങ്ങളും പുതിയ കെട്ടിടങ്ങളുംവന്നപ്പോൾ ഇപ്പോൾ കാണാൻകഴിയില്ല. അവിടെന്നു നേരെ "ആറ്റിങ്കര പള്ളിവാസൽ(മുസ്ലികളുടെ തമിഴ്നാട്ടിലെ പ്രധാന പ്രാർത്ഥനകേന്ദ്രം ) അവിടെന്നു പള്ളി സന്ധർശനം കഴിഞ്ഞു രാവിലത്തെ കാപ്പിയും കുടിച്ചു നേരെ തിരിച്ചു.
അവിടെന്നു അങ്ങോട്ടുള്ള യാത്ര വിവരണാധീതമാണ് തരിശു ഭൂമി കൃഷിയോഗ്യം ആക്കുന്നതിനായി നട്ടു വളർത്തുന്ന ഒരുതരം മുള്ള് ചെടി മാത്രമേ ഹെക്റ്ററുകളോളം കാണാൻ ഉള്ളു. അത് കുറെ മാസങ്ങൾക്ക് ശേഷം അവയെല്ലാം വെട്ടി കൂട്ടിയിട്ടു കത്തിച്ചു കരിയാക്കി വിൽക്കുയാണ് ചെയ്യുന്നത്
ഴിയോരകടകളിലെല്ലാംഅതിന്റെകരിയാണ്പാചകത്തിനും മറ്റും ഉപയോഗിക്കുന്നത് മുൾചെടി നട്ടിരുന്ന ഭാഗങ്ങളെല്ലാം അടുത്ത തവണ കൃഷിയോഗ്യമായി മാറിയിരിക്കും പോകുന്ന വഴികളെല്ലാം മുൾ ചെടികളാലും, തെങ്ങു, പന, കാറ്റാടി മരങ്ങൾ, കള്ളിമുൾ കാടുകൾ മാത്രമേ ഉള്ളു. അകെ ഉള്ളത് കിലോ മീറ്ററുകളോളം ഇടയിൽ ജോലി ചെയ്യുന്ന കൃഷിക്കാരും കൂട്ടത്തോടെ മേയുന്ന ആടുകളും ആട്ടിടയൻമാരും മാത്രമാണ്. "പട്ടികാടെന്നു നിസംശയം പറയാവുന്ന പ്രേദേശം" ഇടക്കിടക്കുള്ള തണൽ മരങ്ങളും, കൃഷിക്കാർ തണലിനായി കെട്ടി വെച്ചരിക്കുന്ന പനയോല മേഞ്ഞ ചെറു മാടങ്ങളും മാത്രമാണ് ചുട്ടു പൊള്ളുന്ന വെയിലിനു ആകെയുള്ള ആശ്വാസം. ആറ്റിൻകരമുതൽ തിരിചന്ദൂർ എത്തുന്ന 45 Kmഓളംഈ അവസ്ഥ തന്നെയാണ് തിരിചന്ദൂർ അതിനിടക്ക് എന്തേലും പറ്റിയാൽ പെട്ടത് തന്നെയാ റോഡിൽ കയറി കിടക്കുന്ന മുള്ള് ചെടിയുടെ മുള്ളും അപകടത്തിൽ പൊട്ടിക്കിടക്കുന്ന വണ്ടിയുടെ ഗ്ലാസ് ചില്ലുകളും സൈക്കിൾ ടയറിൽ കുത്തി കേറാതിരിക്കാൻ ഞാൻ നന്നേ

തുടരും പേജ് .64

# ഓർമ്മക്കുറിപ്പ് ...

ജീവിതത്തിൽ ഒരിക്കലും പരസ്പരം നേരിട്ട് കണ്ട് സംസാരിച്ചിട്ടില്ലാത്ത കുറച്ച് പേരുമായി ഏതാനും കുറച്ച് മണിക്കൂറുകൾ. ജീവിതത്തിൽ എപ്പോഴും ഓർത്തു വെക്കാൻ പറ്റിയ സമയങ്ങൾ . കളിയാക്കലുകൾ, തമാശകൾ, കാര്യങ്ങൾ, വിശേഷങ്ങൾ, സന്തോഷങ്ങൾ, സങ്കടങ്ങൾ എല്ലാം പരസ്പരം പങ്കുവെച്ച്, നമ്മുടെ അന്നത്തെ ലക്ഷ്യം പരിപൂർണമായി പൂർത്തിയാക്കി നമ്മൾ പിരിഞ്ഞു. ഇടക്ക് എപ്പോഴോ ഞാൻ ചിന്തിച്ചു മനുഷ്യർ എത്ര നല്ലവരാ, എത്ര പെട്ടെന്നാ നമ്മൾ അടുത്തത്, എത്രയോ വർഷത്തെ പരിചയം ഉള്ളവരെ പോലെ, മറ്റുള്ളവരെ കുറിച്ചുള്ള നമ്മുടെ ധാരണകൾ അവരെ നേരിട്ട് അറിയാത്തടുത്തോളം തെറ്റായിരിക്കും എന്ന് പറയണത് എത്ര ശെരിയാ. കഴിഞ്ഞ വെക്കേഷന് നാട്ടിൽ ഉള്ള സമയത്തായിരുന്നു നമ്മുടെ പാലോട് പ്രവാസി കൂട്ടായ്മയുടെ കൈത്താങ്ങ് പദ്ധതി ആദ്യ വിതരണം. ആ സമയത്ത് നാട്ടിൽ ഉള്ള മുഴുവൻ അംഗങ്ങളും അതിൽ പങ്കാളിയായി, വീട്ടിൽ ഒരു ചെറിയ വിശേഷം ഉള്ളതിനാൽ ഞാൻ ഉച്ചക്ക ശേഷമാണ് പങ്കെടുത്തത്. വീട്ടിൽ നിന്ന് ഇറങ്ങിയ സമയം ചെറിയൊരു ടെൻഷൻ.. ആരെയും നേരിട്ട് അറിയില്ല.. മാത്രവുമല്ല നമ്മുടെ സ്വന്തം കാരണവർ ഹക്കിമിക്കയൊക്കെ ഉണ്ട്.പക്ഷെ കേട്ടറിവിനേക്കാൾ വലുത് ആ ഹക്കിമിക്ക കൂട്ടത്തിൽ ഏറ്റവും രസികൻ, പിന്നെ ഷാനൂസിന്റേം ,അൻവർ ഷാൻന്റേം തള്ളുകൾ, രാജേഷേട്ടന്റെ കലാപരിപാടികൾ മുഹമ്മദിന്റെ കോളജ് ഓർമ പുതുക്കലുകൾ, സുരേഷേട്ടന്റെ ഓണം ബമ്പർ കൂപ്പൺ, എല്ലാം ഇന്നലെ കഴിഞ്ഞത് പോലെ. ചായ കുടിക്കാൻ ചിപ്പൻചിറ ഇറങ്ങി കടയിലെ കടികൾ കാലിയാക്കിയത് നമ്മൾ മറന്നാലും കടക്കാരൻ മറക്കില്ല, രാത്രി വരെ കച്ചോടം ചെയ്യാൻ വെച്ചിരുന്ന കടികളാണ് ഈ പഹയന്മാർ നിമിഷനേരം കൊണ്ട് കാലിയാക്കിയത്. ഏറ്റവും സന്തോഷവും അഭിമാനവും തോന്നിയത് നമ്മൾ ഓരോ വീടുകളിലും നമ്മുടെ കൈത്താങ്ങ് കിറ്റുകൾ കൊടുക്കുമ്പോൾ അവർ മനസ്സറിഞ്ഞു ചിരിക്കുന്ന ഒരു പുഞ്ചിരി ഉണ്ട് അതിനെ വർണ്ണിക്കാൻ കഴിയില്ല. എല്ലാ പരിപാടികളിലും അതിന്റെ കലാശക്കൊട്ടാണല്ലോ കളർഫുൾ, പതിവ് നമ്മളും തെറ്റിച്ചില്ല.വീട്ടിൽ മട്ടൺ ബിരിയാണിയും അപ്പവും കറികളും ഒക്കെ ആയി നമ്മൾ അങ്ങ് തകർത്തു, അഥിതികൾ കൊണ്ടുവന്ന പൊതി അവർ പോയ ഉടനെ ഓടി പോയി തുറക്കാൻ നോക്കി.



തുറക്കൽ ഞാൻ തന്നെയാ.. അത് തുറന്ന് കണ്ടില്ലേൽ എനിക്കൊരു സമാധാനവും ഇല്ല, പൊതി തുറന്ന് കിളി പോയ ഞാൻ ഉമ്മാടെ ഡയലോഗ് കൂടെ കേട്ടപ്പോൾ ഫ്ലാറ്റ്.. രണ്ട് ഗർഭിണികൾ വീട്ടിൽ ഉണ്ടായിരുന്നപ്പോൾ പോലും ഇത്രയും പൊതികൾ ആരും കൊണ്ടുവന്നിട്ടില്ല.ഒരു ലോഡ് സാധനം. എന്തായാലും ഞാൻ ഹാപ്പി ഒരാഴ്ച്ചത്തേക്ക് എനിക്കുള്ളതായല്ലോ.

പല മതം, പല പ്രായം, പല രാഷ്ട്രീയം, പല സ്ഥലങ്ങൾ എന്നിട്ടുമൊരു കുടക്കീഴിൽ പരസ്പരം ആശ്വാസമാകാനും മറ്റുള്ളവർക്ക് തണലാകാനും എന്നും നമ്മുടെ പാലോട് പ്രവാസി കൂട്ടായ്മയ്ക്ക് കഴിയട്ടെ.



വസീം പെരിങ്ങമ്മല

പാട്ടുപെട്ടു. തിരിചന്ദൂർ എത്തിയപ്പോൾ കുറച്ചു ആശ്വാസമായി അവിടെന്നു ഒരു ഊണും കഴിച്ചു നേരെ തൂത്തുകുടി. തൂത്തു കുടി പോർട്ടിലേക്കുള്ള എണ്ണമറ്റ കണ്ടെയ്നർ ലോറികളും, പുക തുപ്പുന്ന കൽക്കരിവൈദ്യുതിനിലയവും,ഫാക്റ്ററികളുംതുടക്കമേ നമ്മെളെ വരവേൽക്കും. ദൂര കാഴ്ച്ചയിൽ അവക്കെല്ലാം വല്ലത്ത ഭംഗിതന്നെയാണ്. തൂത്തുക്കുടി അവിടെയാണ് അന്നത്തെ വിശ്രമം ഒരുപാട്ടു ദൂരം താണ്ടിയത് കൊണ്ടാവണം ഉറക്കത്തിലേക്ക് പോയത് പോലും അറിഞ്ഞില്ല..

മൂന്നാം ദിവസംതുടരെ തുടരെ യുള്ള അലാറത്തിനെ തെറി പറഞ്ഞുകൊണ്ട് എണീക്കേണ്ടതായഅവസ്ഥ ആയിരുന്നു ഇന്നലത്തെ ഷീണം വിട്ടു മാറീട്ടില്ല. രാവിലെ തന്നെ ഇറങ്ങേണ്ടതായിരിക്കുന്നു കാരണംവഴികൾ പുതിയതാണ് ഏകനായി ഞാനും. പെട്ടന്ന് റെഡിയായി യാത്രയിലേക്കു വന്നു. രാവിലത്തെവഴികളിലെ കാഴ്ച നയന മനോഹരമായിരുന്നു കണ്ണെത്താ ദൂരത്തോളം ഉള്ള ഉപ്പളങ്ങൾ. കടലിന്റെ അടുത്ത് താഴ്ന്ന പ്രെദേശത്തു നിന്നും ബോർവെല്ലിൽ കുഴിച്ചെടുക്കുന്ന ഉപ്പുകലർന്ന വെള്ളവും, കടലിൽ നിന്നു പമ്പുചെയ്യുകയുംചെയ്‌തു പാടങ്ങളിൽ നിറക്കും. 24˚താപനിലക്കു മുകളിലിൽ സൂര്യന്റെ ചൂട് ഉയരുംപ്പോൾ പാടങ്ങളിലെ ഉപ്പുവെള്ളത്തിൽ നിന്നും ഉപ്പു വേർതിരിയപെടും8, 9ദിവസത്തിൽ ഒരിക്കൽ ഉപ്പു വാരുകയാണ് ചെയ്യുന്നത് നീരാവി ആയി പോകുംപ്പോൾ കുറവ് വരുന്ന വെള്ളം പിന്നെയും.പാടങ്ങളിലിൽഫില്ലുചെയ്‌തുകൊണ്ടിരിക്കും. 5സെന്റ് ഭൂമിയിൽ നിന്നു ഒരു തവണ 1ടൺ ഉപ്പു കിട്ടുമെന്നാണ് അവിടെ ജോലിക്കു നിക്കുന്ന രാമചന്ദ്രൻ അണ്ണൻ പറഞ്ഞത്.
"ആത്താടി സൈക്കിളിലെവാ. ഇവളേം ദൂരം എപ്പടി വന്തേൻ നീങ്ക പൊയ് സൊല്ലിറെൻ.ജോലി കാരായ സുബ്ബലക്ഷ്മിആന്റിക്കും ,സെൽവി, ആന്റിക്കും എന്നെ അത്രയ്ക്ക് വിശ്വാസം അങ്ങുട് വന്ന ഭാവം ഇല്ല. എന്തായലും ഉപ്പുപൊടിക്കുന്ന മില്ലിന്റെ അകത്തൊക്കെ കയറി കാണാൻ ഏതൊരു മടിയും കൂടാതെ ക്ഷണിച്ചു. കുറച്ചധികനേരം അവിടെ ചിലവഴിച്ച ശേഷം സമയം ഒട്ടും കളയാതെ നേരെ വിട്ടു അങ്ങൂട്ടുള്ള യാത്ര കഴിഞ്ഞ ദിവസം പോലെ അത്ര ശോകം ആയിരുന്നില്ല ഇടവിട്ട് ഇടവിട്ട് ഓരോ ചെറിയ ചെറിയ മനോഹര ഗ്രാമങ്ങൾ.കുളങ്ങളോട് കൂടിയ കാവുകൾ, അമ്പലങ്ങൾ. അവയെല്ലാം കണ്ടു ആസ്വദിച്ചു. ചെറിയ മഴ കോള് ഉള്ളത് കൊണ്ട് വലുതായിട്ടു ചൂട് ഒന്നും അന്നത്തെ ദിവസത്തെ യാത്രയെ ബാധിച്ചില്ല വേമ്പാർ എന്നഒരു ഗ്രാമത്തിൽ നിന്നും ഒരു ഊണും കഴിച്ചു. യാത്ര തുടർന്നു തുടന്നുള്ള യാത്ര 20km ഓളം കയറ്റമാണ് ചവുട്ടിയും ഉരുട്ടിയും കയറ്റം ഞാൻ കടന്നു . ഏർവാടി എത്തി ഇന്ന് ഇവിടെയാണ് വിശ്രമം. ഏർവാടി ദർഗാഷരീഫ് മുസ്‌ലീങ്ങളുടെ പ്രധാനപെട്ട വിശ്വാസ കേന്ദ്രമാണ്. (സൈക്കിളിൽ യാത്ര ചെയ്യുന്നവർ അത് മുസ്‌ലിങ്ങളുടെ വിശ്വാസ കേന്ദ്രമായിമാത്രം കാണാതിരിക്കാൻ ശ്രെദ്ധിക്കുക ആറ്റിങ്കരയിൽ നിന്നുംഫുഡും ഏർവാടിയിൽ നിന്നും വിശ്രമവും സ്വീകരിച്ചില്ല എങ്കിൽ പെട്ടത് തന്നെയാ ഇവരണ്ടും കഴിഞ്ഞാൽ km ഓളം വിജനത മാത്രമേ ഉള്ളു )
അടുത്ത ദിവസം രാവിലെതന്നെ സ്വപ്ന ഭൂമിയിലേക്കുള്ള യാത്രയിലേക്ക് ഇറങ്ങി. എന്നത്തേയും പോലെ അല്ല അസഹ്യമായ ചൂട് യാത്രയെ നല്ലതു പോലെ കഷ്ട്ടപെടുത്തുന്നുണ്ട്. കണ്ണെത്താ ദൂരത്തോളം സ്കെയിൽ വെച്ചു വരച്ചത് പോലത്തെ നീണ്ടു കിടക്കുന്ന റോഡ്.

റോഡുകൾ നിറയെ വെള്ള കെട്ടാണെന്നു തോന്നിപ്പിക്കുന്ന വിധം മരീചിക ചൂടിന്റെ കാഠിന്യത്തെ അറിഞ്ഞു കൊണ്ട് തന്നെ യാത്ര തുടർന്നു. സ്വപ്ന ഭൂമിയിലേക്കുള്ള ദൂരം കുറയുംതോറും സൈക്കിൾ പെടലിലെ കാലുകളുടെ വേഗത കൂടി കൂടി വന്നു. അതെ കടലിന്റെ വിശാലതയും ഭംഗിയും അടുത്തടുത്ത് വരുന്നുണ്ട്. "ചൂടിനെ വകവെക്കത്ത വല്ലാത്ത ആവേശംമനസിനെകീഴ്പെടുത്തികഴിഞ്ഞിരിക്കുന്നു". എൻജിനിയറിങ് മികവിൽ പണിതു ഉയർത്തിയ 2കിലോ മീറ്ററും 345 മീറ്ററും നീളമുള്ള കടലിനു കുറുകെ നിർമിച്ച പാമ്പൻ പാലവും സമീപത്തുകൂടിപ്രകൃതി ഷോഭത്തിൽ തകർന്ന പിന്നീട് പുതുക്കി പണിത –റയിൽ പാലവും നിരന്നു കിടക്കുന്ന ബോട്ടുകളും മനോഹര കാഴ്ചയുടെ വിരുന്നു സമ്മാനിക്കും കപ്പലുകൾക്ക് പോകാൻ തുറന്നു കൊടുക്കുന്ന രീതിയിലാണ് അതിന്റെ നിർമാണം. കുറച്ചു നേരം പാലത്തിൽ ചിലവഴിച്ചുമടങ്ങാൻ പെഡലിൽ കാൽ വെച്ചപ്പോൾ. "ട്രെയിൻ ആഗയി" ഒരു ഹിന്ദിക്കാരി പെൺകൊച്ചു ഉച്ചത്തിൽവിളിച്ചു കൂവി. വിശ്വാസം വരാതെ തലയുയർത്തി നോക്കി.. "ദേണ്ടെ വരണു ട്രെയിൻ". ട്രെയിനിൽ മടങ്ങുന്നവർക്ക് കൈകൾ ഉയർത്തി കാണിച്ചും കൂക്കി വിളിച്ചും പാലത്തിൽ ഉള്ളവർ യാത്രയയപ്പു നൽകി. മെല്ലെ മെല്ലെ ട്രെയിൻ പാലം കടന്നു പൊയ്ക്കൊണ്ടിരുന്നു...
രാമേശ്വരത്തേക്കു യാത്ര തുടർന്ന് അവിടെ നിന്നും 10Km താഴെ. മാത്രമേ ഉള്ളു ക്ഷേത്രങ്ങളുടെ നാടാണ് രാമേശ്വരം രാമായണവുമായിബന്ധപ്പെട്ട ഒട്ടേറെ കഥകൾ നിറഞ്ഞു നിൽക്കുന്ന ക്ഷേത്രങ്ങളാണ് അധികവും ക്ഷേത്രങ്ങളിലെ ചിത്ര പണികളും കൊത്തു പണികളും വര്ണനാദിധമാണ്. അബ്ദുൾ കലാം മെമ്മോറിയൽ



സന്ധർശനം മനസിന് വല്ലാത്ത അനുഭൂതി നൽകും. സാറിന്റെ നിത്യോപയോഗ വസ്തുക്കളും അദ്ദേഹം ഭാരതത്തെ എങ്ങനെയാണ് കണ്ടതൊന്നും വിശദമായി ഉൾകൊള്ളിച്ച കൊണ്ടുള്ള മ്യൂസിയം അവിടെ വന്നു പോകുന്ന ആരുംതന്നെ അദ്ദേഹത്തെ സ്മരിക്കാതെ കടന്നു പോകില്ല. മനോഹര ചിത്രങ്ങളും മെഴുകു പ്രതിമകളും അതിനെല്ലാം മാറ്റു കൂട്ടും. രാമേശ്വത്തെ അനേകം ക്ഷേത്രങ്ങളിൽ ഒരു ക്ഷേത്ര പരിസരത്തെ ലോഡ്ജിൽ  അന്നത്തെ വിശ്രമം ശരിയാക്കി. രാത്രി കാഴ്ചകളും കണ്ടു അന്നത്തെ യാത്ര അവസാനിപ്പിച്ചു. പിറ്റേന്നത്തെ പ്രഭാദം തമിഴ് സംഗീതത്തോട് കൂടിയുള്ള അമ്പലങ്ങളിലെ ഭക്തി ഗാനം കേട്ടുകൊണ്ടാണ് തുടങ്ങുന്നത്

ഒരു കാലഘട്ടത്തിൽ തമിഴ്നാട്ടിലെ തുറമുഖ പട്ടണ മായിരുന്നു ധനുഷ് കോടി.1964 ലെ പ്രകൃതി ദുരന്തത്തിൽ 1800പേരുടെ മരണത്തോടെ അതൊരു പ്രേത നഗരമായി മാറി അതിന് ശേഷം ഗവണ്മെന്റ് കളൊന്നും കാര്യമായ് അവിടം  പരിഗണിച്ചിട്ടില്ല പക്ഷെ സഞ്ചരികളുടെ ഒഴുക്കിനു ഒരു കുറവും ഇല്ലതാനും. കൂട്ടതലും മത്സ്യബന്ധനം നടത്തുന്നവരാണ് അവിടെ അധിവസിക്കുന്നത്. ഇവിടെ പകുതി കടലെടുത്ത പൊളിഞ്ഞ പള്ളിയും  ക്ഷേത്രവും, സ്കൂളും, റെയിൽവെ സ്റ്റേഷനും, ഓർമകളുടെ ബിംപങ്ങളായി ഇന്നും നില കൊള്ളുന്നു.

2017 പുതുക്കി പണിത റോഡ്മാത്രമാണ്  ആകെയുള്ള വികസനം. സൂര്യൻ തെല്ലുയർന്ന് തന്നെ നിൽക്കുന്നു,.ചൂടെന്നും ഇണ്ടൂട് ഏശാത്ത വിധം കടൽ കാറ്റു വീശി അടിക്കുന്നുണ്ട്. കാറ്റു എന്നെയും സൈക്കിളിനെയുംമറിച്ചിടുമോ  എന്നുപോലും സംശയത്തക്കവിധം

നീലയും പച്ചയും കലർന്ന കണ്ണെത്താദൂരത്തോളം ഉള്ള വെള്ള മണൽ തരികളോട് കൂടിയ കടൽ തീരത്തുകൂടി ഉള്ള സൈക്കിൾ യാത്ര. "ഒരു രക്ഷയും ഇല്ല". ബംഗാൾ ഉൾക്കടൽ സാവധാനം അലയടിക്കുംമ്പോൾ. അറബിക്കടൽശക്തമായ തിരകളോടെ സംഹാര താണ്ഡവം നടത്തുന്നതു കാണാം. പഴയ പ്രതാപങ്ങളൊന്നുംഇല്ലാതെ ഇപ്പോഴും  ധനുഷ്കോടിയിൽ ഒരു പോസ്റ്റ് ഓഫീസ് ഉണ്ട്. ഓല മേഞ്ഞ ഒരുചെറിയ കുടിലിൽ ഒരു പോസ്റ്റ്ബോക്സ് മാത്രമേ അവിടെ കാണാൻ കഴിയു .നാട്ടിലേക്ക് ലെറ്റർ അയക്കാൻ ഉദ്ദേശിക്കുന്നവർ. ലെറ്റർ പേഡും സ്റ്റാമ്പും ഒന്നും അവിടെനിന്നു ലഭിക്കില്ല. രാമേശ്വരത്തുന്നുഇവയെല്ലാം വാങ്ങി സൂക്ഷിച്ചു വേണം പോകാൻ. "ശരണ്യ അവരാണ് അവിടത്തെ പോസ്റ്റ് വുമൺ" ധനുഷ്കോടിയുടെ പോസ്റ്റ്ഓഫീസ് സീൽ ചെയ്തു അവർ രാമേശ്വരത്തേക്കു എത്തിക്കും.  ഉച്ചസമയത്തു അവിടെ നിന്നും നല്ല മീൻ ഫ്രൈയോടുകൂടിയ ഒരു ഊണും കഴിച്ചു ആ മനോഹര തീരത്തോട് വിട പറഞ്ഞു. രാമേശ്വരത്തു തിരിച്ചെത്തി അബ്ദുൾ കലാം സാറിന്റെ വീടും സന്ദർശിച്ചു. അതിപ്പോൾ ഒരു മ്യൂസിയം ആയി നിലകൊള്ളുന്നു അദ്ദേഹത്തിന് കിട്ടിയ വിശിഷ്ട മെഡലുകളും സമ്മാനങ്ങളും അവിടെ സൂക്ഷിക്കുന്നു.  അതെല്ലാം കണ്ടു വൈകിട്ട് 3മണിയോടെ റയിൽവെ സ്റ്റേഷൻ പിടിച്ചു. 4മണിക്കുള്ള രാമേശ്വരം –മധുര ട്രയിനിൽ സൈക്കിളും കയറ്റി [കൂടെ കൊണ്ട് പോണേനു ട്രയിൻ ടിക്കറ്റ് മാത്രം മതിയാവും വേറെ ഐഡന്റിറ്റി ഒന്നും വേണ്ട പിന്നേ പാഴ്സൽ ഇറക്കാൻ നമ്മുടെ കൂടെ ഉത്തരവാദിത്തമാണ് (നമ്മൾ ഇറക്കണ്ട. ഡ്യൂട്ടി ഓഫിസറെ ഓർമിപ്പിച്ചാൽ മതി, പാഴ്സൽ സെക്ഷന്റെ അടുത്ത കമ്പാർട്ടു മെന്റിൽ യാത്ര ചെയ്താൽ മതി ട്രയിൻ നിർത്തുപ്പോൾ തന്നേ ലഗ്ഗേജിന്റെ അടുത്തെത്തി പറഞ്ഞാൽ മതി അവർ ഇറക്കിത്തരും ) റേറ്റ്  രാമേശ്വരം–മധുര 60രൂപ യാവും]

കടലിനെ തൊട്ടു തൊട്ടില്ല എന്നമട്ടിൽ ചേർന്നു കിടക്കുന്ന പാമ്പൻപാലത്തിലൂടെറോഡ് മാർഗമുള്ള പാമ്പൻ പാലത്തിൽ നിന്നും കൈ വീശി കാണിക്കുന്നവരോട്. ആവേശത്തിൽ കൈകൾ വീശിക്കൊണ്ട്.  ജീവിതത്തിലെ ഒരു മനോഹര നിമിഷത്തിലായ്   ഞാനും ആ മനോഹര നാടിനോട് വിട പറഞ്ഞു... ഇനിയും എത്തും എന്ന പ്രേതിക്ഷയോടെ..  നാട്ടിലേക്ക്.....

മുൻകാല സഞ്ചാരിയിലെ സൈക്കിൾ യാത്രകൾ ..

https://m.facebook.com/groups/785863974804742?view=permalink&id=1925806544143807

https://m.facebook.com/groups/785863974804742?view=permalink&id=1832614510129678

https://m.facebook.com/groups/785863974804742?view=permalink&id=1991971194194008

https://m.facebook.com/story.php?story_fbid=2012917425488260&id=100003100678016







ഷമീർലാൽ

പാലോട് പ്രവാസി കൂട്ടായ്മ
PALODE PRAVASI KOOTTAIMA
REG. NO: TVM/TC/961/2017

ഞാൻ സൗദിയിൽ ഷോപ്പ് നടത്തിക്കൊണ്ടിരുന്ന കാലം. ഉമ്മയുടെ ചിരകാല അഭിലാഷമായ മക്കയും മദീനയും കാണണമെന്നുള്ള ആഗ്രഹം പൂവണിയുന്നു. അൽ ഹസ്സയിലുള്ള എനിക്ക് മക്കയിൽ, കഅബയുടെ അടുത്ത് വെച്ച് ഉമ്മയെ കാണണമെന്നുള്ള അതിയായ ആഗ്രഹം മനസ്സിൽ മൊട്ടിട്ടു. അതിനു വേണ്ടി പടച്ച തമ്പുരാനോട് പ്രാർത്ഥിച്ചു. അങ്ങനെ ഉമ്മ മക്കയിൽ വന്ന ദിവസം തന്നെ പോകാൻ തീരുമാനിച്ചു. ഷോപ്പ് മൂത്തുമ്മായുടെ മകളുടെ മരുമകനെ ഏൽപ്പിച്ചു. അനിയന്റെ വണ്ടിയിൽ (മൂത്തുമ്മായുടെ മകൻ) വൈകുന്നേരം നാലു മണിക്ക് പോകുന്നതിനായി കടയിലേക്ക് വരുന്ന വഴിയിൽ ഒരു ആക്സിഡന്റ്. അവന്റെ വണ്ടിയുടെ പുറകിൽ സൗദി പിള്ളേർ വണ്ടി കൊണ്ടിടിച്ചു. ചെറിയ ചാറ്റൽ മഴയും ഉണ്ടായിരുന്നു.. അവൻ വണ്ടി ഇടിച്ചു എന്ന് വിളിച്ചു പറഞ്ഞപ്പോൾ ആദ്യം മനസ്സിൽ തോന്നിയത് ഉമ്മായെമക്കയിൽ വെച്ച് കാണാൻ കഴിയില്ലേ റബ്ബേ എന്നാണു. എന്തായാലും ഉടനെ ബസ് സ്റ്റാൻഡിലേക്ക് പുറപ്പെട്ടു. അവിടെ ചെന്നപ്പോൾ രണ്ടു ദിവസം കഴിഞ്ഞേ മക്കയിലേക്ക് ബസ്സുള്ളൂ. എല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ടു എന്ന് കരുതിയിരുന്നപ്പോൾ ബുദ്ധി ഉണർന്നു. നാട്ടിൽ നിന്നും ഉംറയ്ക്കു വന്നവരുടെ കൂട്ടത്തിൽ ഉമ്മയുടെ സഹോദരന്റെ ഭാര്യയും ഉണ്ടല്ലോ. അവരുടെ മകൻ റിയാദിൽ ഉണ്ട്. അവനും കാണാൻ പോകുന്ന വിവരം ഓർമ്മയിൽ വന്നു. ഉടനെ അവനെ വിളിച്ചു. അവർ പോകുന്ന ബസ്സ് മദീനയിൽ പോയിട്ട് ഒരു ദിവസം കഴിഞ്ഞേ മക്കയിൽ എത്തുകയുള്ളൂ. അതായതു ഉമ്മ മക്കയിൽ നിന്നും പോകുന്നതിന്റെ തലേ ദിവസമേ അവിടെയെത്തുകയുള്ളൂ. എന്ത് ചെയ്യും. രണ്ടും കല്പിച്ചു റിയാദിലേക്കു വണ്ടി കയറി. രാത്രി 2 മണിക്ക് അവിടെയെത്തി. പിറ്റേന്ന് രാവിലെ ഏഴു മണിക്ക് ബത്തയിൽ നിന്നും ഉംറയ്ക്കുള്ള ബസ്സിൽ യാത്ര തിരിച്ചു. അങ്ങനെ ഉമ്മ മദീനയിൽ പോകുന്നതിന്റെ തലേ ദിവസം രാവിലെ മക്കയിൽ എത്തി. എത്തിയ ഉടനെ ഫോൺ വിളിച്ചു. എടുക്കുന്നില്ല... ഒരുപാട് പ്രാവശ്യം വിളിച്ചു എടുക്കുന്നില്ല.. ആകെ വെപ്രാളമായി. ഏജന്റിനെ ഒരുപാട് തവണ വിളിച്ചപ്പോൾ എടുത്തു. അവരെല്ലാവരും അവിടെയുള്ള മിക്ക സ്ഥലങ്ങളിലും സിയാറത്തിന് പോയിരിക്കുന്നു. രാത്രിയിലെ വരൂ എന്ന്.. താമസിക്കുന്ന ഹോട്ടൽ പറഞ്ഞു തന്നു. അപ്പോഴും കഅബയുടെ മുന്നിൽ വെച്ച് ഉമ്മയെ കാണാൻ കഴിയില്ല എന്ന് മനസിന് ഒരു പിടച്ചിൽ.. രാത്രിയിൽ കഅബയ്ക്കും ക്ലോക്ക് ടവറിനും ഇടയിൽ ഇരുന്നു പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ അതാ കുറച്ചു പേർ നടന്നു വരുന്നു. അത് എന്റെ നാട്ടുകാർ ആയിരുന്നു. അവരോട് ഉമ്മയെ കുറിച്ച് ചോദിച്ചു. പുറകിൽ ഉണ്ട് എന്ന് പറഞ്ഞു. അങ്ങനെ സൂക്ഷിച്ചു നോക്കിയപ്പോൾ ഉമ്മയെ കണ്ടു. ഉടനെ ഓടി ചെന്ന് കെട്ടി പിടിച്ചു കുറച്ചു നേരം രണ്ടുപേരും കരഞ്ഞു... എന്തെന്നില്ലാത്ത സന്തോഷം.. ഉമ്മയുടെ ആഗ്രഹം, എന്റെ പ്രാർത്ഥന എല്ലാം കൂടി ഒത്തൊരുമിച്ചപ്പോൾ... എഴുതാൻ വാക്കുകളില്ല... ഒരുപാട് സ്ഥലങ്ങളിൽ യാത്ര ചെയ്തിട്ടുണ്ട്. ഇത്രയും സന്തോഷം കിട്ടിയ ഒരു യാത്ര.....ഇനിയും അവിടെ വെച്ച് തന്നെ ഒരിക്കൽ കൂടി ഉമ്മയെ കാണണമെന്ന് ആഗ്രഹമുണ്ട്.. അതിനായി വീണ്ടും പ്രപഞ്ച നാഥനോട് പ്രാർത്ഥിക്കുന്നു......



# യാത്ര വിവരണത്തിൽ നിന്ന്...



സുധീർ കൊച്ചുവിള

പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017







*Best Compliment's from ...*









# ഒരു ദുബൈ ഓർമ

ദുബൈ എയർപോർട്ടിൽ നിന്നും സാബീൽ പാലസിലേക്ക് പോകുന്ന C1 എന്നാ ബസിൽ ഡ്യൂട്ടി എടുക്കുന്ന കാലം. രാവിലെ എന്നും മുറ തെറ്റാതെ എന്റെ ബസിൽ സിറ്റിയിൽ ദേരയിൽ നിന്നും കേറുന്ന ഒരു ഇക്ക. തേച്ച് വൃത്തിയാക്കാത്ത പാന്റ്സും, കാറ്റത്തു ആടിക്കളിക്കുന്ന ഷർട്ടും, കോളറിന്റെ അടിയിൽ തിരുകി കയറ്റിയ കർച്ചീഫും ആണ് സ്ഥിരം വേഷം. പ്രായം 70 വയസ്സ് തോന്നിക്കും. ഉണങ്ങി മെലിഞ്ഞ ശരീരം മുഖത്തു വല്ലാത്തൊരു ദുഃഖ ഭാരം. കയ്യിൽ ഒരു കാർഡ്ബോർഡ് പെട്ടി എന്നും ഉണ്ടാകും. നൂറുകണക്കിന് യാത്രക്കാർ കേറി ഇറങ്ങി പോകുന്ന ബസിൽ ഇദ്ദേഹത്തിനെ മാത്രം ശ്രദ്ധിക്കാൻ ഒരു കാരണമുണ്ട്. യാത്രക്കാർ മുഴുവൻ ട്രേഡ് സെന്ററിൽ ഇറങ്ങും. പിന്നെ വണ്ടി സാബീൽ പാലസിലേക്ക് പോകും അവിടെ പോകാൻ യാത്രക്കാർ ആരും ഉണ്ടാകില്ല. പക്ഷെ ഈ ഇക്ക എന്നും ലാസ്റ്റ് സ്റ്റോപ്പിലായ സാബീലിലാണ് ഇറങ്ങുക. വൈകുന്നേരം അഞ്ച് മണിക്ക് തിരികെ പോകുന്ന ട്രിപ്പിൽ കേറാനായി ഈ ഇക്കയും കാണും അപ്പോഴും കാണും ഈ പെട്ടി കയ്യിൽ. വണ്ടി അവിടെ വന്നാൽ പത്ത് മിനിറ്റ് റസ്റ്റ് കഴിഞ്ഞു തിരികെ പോകണം. ഈ സമയത്ത് ഇക്ക പുറത്ത് തന്നെ കാത്തു നിൽക്കുകയാണ് പതിവ്. ബസ് പുറപ്പെടുമ്പോൾ മാത്രമേ യാത്രക്കാരെ കേറ്റാവൂ ഇതാണ് നിയമം. ഞാൻ വണ്ടിയുടെ ഉള്ളിൽ ഏസിയിൽ ഇരിക്കും ഈ സമയം മുഴുവൻ ഈ മനുഷ്യൻ പുറത്തു നിൽക്കും. പുറപ്പെടുന്ന ടിക്കറ്റ് വാങ്ങിക്കൊണ്ട് പുറകിൽ പോയി ഇരിക്കും. അപ്പോഴും കാണും കയ്യിൽ ഈ കാർഡ്ബോർഡ് പെട്ടി.ഒരു ദിവസം (കടുത്ത ചൂടുകാലം )ഞാൻ വണ്ടിയുടെ അകത്തു ഏസിയിൽ പുറത്ത് ആ മനുഷ്യൻ ഒറ്റക്ക്. എനിക്ക് വല്ലാതെ വേദന തോന്നി. നിയമ ലംഘനം പിടിച്ചാൽ RTA നല്ല പണിതരുമെന്ന് അറിയാം. ആ സമയത്ത് ആരും വരരുതെ എന്ന് പ്രാർത്ഥിച്ച കൊണ്ട് ഡോർ തുറന്ന് കൊടുത്തു എന്നിട്ട് കേറി ഇരിക്കാൻ പറഞ്ഞു. 10 മിനിറ്റ് സമയമുണ്ട്. ഞാൻ ചോദിച്ചു എവിടേക്കാണ് പോകുന്നത് എന്നും? , ഈ പെട്ടിക്കുള്ളിൽ എന്താണ്? ഇവിടെ ഒരു കൊട്ടാരം മാത്രമല്ലെ ഉള്ളു. ഇക്ക ഒന്നും മിണ്ടീല. സ്നേഹപൂർവ്വം നിർബന്ധിച്ചപ്പോ പതുക്കെ പറയാൻ തുടങ്ങി എന്റെ സ്ഥലം മലപ്പുറം. 34 വർഷമായി ഞാൻ ദുബായിൽ വന്നിട്ട് അന്ന് ഇവിടെ ഒക്കെ വിജനമാണ് , പുതിയ കൊട്ടാരത്തിന്റെ പണി നടക്കുന്ന സമയം. കൊട്ടാരത്തിന്റെ കോമ്പൗണ്ടിൽ പരിചാരകരായ കുറെ താമസക്കാരുണ്ട്, എല്ലാം അറബികൾ. ഞാനും അവിടെ കൂടി. ധാരാളം കുട്ടികൾ. ആ കുട്ടികൾക്ക് എല്ലാ ദിവസവും കൊട്ടാരത്തിലെ ഭക്ഷണമാണല്ലോ കിട്ടുക. ഞാൻ വൈകുന്നേരം കുറച്ച നാടൻ സാൻഡ്‌വിച്ച് ഉണ്ടാക്കിക്കൊണ്ട് കൊടുക്കും അവർക്ക് അത് വലിയ ഇഷ്ട്ടമാണ്. നമ്മുടെ കുട്ടികൾ റോഡിലൂടെ മണി അടിച്ച പോകുന്ന ഐസ് ക്രീം വണ്ടിയുടെ ചുറ്റും കൂടുന്നതുപോലെയാണ് ഇവിടത്തെ കുട്ടികൾ എനിക്ക് ചുറ്റും കൂടുന്നത്. പിന്നെ പിന്നെ ഇതെന്റെ സ്ഥിരം തൊഴിലാക്കി മാറ്റി. അന്നൊക്കെ ഫ്രീ വിസയാണല്ലോ. കാലം മാറി, പഴയ പലരും മരിച്ചു, പുതിയ ആളുകൾ, നിയമങ്ങൾ മാറി, ദുബൈ മാറി, അവിടെ താമസിക്കുന്ന സ്ത്രീകൾ, അവരുടെ മക്കൾ അവരുടെ നന്മ ഇന്നും മാറിയിട്ടില്ല. കൊട്ടാരം പരിചാരകർക്ക് വിസയടിക്കുന്ന സമയത്ത് എന്റെ വിസയും പുതുക്കി തരും. ഞാൻ ചോദിച്ചു ഈ പെട്ടിയിൽ കൊണ്ട് പോകുന്ന സാൻഡ്‌വിച്ചിന് പണം എത്ര കിട്ടും ദുബായിൽ ജീവിക്കാൻ തന്നെ ഇത് മതിയാവില്ലല്ലോ. ഇക്ക വാചാലനായി. ഓരോ ദിവസവും കുട്ടികളുടെ കയ്യിൽ അവരുടെ മാതാവ്പിതാക്കൾ കൊടുത്തു വിടുന്നത് ഇതിന്റെ വിലയല്ല. അതിന് ഒരു കണക്ക് എനിക്കും അവർക്കുമില്ല. ഉച്ചക്ക് ഭക്ഷണം അവിടെ നിന്ന് കിട്ടും. എനിക്ക് അത് ധാരാളം. എനിക്ക് 6 മക്കൾ 4 പെണ്മക്കൾ 2 ആൺമക്കൾ. ആൺമക്കൾ രണ്ടുപേരും ഇളയവരാണ്. ഒരു ചെറിയ വീട് ഉണ്ടാക്കി. മൂന്ന് മക്കളെ കെട്ടിച്ചയച്ചു. നാലാമത്തെ പെൺകുട്ടിക്ക് കല്യാണം ആയി ഇരിക്കുന്നു. ഒരു മകനെ ചെറുപ്പത്തിലേ പെട്രോൾ പമ്പിൽ പണി ശെരിയാക്കി അബു ദാബിയിൽ. മകളുടെ വിവാഹം കഴിഞ്ഞാൽ ഞാൻ മതിയാക്കി പോകും, എനിക്ക് ഒരുപാട് രോഗങ്ങളുണ്ട്. ഞാൻ വീണ്ടും ചോദിച്ചു ഇവിടെ കച്ചവടം ഒന്നും ചിന്തിച്ചില്ലേ. മക്കളെ വളർത്തലും വല്ലപ്പഴും നാട്ടിൽ പോയിവരുന്നതും കഴിഞ്ഞാൽ പിന്നെ ഒന്നും ബാക്കി കാണില്ല. എങ്കിലും അൽഹംദുലില്ലാഹ് ഞാൻ തൃപ്തനാണ്. എന്റെ വണ്ടി പുറപ്പെടാൻ സമയമായി.ഞാൻ സലാം പറഞ്ഞു വണ്ടി മുന്നോട്ടെടുത്തു ഇക്ക സലാം മടക്കി പുറകിലേക്കും പോയി. റബ്ബ് എനിക്ക് തന്ന അനുഗ്രഹങ്ങളെ ഓർത് ഞാനും പറഞ്ഞു അൽഹംദുലില്ലാഹ്. ദുബൈ ഭരണാധികാരികയളുടെ ഉറവ വറ്റാത്ത കാരുണ്യത്തിന്റെ മറ്റൊരു ഉദാഹരണം. ഞാൻ പ്രാർത്ഥിച്ചു അവർക്ക് വേണ്ടിയും (ഈ സാധുവിന് കൊട്ടാരത്തിലെ വിസയും കൊട്ടാര ഭക്ഷണവും ഇന്നും ഫ്രീ )

*NB: മനുഷ്യന്റെ മുന്നിൽ കോട്ടും ടയ്യും കെട്ടിയ ഞാൻ ചെറുതാകുന്നത് പോലെ തോന്നി.*
*കുവൈറ്, സൗദി, പിന്നെ ദുബൈ എന്നിട്ട് തൃപ്തനല്ലല്ലോ ഞാൻ .*



അബ്ദുൽ വഹാബ്

# ഓർമ്മക്കുറിപ്പ് ... 2019

കടയുടെ എതിർവശത്തെ ഒരു അറബി പൗരന്റെ വീട്.അഞ്ചോ ആറോ സെന്റിൽ പണി തീർത്ത മനോഹരമായ ഇരുനില വീട്. കടയിൽ നിന്നും എല്ലാദിവസവും ഡെലിവറി ഉണ്ട്. അവിടെ ചെന്ന് കാളിങ് ബെൽ അടിക്കുമ്പോൾ ഘനഗംഭീര സ്വരത്തിൽ ആരാണെന്ന് (മീൻ അന്ത ) ചോദിക്കുമ്പോൾ കേൾക്കുന്ന ശബ്ദത്തിന്റെ ഉടമയെ കണ്ടാൽ ഒരു ആജാനുബാഹുവായ മനുഷ്യൻ. ഉള്ളിൽ ചെറിയ പേടിയുണ്ടെങ്കിലും സലാം ചൊല്ലി, അദ്ദേഹം സലാം മടക്കി ചൊല്ലി ഒരു നന്ദി വാക്കുപോലും പറയാതെ സാധനവും വാങ്ങി ഗേറ്റും അടച്ച് അകത്തേക്ക് പോകുന്നത് സ്ഥിരമാണ്."ഹിസാബ്"(കടം)ആയതു കൊണ്ടു കണക്കു പറഞ്ഞു ദിർഹം വാങ്ങേണ്ട ആവശ്യം വന്നിട്ടില്ല. ഏകദേശം പ്രായം 80വയസിനടുപ്പിച്ച വരും. പള്ളിയിൽ ചെല്ലുമ്പോൾ അദ്ദേഹം മുൻ നിരയിലെ കസേരയിൽ ഇരിക്കുന്നത് കാണാം. ഇവിടെ വന്നു ഒരു വർഷത്തിനിടെ ആരോടും മിണ്ടുന്നതു ഞാൻ കണ്ടിട്ടില്ല.. പക്ഷെ എന്റെ ഉള്ളിന്റെ ഉള്ളിൽ ഒരു ഇഷ്ട്ടം അദ്ദേഹത്തിനോട് ഉണ്ട്. കാരണം അഞ്ചു സെന്റിൽ വീടും വീടിന്റെ മുറ്റം മുഴുവനും പലതരം ചെടികളും നട്ടു പിടിപ്പിച്ചിട്ടുണ്ട്. അതിനെ പരിപാലിക്കുന്നത് ചില ദിവസം ഗേറ്റ് തുറന്നിടുമ്പോൾ കാണാൻ കഴിഞ്ഞിട്ടുണ്ട്. അതീവ ശ്രദ്ധയോട് കൂടിയാണ് അദ്ദേഹം അതിനെ പരിപാലിക്കുന്നത്. ഇന്നേക്കു (30.7.2019) രണ്ടാഴ്ച്ച മുൻപ് കടയിൽ ഇരുന്നപ്പോൾ അപ്രതീക്ഷിതമായി ഒരു ആംബുലൻസ് ആ വീടിന്റെ മുന്നിൽ വന്നു നിൽക്കുന്നതു കണ്ടു. കുറച്ചു കഴിഞ്ഞു നാലു പേർ ചേർന്ന് സ്ട്രെക്ച്ചറിൽ കൊണ്ടു വരുന്ന അദ്ദേഹത്തിനെയാണ് കണ്ടത്. ഒരു കൈ സ്ട്രെച്ചറിന്റെ സൈഡിൽ തൂങ്ങി കിടക്കുന്നു. എന്റെ ഉള്ളിൽ പെട്ടെന്ന് ഒരു വല്ലായ്ക. മിണ്ടിട്ടില്ലെങ്കിൽ പോലും.. ഒരു മണിക്കൂറിനു ശേഷം (ആംബുലൻസിലെ പരിചരണത്തിന് ശേഷം) അദ്ദേഹത്തെയും കൊണ്ടു ആംബുലൻസ് പോയി കഴിഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ അതിന്റെ അടുത്തുള്ള ഒരാൾ വന്നു അദ്ദേഹത്തെ കുറിച്ച് വിവരിക്കുന്നത് കേട്ടിരുന്നു . ഒരുപാട് സ്വത്തിനുടമയാണ്, ഒരുപാട് കെട്ടിടങ്ങളും ഫ്ലാറ്റുകളും ഉണ്ട് . ഇടയ്ക്ക് എപ്പോഴോ ഹോട്ടൽ നടത്തിയെന്നും നഷ്ടത്തിൽ ആയപ്പോൾ അത് ഉപേക്ഷിച്ചെന്നും പറഞ്ഞു . എന്തായാലും അദ്ദേഹത്തിന് ഒന്നും സംഭവിക്കരുതേ എന്ന് മനസ് കൊണ്ടു പ്രാർത്ഥിച്ചു .പിന്നീട് അറിഞ്ഞു പാരാലിസിസ് വന്നു ഒരു സൈഡ് തളർന്നു പോയി എന്ന്. മൂന്നു ദിവസം മുൻപ് അദ്ദേഹത്തിനെ വീട്ടിൽ കൊണ്ടു വന്നു എന്നറിഞ്ഞു. അദ്ദേഹത്തിനെ ഒന്നു കാണണം എന്ന് ആഗ്രഹിച്ചിരുന്നപ്പോൾ ഇന്ന് അതിനു അവസരം കിട്ടി. കാണാൻ ചെന്നപ്പോൾ പൊക്കാൻ പറ്റുന്ന കൈ പൊക്കി കൊണ്ടു എന്തൊക്കയോ പറയുന്നുണ്ട്.അസുഖം ഇല്ലാതിരുന്നപ്പോൾ തിരക്കാൻ കഴിയാത്ത കാര്യങ്ങളായിരിക്കുമെന്നു മനസ്സിൽ കരുതി. അവിടെ നിന്നു അള്ളാഹുവിനോടു എത്രയും പെട്ടന്ന് അസുഖം മാറ്റി കൊടുക്കണമെന്ന് പ്രാർത്ഥിച്ചു കൊണ്ടു വിഷമിച്ചു നിൽക്കുന്ന മക്കളോട് യാത്രയും പറഞ്ഞു പുറത്തിറങ്ങിയപ്പോൾ മക്കളെക്കാൾ വിഷമത്തിൽ നിൽക്കുന്ന ചെടികളെയും പൂക്കളെയും കാണാൻ കഴിഞ്ഞു. എല്ലാവരേക്കാളും ആത്മാർത്ഥമായി ആ ചെടികളും പൂക്കളും പ്രാർത്ഥിക്കുന്നത് പോലെ തോന്നി. അത്രയേറെ അദ്ദേഹം അവയെസ്നേഹിച്ചിരുന്നു.
വീണ്ടും മനസ്സിൽഅദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് പടികളിറങ്ങി....





സുധീർ കൊച്ചുവിള

ഹായ് കൂട്ടുകാരെ

ഞാൻ ഇന്നിവിടെ പരിചയപെടുത്താൻ പോകുന്നത് ഒരു ചെടിയാണ്. ആ ചെടിയുടെ പേര് തുളസി.... പരക്കെ അറിയപ്പെടുന്ന വാസനയുള്ള ഒരു ഔഷധ സസ്യം ആണ് തുളസി .. തുളസിചെടി രണ്ട് ഐറ്റം ഉണ്ട്.

**1.രാമ തുളസി,**

**2.കൃഷ്ണ തുളസി**

പക്ഷെ ഔഷധ ഗുണം കൂടുതൽ ഉള്ളത് നമ്മുടെ കൃഷ്ണതുളസിക്കാണ്. ചുമ, തൊണ്ട വേദന, ഉദര രോഗങ്ങൾ എന്നിവ ക്ഷമിപ്പിക്കാൻ ഉത്തമം. ചെവി വേദനക്ക് തുളസിയുടെ നീര് അഭികാമ്യമാണ്. . ചെങ്കണ്ണിന് തുളസി ഇട്ട് തിളപ്പിച്ച് ആറിയ വെള്ളം രണ്ട് തുള്ളി കണ്ണിൽ ഇറ്റിച്ചു നോക്കു...... അതിന്റെ ഗുണം നമുക്ക് അറിയാം. (*)ചിലന്തി കടിയിലൂടെ ശരീരത്തിൽ കയറിയ വിഷത്തിന് ഒരു സ്പൂൺ തുളസി നീരും ഒരുകഷ്ണം മഞ്ഞളും കൂടി അരച്ച് പുരട്ടിയാൽ അതും മാറുന്നതാണ്. ഇങ്ങനെ ഒട്ടനവധി രോഗങ്ങളെ ക്ഷമിപ്പിക്കാൻ നമ്മുടെ കൃഷ്ണ തുളസിക് കഴിയും. ഇതിനെ നമ്മുടെ വീട്ടുമുറ്റത്തു നട്ടുവളർത്തു......

***പരിപാലിക്കു....... രോഗ മുക്തി നേടൂ...***



**അസ്ന ഷെബി**

# കാർഡിയാക് അറസ്റ്റ്

പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017

കാർഡിയാക് അറസ്റ്റ് എന്ന് കേൾക്കുമ്പോൾ പെട്ടെന്ന്, അത് 'ഹാർട്ട് അറ്റാക്ക്' തന്നെയാണെന്ന് കരുതുന്നവർ നിരവധിയാണ്. എന്നാൽ ഇത് കൃത്യമായും രണ്ട് അവസ്ഥയാണ്. രണ്ട് ഘട്ടങ്ങളിലുമുള്ള അപകടസാധ്യതകളുടെ കാര്യത്തിൽപ്പോലും കാര്യമായ വ്യത്യാസങ്ങളുണ്ട്.

'ഹാർട്ട് അറ്റാക്ക്'ൽ ഹൃദയത്തിന്റെ പ്രവർത്തനം ഭാഗികമായാണ് തടസപ്പെടുന്നതെങ്കിൽ കാർഡിയാക് അറസ്റ്റ് അങ്ങനെയല്ല. അതിൽ ഹൃദയം നിലച്ചുപോകുന്ന സാഹചര്യമാണുണ്ടാകുന്നത്. അതായത്, 'ഹാർട്ട് അറ്റാക്ക്'നെക്കാൾ അൽപം കൂടി ഗുരുതരമായ അവസ്ഥയാണ് 'കാർഡിയാക് അറസ്റ്റ്' എന്ന് വേണമെങ്കിൽ പറയാം.

**കാർഡിയാക് അറസ്റ്റിന്റെ ലക്ഷണങ്ങൾ...**

പ്രത്യേകിച്ചൊരു ലക്ഷണവും കാണിക്കാതെ തന്നെ പെട്ടെന്ന് ഉണ്ടാകുന്ന ഒന്ന് കൂടിയാണ് 'കാർഡിയാക് അറസ്റ്റ്'. എന്നാൽ ചിലരിൽ ചില ലക്ഷണങ്ങൾ കാണുകയും ചെയ്യാറുണ്ട്. അത്തരത്തിലുള്ള അഞ്ച് ലക്ഷണങ്ങളെ തിരിച്ചറിയാം.


**1. ശ്വാസതടസം**

**2. തലകറക്കം**

**3. ക്ഷീണം**

**4. ഹൃദയമിടിപ്പ് കൂടുന്നത്**

**5. ഛർദ്ദി**



ഇനി, ഇത്തരം ലക്ഷണങ്ങളൊന്നുമില്ലാതെ പെടുന്നനെയുണ്ടാകുന്ന കാർഡിയാക് അറസ്റ്റ് തിരിച്ചറിയാനുള്ള ചില മാർഗങ്ങൾ...

**1. നെഞ്ചുവേദന**

**2. ബോധം പോകുന്നത്**

**3. പൾസ് പോകുന്നത്**

**4. ശ്വാസം നിലയ്ക്കുന്നത്**

**5. പെട്ടെന്ന് വീണുപോകുന്നത്**

പ്രിയപ്പെട്ട ആർക്കെങ്കിലുമോ, കൂടെയുള്ളവർക്കോ ഇങ്ങനെയുള്ള ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ആശുപത്രിയിലെത്തിക്കുകയാണ് വേണ്ടത്. കാരണം കാർഡിയാക് അറസ്റ്റിന്റെ കാര്യത്തിൽ, സമയബന്ധിതമായി പ്രാഥമിക ശുശ്രൂഷയടക്കമുള്ള കാര്യങ്ങൾ ലഭ്യമാക്കിയില്ലെങ്കിൽ മരണത്തിനുള്ള സാധ്യത വളരെ കൂടുതലാണ്. ശ്വാസം നിലച്ചുപോകുന്ന അവസ്ഥയിൽ സി.പി.ആർ നൽകാവുന്നതാണ്. പക്ഷേ അതും അറിയാവുന്നവർക്ക് മാത്രമല്ലേ ചെയ്യാനാകൂ. അതിനാൽ എത്രയും എളുപ്പത്തിൽ ആംബുലൻസിൽ തന്നെ രോഗിയെ ആശുപത്രിയിലെത്തിക്കാനാണ് ശ്രമിക്കേണ്ടത്.



നിഷ അജിമോൻ
(സീനിയർ കാർഡിയാക് ഫിസിയോളജിസ്റ്റ്, അയർലണ്ട്)

പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017

## ഇനി ഈന്തപനകളുടെ പ്രജനനകാലം.




പെൺപനകൾ പൂത്തു. ഈ പൂവിൽ ആൺ പനയുടെ പൂവും പൂമ്പൊടിയും ചേർത്ത് കെട്ടണം ഇവിടെ സ്വയം പരാഗണം നടക്കുന്നില്ല ആറു മാസം കൊച്ചു കുഞ്ഞിനെ നോക്കുന്നത് പോലെ നോക്കണം 3-4 പ്രാവശ്യം ഇതിൽ ആൺപനയുടെ പൂമ്പൊടി വച്ച് കെട്ടണം നല്ല വിളവ് കിട്ടും സൗദിയിൽ വഴിയോരങ്ങളിൽ ആൺ പനയുടെ പൂവുംപൂമ്പൊടിയും വില്പനയുണ്ട് . വിലപേശി വാങ്ങുന്ന കാഴ്ച കാണേണ്ടതാണ് .

(പ്രായ പൂർത്തി ആയവർക്കു മാത്രം :- പനയുടെ പൂമ്പൊടി നല്ലൊരു ഔഷധമാണ് കൌണ്ടിംഗ് വർദ്ധിക്കാൻ സഹായിക്കും പാലിലോ. തേനിലോ കലക്കി കഴിക്കാം)



ഷെബി



ഷംനാദ്

# തക്കാളി സാദം



tomato rice


## ആവശ്യമായ ചേരുവകൾ

ബസുമതി അരി വേവിച്ചത് -ഒരു കപ്പ്
സവാള - ഒരെണ്ണം
തക്കാളി അരിഞ്ഞത് -4 എണ്ണം
കടുക് -കാൽ ടീ സ്പൂൺ
ഉഴുന്ന് പരിപ്പ് -അര ടീ സ്പൂൺ
കടല പരിപ്പ് -അര ടീ സ്പൂൺ
വെളുത്തുള്ളി -6 അല്ലി
പച്ചമുളക് (കാരി ) -5 എണ്ണം
മുളക് പൊടി -ഒരു ടീ സ്പൂൺ
മഞ്ഞൾ പൊടി-അര ടീ സ്പൂൺ
ഗരം മസാല -അര ടീ സ്പൂൺ
വെളിച്ചെണ്ണ -2ടേബിൾ സ്പൂൺ
നെയ്യ് -ഒരു ടേബിൾ സ്പൂൺ
കറിവേപ്പില -രണ്ടു ഇതൾ മല്ലിയില -ഒരു അല്ലി
പുതിനയില -ഒരു അല്ലി
ഉപ്പ് -പാകത്തിന്

**പാചകം ചെയ്യുന്ന വിധം** : അടുപ്പിൽ ഇരിക്കുന്ന പാത്രം ചൂടാകുമ്പോൾ രണ്ടു സ്പൂൺ വെളിച്ചെണ്ണ ഒഴിക്കുക. ചൂടായി വരുമ്പോൾ കടുക് ,കടല പരിപ്പ്, ഉഴുന്ന് പരിപ്പ് ഇവ ചേർത്ത് ഇളക്കുക.അരിഞ്ഞു വെച്ചിരിക്കുന്ന സവാള ഇട്ട് വഴറ്റുക അതിനു ശേഷം അരിഞ്ഞു വെച്ചിരിക്കുന്ന തക്കാളി ഇതിൽ ഇടുക. എന്നിട്ട് ഇളക്കി കൊടുക്കുക. തക്കാളി നല്ലതു പോലെ വെന്തു വന്നതിനു ശേഷം അതിലേക്കു മുളക് പൊടി, മഞ്ഞൾ പൊടി, ഗരം മസാല എന്നിവ ചേർത്തു ഇളക്കിയതിന് ശേഷം നെയ്യ് ഒഴിക്കുക. അതിനു ശേഷം വേവിച്ചു വെച്ചിരിക്കുന്ന അരി അതിൽ ഇട്ടു നല്ലതു പോലെ ഇളക്കി കൊടുക്കുക. 3 മിനിറ്റ് കഴിഞ്ഞു തീ ഓഫാക്കുക. അതിന് ശേഷം മല്ലിയില, പുതിനയിലഎന്നിവ ഇട്ടു അടച്ചു വെക്കുക. 5 മിനിറ്റു കഴിഞ്ഞു കഴിച്ചു തുടങ്ങാം.

N. B. ചെറിയ തീയിൽ ആണ് പാചകം ചെയ്യേണ്ടത്

പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017



# ബ്രെഡ് സ്നാക്ക്സ്

ആവശ്യമുള്ള സാധനങ്ങൾ :

ബ്രെഡ് : അഞ്ച് എണ്ണം

പഞ്ചസാര ആവശ്യത്തിന്

ചിരകിയ തേങ്ങ : അര കപ്പ്

വാനില എസ്സൻസ് :ഒരു ടീ സ്പൂൺ

ഉണ്ടാക്കുന്ന വിധം : ഇവ നാലും കൂടി പച്ചവെള്ളം തളിച്ച് കുഴച്ച ചെറിയ ഉണ്ടകളാക്കി ചെറു തീയിൽ എണ്ണയിൽ ഇട്ടു പൊരിച്ചെടുക്കുക..





ബീന സന്തോഷ്

# പാഷൻ ഫ്രൂട്ട് കേക്ക്



ആൻസി ഷംനാദ്



**Step1:- പാഷൻ ഫ്രൂട്ട് സിറപ്പ്**

1 - പാഷൻ ഫ്രൂട്ട്- 6 or7 nos
2 - പഞ്ചസാര-1/2cup
3 - വെള്ളം -1/4cup

- പാഷൻ ഫ്രൂട്ട്ന്റെ ജൂസും കുരുവും അരിച്ചു വേർതിരിക്കുക.
- ഇവ മൂന്നും ഒരു പാത്രത്തിൽ എടുത്ത് അടുപ്പിൽ വെച്ചു കുറുകി
- സിറപ്പ് രൂപത്തിലാക്കി തണുക്കാന് മാറ്റിവെക്കുക

**Step 2:- കേക്ക്**

1. മൈദ -1cup
2. ബേക്കിംഗ് പൗഡർ -1tsp
3. ബേക്കിംഗ് സോഡാ -1/4tsp
4. മുട്ട - 4 nos
5. ബട്ടർ or ഓയിൽ - 2tbsp
6. വാനില എസൻസ് -1/2
7. പാഷൻ ഫ്രൂട്ട് സിറപ് -1/4cup
8. സ്ടെബെറി എസൻസ് with color -4drops
9. സ്ട്രോബറി ക്രഷ്- 6tsp ,

• മൈദ, ബേക്കിംഗ് സോഡാ, ബേക്കിംഗ് പൗഡർ എന്നിവ മൂന്നു പ്രാവിശ്യം അരിച്ചു വെക്കുക • 8 ഇഞ്ച് 2 കേക്ക് ടിന്നിൽ ഓയിൽ തേച്ചു ബട്ടർ പേപ്പർ ഇട്ട് വെക്കുക • ഒരു ബൗളിൽ മുട്ടയും പഞ്ചസാരയും ചേർത്ത് നന്നായിട്ട് ബീറ്റ് ചെയുക ഒരു ക്രീമി രൂപത്തിൽ ബീറ്റ് ചെയുക, • ഇതിലേക്കു ഓയിൽ ചേർത്ത് മിക്സ് ചെയ്യുക, • അരിച്ചു വെച്ചിരിക്കുന്ന മാവ് മിക്സ് മുട്ട മിക്സിൽ ചേർത്ത് പതുക്കെ പതുക്കെ മിക്സ് ചെയ്ത് യോചിപ്പിക്കുക • മിക്സ് ചെയ്ത് ബട്ടർ ഒരേ അള്ളവിൽ ഒരു പത്രത്തിൽ മാറ്റുക •ഒന്നിൽ എടുത്ത് വെച്ചിരിക്കുന്നു പാഷൻ ഫ്രൂട്ട് സിറപ് + വാനില എസൻസ് ചേർത്ത് മിക്സ് ചെയുക • അടുത്തതിൽ സ്ടെബെറി ക്രഷ് + സ്ടെബെറി എസൻസ് ചേർത്ത് മിക്സ് ചെയുക • രണ്ട് മിക്സും രണ്ട് ടിന്നിൽ ഒഴിച്ച് •10മിനുട്ട് അടുപ്പിൽ വെച്ചു ചുടാക്കിയ ചുവട് കട്ടിയുള്ള പത്രത്തിലെക്ക് ഒരു വളയം വെച്ച് അതിന്റെ മുകളിൽ കേക്ക് ടിൻ വെച്ചു 20 to 25 മിനിറ്റിൽ ലോ to മീഡിയം തിയിൽ ബേക്ക് ചെയുക

**Step 3 ക്രീം ബീറ്റ്**

• തണുത്ത വൈപ്പിങ് ക്രീം -1cup , •ഒരു ബൗളിൽ ക്രീം എടുത്ത് 4മിനുട്ട് ബീറ്റ് ചെയുക ശേഷം അടച്ചു ഫ്രിഡ്ജിൽ 10മിനുട്ട് വെക്കുക , ശേഷം ക്രീം frost ചെയുന്നു ടൈമിൽ 4മിനുട്ട് ബീറ്റ് ചെയുക

**Step 4 ഷുഗർ സിറാപ്**

•1/2cup പഞ്ചസാരയും അരക്കപ്പ് വെള്ളവും ചേർത്തു തിളപ്പിച്ച് തണുക്കാൻ വയ്ക്കുക

**Step5 ക്രീം ഫ്രോസ്റ്റിങ്**

•രണ്ട് കേക്കും രണ്ട് ലയർ ആയിട്ട് കട്ട് ചെയിതു വെക്കുക •കേക്ക് ബോർഡിൽ ആദ്യം സ്ലോബറി കേക്കിന്റെ ഒരു പീസ് വെക്കുക •അതിലേക്ക് ഷുഗർ സിറപ്പ് ഒഴിച്ച് വെറ്റ് ചെയ്യുക • കേക്കിന് മുകളിൽ ക്രീം സ്പ്രെഡ് ചെയ്യുക ക്രീമിന് മുകളിൽ ആയിട്ട് സ്ട്രോബറി ക്രഷ് സ്പ്രെഡ് ചെയ്യുക • ശേഷം പാഷൻ ഫ്രൂട്ട് കേക്ക് ഒരു പീസ് വെക്കുക, ഷുഗർ സിറപ്പ് ഒഴിച്ച് വെറ്റ് ചെയ്യുക. കേക്കിന് മുകളിൽ ആയിട്ട് ക്രീം സ് പ്രെഡ് ചെയ്യുക , ക്രിമിനു മുകളിൽ ആയിട്ട് പാഷൻ ഫ്രൂട്ട് സിറപ് സ്പ്രെഡ് ചെയുക • ഇങ്ങനെ ഓരോന്നായിട്ട് , 4 പീസും കേക്കും വെച്ച് ക്രീം ഫുൾ കവർ ചെയിതു നല്ല വൃത്തിയായി ക്രീം കൊണ്ട് ഫിനിഷ് ചെയിതു 10 മിനുട്ട് ഫ്രിഡ്ജിൽ വെക്കുക , •സ്റ്റാർ നോസിൾ കൊണ്ട് കേക്കിന്റെ താഴെയും മുകള്ളിലും ചെറിയ ബോർഡർ കൊടുക്കണം കേക്ക് ടോപ്പിൽ സെന്റർ ഹാഫ് സൈഡിൽ പാഷൻ ഫ്രൂട്ട് സിറപ്പും ബാക്കി സടൗബെറി ക്രഷ് ഒഴിച്ച് , ഒരു ടൂത്പിക് കൊണ്ട് ചെറിയ ഡിസൈനിങ് കൊടുക്കുക , കേക്ക് റെഡി 🎂

PALODE PRAVASI KOOTTAIMA
പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017



**ആതിര രാജേഷ്**

<u>ആവശ്യമായ സാധനങ്ങൾ</u>

പാൽ –1 കവർ *(Room Temperature)*

പഞ്ചസാര– ആവശ്യമായത്

ബട്ടർ– 3 ടേബിൾ സ്പൂൺ

വനില എസ്സൻസ്– 1/3 സ്പൂൺ

<u>ഉണ്ടാക്കുന്ന വിധം</u>

ആദ്യമായി ഒരു പാനിൽ 2 ഗ്ലാസ് പല് ഒഴിച്ച് ചെറിയ തീയിൽ ചൂടാക്കുക അതിലേക്കു ആവശ്യത്തിന് പഞ്ചസാര ചേർത്തു നന്നായി യോജിപ്പിക്കുക. 3 ടേബിൾ സ്പൂൺ ഗോതമ്പ് പൊടി മറ്റൊരു ബൗളിൽ എടുത്തു കുറച്ച് പാലും ചേർത്ത് യോജിപ്പിച്ച ശേഷം ചൂടായി കൊണ്ടിരിക്കുന്ന പാലിലേയ്ക്ക് ഒഴിച്ച് ഇളക്കി യോജിപ്പിക്കുക. 3 മിനിട്ട് നന്നായി ഇളക്കി കുറുക്കി എടുക്കുക Creamy Texture ആയതിനുശേഷം ചൂടാറാൻ വയ്ക്കുക. ഈ സമയം കൊണ്ട് 3 സ്പൂൺ ബട്ടർ മിക്സിയിൽ കുറച്ച് പഞ്ചസാരയും ചേർത്ത് മിക്സ് ചെയ്തു 10 മിനിറ്റ് ഫ്രീസറിൽ വയ്ക്കുക. ശേഷം അതു ഒന്നുകൂടെ മിക്സിയിൽ അടിച്ചു തയ്യാറാക്കി വച്ചിരിക്കുന്ന മിശ്രിതം കുറച്ച് കുറച്ച് ആയി ചേർത്ത് കൂടെ വനില എസ്സൻസും ചേർത്ത് അടിക്കുക. ഈ മിശ്രിതം ഒരു അടിപ്പുള്ള പാത്രത്തിലേക്ക് മാറ്റി മുകളിൽ ഫോയിൽ പേപ്പർ കൊണ്ട് മൂടി അടച്ച് ഫ്രീസറിൽ 3hour വയ്ക്കുക ശേഷം നമുക്ക് നല്ല Healthy & Tasty Ice Cream ലഭിക്കുന്നതാണ്.

# ഗോതമ്പ് പൊടി കൊണ്ട് ഒരു ഐസ്ക്രീം







ബീന സന്തോഷ്

## താരൻ മാറാൻ


ആദ്യം തലമുടി നന്നായി ചീകുക ശേഷം ചെറുനാരങ്ങ മുറിച്ചത് ഓരോ ലെയർ ആയി മുടിയെടുത്തു താരൻ ചീപ്പ്കൊണ്ട് ഇളക്കി മാറ്റിയതിനു ശേഷം നാരങ്ങാ നീര് തേക്കുക ശേഷം മസ്സാജ് ചെയ്യുക .പിന്നെ ചെറു ചൂടാക്കിയ വെളിച്ചെണ്ണയിൽ കർപ്പൂരം പൊടിച്ചിട്ട് വീണ്ടും മേൽപ്പറഞ്ഞ രീതിയിൽ തലയിൽ അപ്ലൈ ചെയ്യുക ശേഷം സേവക്കാപൊടി വെള്ളത്തിൽ കുഴച്ചു തലയിൽ പാക്ക് ആയി ഇടുക 30 മിനിട്ടുകൾക്ക്ശേഷം കഴുകി കളയുക . ഇങ്ങനെ ഒരു നാലു പ്രാവശ്യമെങ്കിലും മാസത്തിൽ ചെയ്താൽ താരൻ മാറിക്കിട്ടും

## മുഖത്തെ കരുവാളിപ്പ് മാറ്റാൻ

ആദ്യം സോപ്പിട്ടു മുഖം നന്നായി കഴുകുക അതിനുശേഷം രണ്ടായി വട്ടത്തിൽ മുറിച്ച  തക്കാളിയുടെ ഒരു ഭാഗം കൊണ്ട് മുഖത്തു നന്നായി മസ്സാജ് ചെയ്യുക . 5 മിനിട്ടിനു ശേഷം നനഞ്ഞ കോട്ടൺ കൊണ്ട് തുടക്കുക . അടുത്ത ഒരു ഭാഗത്തിലെ തക്കാളിയുടെ അകത്തു കുറച്ചു ഷുഗർ നിറച്ചതിനു ശേഷം വീണ്ടും മേൽപ്പറഞ്ഞ രീതിയിൽ മുഖത്തു മസ്സാജ് ചെയ്യുക എന്നിട്ട് 5 മിനിറ്റുകൾക്ക് ശേഷം തുടച്ചു കളയുക . അടുത്തതായി കുറച്ചു കടലമാവും തേനും തക്കാളി നീരും ചേർത്ത് മുഖത്തിട്ട് 5 മിനിട്ടിനു ശേഷം കഴുകിക്കളയുക



# ചിത്ര രചന









**SHAHNAZ NAVAS**

**Std :8**







# ചിത്ര രചന

ALFIYA FATHIMA








HANNA FATHIMA




SHEIK FARID - Std:3






PALODE PRAVASI KOOTTAIMA
പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017

# ചിത്രപ്പകർത്തുകൾ



ചിത്രം പകർത്തിയത്

ഷംനാദ്

സ്ഥലം : വിതുര –പൊന്മുടി

റോഡ് സൈഡിലെ കാഴ്ച



ചിത്രം പകർത്തിയത്

അൻവർഷാൻ

സ്ഥലം : കോവളം



ചിത്രം പകർത്തിയത് : ഹലീൽ

സ്ഥലം : പേപ്പാറ ഡാമ്

ചിത്രം പകർത്തിയത് : അൻവർഷാൻ

സ്ഥലം : പാലോട് കുശവൂർ



ചിത്രപ്പകർത്തുകൾ



ചിത്രം പകർത്തിയത് : ഷംനാദ് സ്ഥലം : സൗദി അറേബ്യാ




ചിത്രം പകർത്തിയത് : രാജേഷ് രാജേന്ദ്രൻ, സ്ഥലം : കന്യാകുമാരി

# ചിത്രപ്പകർത്തുകൾ



ചിത്രം പകർത്തിയത് : അരുൺ രാജ്

സ്ഥലം : മങ്കയം വെള്ളച്ചാട്ടം ബ്രൈമൂർ



ചിത്രം പകർത്തിയത് : ഹലീൽ

സ്ഥലം : ഇടുക്കി ലൂസിഫർ ചർച്ച്



ചിത്രം പകർത്തിയത് നിഷ അജിമോൻ സ്ഥലം : അയർലണ്ട്







പാലോട് പ്രവാസി കൂട്ടായ്മ
REG. NO: TVM/TC/961/2017

# ചിത്രപ്പകർത്തുകൾ

ചിത്രം പകർത്തിയത് : ഷാന്റൂസ്

സ്ഥലം : പാലോട്





ചിത്രം പകർത്തിയത് : **മണികണ്ഠൻ**

സ്ഥലം : സൗദി അറേബ്യാ

1985–ൽ ഒമാനിൽ നിന്നും പകർത്തിയത്.

ഫോട്ടോ : ഹക്കീം ഷാ

# ചിത്രപ്പകർത്തുകൾ

ലോക ഫോട്ടോഗ്രാഫി ദിനത്തിൽ പാലോട് പ്രവാസി കൂട്ടായ്മ നടത്തിയ ഫോട്ടോഗ്രാഫി മത്സരത്തിലെ ആദ്യ മൂന്ന് വിജയികളും അവരുടെ ചിത്രങ്ങളും








ഒന്നാം സ്ഥാനം – ഷാൻലാൽ– 28 points

രണ്ടാം സ്ഥാനം – സുരേഷ് സുരേന്ദ്രൻ –25 points

മൂന്നാം സ്ഥാനം – മുഹമ്മദ് വസീം –21 points




ഇന്നലെകളിലൂടെ
ഒരു തിരിഞ്ഞു നോട്ടം
ACTIONS SPEAK LOUDER THAN WORDS
പ്രവാസികൾക്കും,
നാടിനും നന്മകൾ
മാത്രം ചെയ്യാൻ
ശ്രമിക്കുന്ന ഒരു
പാലോടിയൻ യൂണിറ്റി
@ Shanoos.shan #
PALODE PRAVASI KOOTTAIMA
REG. NO: TVM/TC/961/2017
പാലോട്
പ്രവാസി
കൂട്ടായ്മ
REG. NO: TVM/TC/961/2017
Contact : +91 9447 982 565
Email : mail@palodepravasikoottaima.com
www.palodepravasikoottaima.com